# ദൈവമേ! ആത്മസ്നേഹമേ..

ഭക്തിഗാനങ്ങൾ



"Spirit of God"
P.O. Box: 736, Thrissur - 680 005
Phone : 0487 373013
E-mail : stephen_edassery@yahoo.com

# "Spirit of God" Retreat Team

Rev: Fr. JOSEPH ANTHIKKATT - (Director)

Rev: Fr. DAVIS KUTTIKKATT - (Director)

Rev: Fr. SHAJAN THERMADAM
(Trichur Diocese Carismatic, Director)

Rev: Fr. PAUL ARAKKAL

Rev: Fr. JACOB CHERAYATH
(Director, "Gadsammen" Christ Villa)

Rev: Sr. Sicy C.M.C.
(Christ Villa, Ph : 0487-332017)

Bro: VINCENT. C. L. (Rtd. DySP)
President Ph : 695957

Bro: STEPHEN EDASSERY
(Co-ordinator) Ph : 0487 - 373013)

Bro: JOY KANJIRATHINGAL Ph : 386475

Bro: VARGHESE EDASSERY Ph : 388430

Bro: PHILIP ARIMPUR
(Jesus Bhavan) Ph : 202720

Bro: BABU KELAMPARAMBIL

യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴി
നിങ്ങളെല്ലാവരും ദൈവപുത്രന്മാരാണ്.
ഗലാ. 3:26

Ajith John

Fax : 0091-487-338204
Ph : (Off) 333325, 338203
Personal : 0487 - 333541

*Mar Jacob Thoomkuzhy*

METROPOLITAN ARCHBISHOP OF TRICHUR
ARCHBISHOP'S HOUSE
TRICHUR - 680 005
KERALA - INDIA

അത്യുന്നതങ്ങളിൽ
ദൈവത്തിന് മഹത്വം
ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം
ദൈവത്തിന്റെ അനന്തമായ
സ്നേഹവും, സന്തോഷവും, സമാധാനവും
എല്ലാ ഹൃദയങ്ങളിലും നിറയട്ടെ!
ശാന്തി ദൂതരായി
സമാധാനപാലകരായി
നമുക്കൊന്നു ചേർന്ന്
ദൈവത്തെ ആരാധിക്കാം.
ദൈവമേ ആരാധന....
ദൈവം എല്ലാവരെയും
സമൃദ്ധമായി
അനുഗ്രഹിക്കട്ടെ!



നിങ്ങളുടെ പിതാവ്,
ജേക്കബ് തൂങ്കുഴി.

# പരിശുദ്ധാത്മാവിനോടുള്ള ജപം

എല്ലാറ്റിനെയും നവീകരിക്കുന്നവനും വിശുദ്ധീകരിക്കുന്നവനുമായ പരിശുദ്ധാത്മാവേ, എഴുന്നെള്ളി വരേണമെ. അവിടുന്ന് ഞങ്ങളിൽ നിറഞ്ഞുനില്ക്കുകയും അ... ത്തെ സ്നേഹത്തിന്റെ കതിരുകൾ ഞങ്ങളിൽ പര... ക യും ചെയ്യണമെ.

നിത്യവും ഞങ്ങളിൽ വസിക്കുന്നവനായ പരിശുദ്ധാത്മാവെ, അനുതാപത്തിന്റെ അരൂപി ഞങ്ങൾക്ക് തരെണമെ. പാപത്തിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും ഞങ്ങളെ അകറ്റേണമെ.

എല്ലാ വിജ്ഞാനത്തിന്റെയും, അറിവിന്റെയും ഉറവിടമായ പരിശുദ്ധാത്മാവേ, യേശുവിന്റെ പഠനങ്ങളാൽ ഞങ്ങളെ പ്രബുദ്ധരാക്കണമെ. വിശ്വാസത്തിൽ ഉറപ്പിക്കുകയും പ്രത്യാശയിൽ നടത്തുകയും ചെയ്യണമെ.

വേദനിക്കുന്നവരെ ആശ്വസിപ്പിക്കുന്നവനും, ദുഃഖിതരെ ആനന്ദിപ്പിക്കുന്നവനുമായ പരിശുദ്ധാത്മാവേ അവിടുത്തെ സമാശ്വാസത്തിന്റെ ശീതളഛായയിൽ ഞങ്ങളെ നിറുത്തേണമെ. സ്നേഹത്തിലും വിശുദ്ധിയിലും ഞങ്ങളെ വളർത്തേണമെ.

അഗതികളുടെ ആശ്രയവും വരങ്ങളുടെ ദാതാവുമായ പരിശുദ്ധാത്മാവെ, അവിടുത്തെ അനുഗ്രഹത്തിന്റെ സമൃദ്ധിയാൽ ഞങ്ങളുടെ ആത്മീയ ദാരിദ്ര്യം അകറ്റണമെ. മനസ്സിന്റെ ശൂന്യത മാറ്റി ഹൃദയം ജ്വലിപ്പിക്കണമെ.

ഞങ്ങളുടെ മദ്ധ്യസ്ഥയും മാർഗ്ഗവുമായ പരിശുദ്ധാത്മാവെ അങ്ങ് ഞങ്ങളുടെ വഴികൾ നേരെയാക്കുകയും വഴിതെറ്റിപ്പോയവരെ നേർവഴിക്ക് തിരിക്കുകയും ചെയ്യണമെ. സത്യത്തിലും നീതിയിലും ഞങ്ങളെ നടത്തണമെ.

ഐക്യത്തിന്റെ നിദാനമായ പരിശുദ്ധാത്മാവെ അകന്നുപോയവരെ അടുപ്പിക്കുകയും, ഭിന്നതകൾ അകറ്റുകയും ചെയ്യണമെ. ഞങ്ങളുടെ നെടുവീർപ്പുകളിലും വിലാപങ്ങളിലും ഞങ്ങളെ ആശ്വസിപ്പിക്കണമെ.

ഞങ്ങളുടെ തിരുരക്താഭിഷേക ധ്യാനം അങ്ങ് നയിക്കുകയും ഉദ്യമങ്ങളെ വിജയിപ്പിക്കുകയും ചെയ്യണമെ.

ആമ്മേൻ.

## ഉള്ളടക്കം


നമ്പർ

1. അറിയില്ല ദൈവമേ
2. അധരങ്ങളിൽ സ്തുതി
3. അമ്മ തൻ താരാട്ട്
4. അൾത്താരയിൽ പൂജ്യബലിവസ്തുവായിടും
5. അഭിഷേകം ചെയ്യണെ
6. അടങ്ങു! ആലയാഴികളെ ശാന്തമാകു!
7. ആത്മാവേ......പരിശുദ്ധാത്മാവേ
8. ആരാധനാ ദൈവമേ
9. ആരാധനയ്ക്കുയോഗ്യനെ നിന്നെ
10. ആരാധനയുടെ നിമിഷങ്ങളിൽ
11. ആരും കൊതിക്കും നിന്റെ സ്നേഹം
12. ആകാശം മാറും ഭൂതലവും മാറും
13. ആത്മാവുണരുന്ന നിമിഷം
14. ആഹ്ളാദത്തിൻ ദിനങ്ങൾ-ഇന്ന്
15. ആരാധനാ ബലിയർപ്പിക്കുവാനായ്
16. ആരാധനാ സ്തുതി ആരാധനാ സ്തുതി
17. ആത്മാവേ
18. ആബാ ദൈവമേ! അലിയും സ്നേഹമേ!
19. ഇടയഗീതം കേൾക്കാൻ
20. ഈശോ അണയുന്ന നിമിഷം
21. ഈശോ എഴുന്നള്ളുമീ നിമിഷം എത്ര മോഹനം
22. ഈശോ വരേണം എന്നിൽ വരേണം
23. ഈശോ നാഥാ എന്നിൽ വാവാ
24. ഈശോയെ എന്റെയുള്ളിൽ
25. ഇസ്രായേലിൻ നാഥനായി വാഴുമേക ദൈവം
26. എന്നെ നയിക്കൂ നാഥാ
27. എമ്മാനുവേൽ എമ്മാനുവേൽ
28. എന്നുടെ സ്മൃതിയിൽ തിരുവചനങ്ങൾ
29. എന്നിൽ വാഴും ആത്മനാൽ
30. എത്ര ഭാഗ്യവാൻ, ഞാനിന്നേശുവേ
31. ഒരു മനസ്സോടെ നമ്മൾ
32. ഒരിക്കലും കരയാത്ത പാപി ഞാൻ
33. ഓ ആരാധന

34. കരയുന്ന മിഴികളിൽ
35. കഴുകണമെ നാഥാ കഴുകണമെ
36. കർത്താവെത്രയോ നല്ലവനെന്ന്
37. കർത്താവെന്റെ കൂടെയുണ്ട്
38. കർത്താവേ നീയെന്റെ കൂടെയുണ്ടെങ്കിൽ
39. കാഴ്ചയണച്ചിടാം നായകനേ
40. കുമ്പിട്ട് നിന്നെ വണങ്ങുന്നു നാഥാ ഞാൻ
41. കുരുകിൽ പക്ഷിക്കൊരു
42. ക്രൂശിത രൂപനായ്..
43. കൂടുമ്പോൾ ഇമ്പമുള്ള കുടുംബം
44. കൂടെയുണ്ട് സ്നേഹമുള്ള ദൈവം
45. കരുണാമയനാം കർത്താവെന്നുടെ
46. കൃപയേകൂ, കൃപയേകൂ....
47. ജപമാല കൈകളിലേന്തി
48. ജയജയപ്രഭു യേശു-ഹൃദയേ
49. ജീവന്റെ ഉറവിടം തേടി
50. ജീവനാഥനെ, സ്നേഹസ്വരൂപനെ
51. ജീവനാം ദൈവമേ ഞാൻ
52. ജീവനാം ദൈവത്തിൻ
53. ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം
54. തിരുവോസ്തിയിൽ വാഴും
55. തിരുകരത്താൽ താങ്ങിയെന്നെ
56. തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ
57. ദിവ്യകാരുണ്യ നായകനേ
58. ദൈവാരൂപിയെ സ്നേഹജ്വാലയായ്
59. ദൈവത്തിൻ വാഗ്ദാനമാം
60. ദൈവത്തിൻ ആലയം ദേവാലയം
61. ദേവാ.........................യേശുദേവാ
62. ദൈവമേ! നീയെന്നെ നിനക്കായ് സൃഷ്ടിച്ചു
63. ദൈവസ്നേഹം വർണ്ണിച്ചിടാൻ...
64. ദൈവമേ നിൻനാമം ഇന്നിതാ ഞങ്ങൾ
65. ദൈവമേ ഞാനൊരു പാപിയാണ്
66. ദൈവമേ ആർദ്രസ്നേഹമേ
67. ദൈവമേ എന്നിൽ നിന്നും....
68. ദിവ്യകാരുണ്യ നാഥനേ വന്ദനം

69. ദൈവവചനം നിർമ്മലവചനം
70. ദൈവമേ നിൻ സ്നേഹം
71. ദേവാലയ മണിനാദം മുഴങ്ങി
72. നല്ല സമരിയക്കാരനാകണം
73. നന്മനേരും അമ്മ വിണ്ണിൻ രാജകന്യ
74. നസ്രായനായ കർത്താവേ!
75. നിന്റെ ഹൃദയം തകർന്നതെങ്കിൽ
76. നിമിഷങ്ങളേ..............
77. നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ
78. നീയെന്നെ മറന്നോ നാഥാ
79. നീയെന്റെ സങ്കേതവും
80. നിത്യജീവന്റെ ആഹാരമേ
81. നിന്നെ ത്യജിച്ചു......
82. നീതിമാൻമാരെ....
83. പരിശുദ്ധാത്മാവാം ദൈവമെ
84. പാവനാത്മാവേ, പാവനാത്മാവേ
85. പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
86. പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
87. പാപബോധവും പശ്ചാത്താപവും
88. പാടിഘോഷിക്കാം ആർത്തു പാടിടാം
89. പോകുന്നേ ഞാനും
90. പരിശുദ്ധാത്മാവ് പറന്നിറങ്ങി
91. പെന്തക്കുസ്ത നാളിൽ മുൻ മഴപെയ്യിച്ച
92. പാവനാത്മാവേ, എൻ ജീവദായകനെ
93. പരിശുദ്ധയാമെന്റെ അമ്മ
94. പ്രാർത്ഥിക്കും ഗുരുവേ
95. പ്രഭാതം പ്രഭാതം
96. ബലിയായെന്നെ നൽകാനണയാം
97. ബലിതുടങ്ങാൻ സമയമായി
98. ഭൂവാസികളെ....
99. മനസാകുമോ നാഥാ
100. മാണിക്യകല്ലായ്
101. മദ്യപാനികളേ
102. യേശു കർത്താവാണ്
103. യേശുവേ വരേണമെ
104. യേശുവിന്റെ സ്വന്തമാകുവാൻ
105. യേശുവെ നീ വരൂ
106. യേശുവേ നിൻ മുമ്പിലിതാ

107. യേശുവിന്റെ സ്വന്തമാകുവാൻ
108. യേശുവേ ഗുരോ ലോക രക്ഷകാ
109. യേശുവിൻ വാഗ്ദാനമേ
110. യേശുവല്ലാതാരുമില്ല...
111. രാജരാജനീശനായ്..
112. രക്തം യേശുവിൻ രക്തം
113. രാജാധിരാജാ ശ്രീയേശു നാഥാ
114. രക്ഷകനമ്മയാം മാതാവെ
115. വചനം വചനം തിരുവചനം
116. വരേണമേ എന്റെ ഈശോയെ
117. വാവായേശു നാഥാ
118. വചനം ദൈവവചനം
119. ശക്തി ദൈവശക്തി
120. വിശ്വാസം വേദന മാറ്റിടുന്നു
121. വിശുദ്ധിതൻ നിറകുടമെ
122. സമർപ്പണം ചെയ്യുന്നു
123. സർവ്വശക്തൻ എന്റെ ദൈവം
124. സർവ്വ പ്രപഞ്ചസൃഷ്ടാവാം
125. സ്വസ്തി നന്മ പൂരിതേ
126. സാഗരങ്ങളെ ശാന്തമാക്കിയോൻ
127. സ്വർഗ്ഗം തുറന്നു വരുന്നു
128. സമർപ്പണത്തിൻ സമയമായി
129. സ്വീകരിച്ചാലും നാഥാ...
130. സൃഷ്ടികളെ സ്തുതി പാടുവിൻ
131. സ്വർഗ്ഗവാസികളെ ഭൂവാസികളെ
132. സ്തുതി ഗീതകങ്ങൾ പാടി
133. സ്നേഹ പിറക്കുന്ന ഗേഹം
134. സ്നേഹസ്വരൂപനാമെന്നേശു
135. സാഗരസംഗീത...
136. സക്രാരി തന്നിലെന്നും
137. സുവിശേഷം.......സുവിശേഷം
138. സ്നേഹസ്വരൂപനേ ഈശോ....
139. ഹൃദയം തുറന്നിടുന്നു ഞാനെൻ
140. ക്ഷമാശീലനാമെന്നേശുവെ
141. ക്ഷമിക്കുവാനാവാത്ത നിമിഷങ്ങളെ
142. എഫാത്താ.......എഫാത്താ
143. ഉള്ളം നൊന്തു നീ തേങ്ങുമ്പോൾ

145 (A)

## 1. അറിയില്ല ദൈവമേ

അറിയില്ല ദൈവമേ എനിക്കെന്തു വേണമെന്ന്
അരുളുമോ ദൈവമേ ഞാനെന്തു വേണമെന്ന്
ഇഹലോകവാസം ഹിതകരമാക്കാൻ
പരലോകവാസം സുഖകരമാക്കാൻ
അരുളുമോ ദൈവമേ തെളിയുമോ നീ

നിബിഢാന്ധകാരത്തിൻ ഉദയാർക്കബിംബമായ്
ചിറകടിച്ചുയരുന്ന തിരുവചനം
അരുളിയ ദൈവമേ എന്നന്തരാത്മാവിൽ
തിരികൊളുത്താനിനി വൈകരുതേ (2)

ജഢികാഭിലാഷത്തിൻ തടവറ ഭേദിക്കും (2)
ഇരുതലവാളായ തിരുവചനം
വിതറിയ ദൈവമേ എന്നന്തരാത്മാവിൽ
വ്യഥയകറ്റാനിനി വൈകരുതെ (2)

## 2. അധരങ്ങളിൽ സ്തുതി

അധരങ്ങളിൽ സ്തുതി ഗീതകം
കർത്താവായ ദൈവമെ
ഹൃദയങ്ങളിൽ നവകീർത്തനം
ബലവാനായ ദൈവമെ (അധര....)
ഓശാന.........ഓശാന............... (8)

അഗ്നിമയന്മാർ അരൂപികളായൊരാ
സ്വർഗ്ഗീയ സൈന്യം പാടുന്നു
മാലാഖമാരും മഹോന്നതരും നിത്യം
അവിടുത്തേക്കേകുന്നിതാരാധന
ഓശാനാ.................ഓശാന........................

സൃഷ്ടികളൊക്കെയും ഏകസ്വരത്തിൽ
വാഴ്ത്തുന്നു നാഥാ നിൻ നാമം
അളവറ്റ നന്മകൾ ചെയ്തവനെ നിത്യം
ഭൂവാസികൾ പാടും ഓശാന
ഓശാന............ഓശാന............

## 3. അമ്മ തൻ താരാട്ട്

കൈകൂപ്പി നിൽക്കുന്നു നിൻ മുന്നിലമ്മേ
കനിവിൻ ഉറവേ, കന്യാംബികേ
ഉള്ളുകൊതിക്കുന്ന സ്നേഹം തരണേ
ആശ്വാസവാക്കുകൾ ചൊല്ലീടണേ

അരുതാത്ത തെറ്റുകൾ ചെയ്തുപോയ് ഞാൻ
ആകാത്ത കാഴ്ചകൾ ഏറെ കണ്ടു
പറയരുതാത്തവ പറഞ്ഞുപോയി
വീഞ്ഞു തീർന്നൊരു തോൽക്കൂടുമായ്

ശൂന്യതയേറിയ ജീവിതത്തിൽ
കാലങ്ങളേറെ നടന്നു നീങ്ങി
അവൻ പറയുന്നത് ചെയ്തിടാം ഞാൻ
പുതുവീഞ്ഞ് നിറച്ചെന്നെ അനുഗ്രഹിക്കൂ

## 4. അൾത്താരയിൽ പൂജ്യബലിവസ്തുവായിടും

അൾത്താരയിൽ പൂജ്യബലിവസ്തുവായിടും
അഖിലേശ്വരനെന്നും ആരാധന
ബലിവേദിമുന്നിലായ് അണിചേർന്നു നിന്നിവർ
ആത്മാവിലർപ്പിക്കും ആരാധന ഹാല്ലേലൂയാ (4)

ഉള്ളിൽ പുതുജീവനാളം തെളിച്ച്
നാവിൽ തിരുനാമമന്ത്രം ജപിച്ച്
കൈയ്യിൽ ജീവിതക്രൂശും പിടിച്ച്
കർത്താവിനെ കാത്തു നിൽക്കുന്നു ഞങ്ങൾ
ഹാല്ലേലയാ (4)

വഴിയിൽ തളർന്നിവർ വീണിടാതെന്നും
വചനം പാഥേയമായി നൽകണേ
ആരാധ്യനാഥനെ പാടിസ്തുതിക്കാൻ
നാവിൽ നവഗാനം പകർന്നിടണേ ഹാല്ലേലൂയാ (4)

NB.

## 5. അഭിഷേകം ചെയ്യണെ

അഭിഷേകം ചെയ്യണെ (2)
അനന്തകോടി നന്മയെ
അഭിഷേകം ചെയ്യണെ (2)

അനന്തമായ സ്നേഹത്താൽ
അഭിഷേകം ചെയ്യണെ (2)
അനന്തമായ ജ്ഞാനത്താൽ
അഭിഷേകം ചെയ്യണെ (2)
അനന്തമായ ശക്തിയാൽ
അഭിഷേകം ചെയ്യണെ (2)
ദൈവവചന ശക്തിയാൽ
അഭിഷേകം ചെയ്യണെ (2)
വരദാനസമൃദ്ധിയാൽ അഭിഷേകം ചെയ്യണെ (2)
രോഗശാന്തിവരങ്ങളാൽ അഭിഷേകം ചെയ്യണെ (2)
പരിശുദ്ധാത്മാ നിറവിനാൽ അഭിഷേകം ചെയ്യണെ (2)
പരമ നന്മരൂപനേ അഭിഷേകം ചെയ്യണെ (2)
(അഭിഷേകം.......)

## 6. അടങ്ങൂ! ആലയാഴികളെ ശാന്തമാകൂ!

അടങ്ങൂ! ആലയാഴികളെ ശാന്തമാകൂ! തിരമാലകളേ... (2)
കാറ്റു ശമിച്ചു നാഥന്റെ വാക്കിനാൽ
ആഴിയും മൂഴിയും ശാന്തമായി... അടങ്ങൂ...
ഇടറുന്ന പാദങ്ങൾ പതറുന്ന മാനസം
നിന്നിലർപ്പിച്ചു ഞാൻ കേണിടുന്നു (2)
യേശുവേ ദാവീതാത്മജാ.........(2)
കനിയൂ.........കനിയൂ കൃപചൊരിയൂ അടങ്ങൂ......
ആത്മാവിനന്ധത, വികലത, മൂകത
ദുഷ്ടാത്മസേനതൻ പോരാട്ടവും (2)
നീക്കിയെൻ നാഥാ ശാന്തനാകൂ ! അടങ്ങൂ...

## 7. ആത്മാവേ......പരിശുദ്ധാത്മാവേ

ആത്മാവേ.............പരിശുദ്ധാത്മാവേ
എന്നുള്ളിൽ വാഴുന്നോരാത്മാവേ
നിറയണമെ എന്നിൽ ചൊരിയണമെ
വൻകൃപമാരി ചൊരിയണമെ (ആത്മാവേ....)
ജ്ഞാന വിവേചന വരങ്ങളാൽ ദർശന
ദർശന പ്രവചന വരങ്ങളാൽ
പരിശുദ്ധാത്മാവേ
എന്നെപൂരിതനാക്കണമെ (ആത്മാവേ.........)

ക്ഷമയും ശാന്തിയനുഗ്രഹമായ്
ദൈവസ്നേഹം ചൊരിയണമെ (2)
സ്നേഹാഗ്നി ജ്വാലയായ്
എന്നിൽ കത്തിപടരണമെ (ആത്മാവേ.......)

## 8. ആരാധനാ ദൈവമേ

ആരാധനാ ദൈവമേ
ആരാധനാ യേശുവേ
ആരാധനാ ആത്മാവേ
ആരാധനാ ആരാധനാ
ഭൂസ്വർഗ്ഗങ്ങൾ വാഴും ദൈവമാരാധ്യൻ
സൃഷ്ടവസ്തുക്കൾക്കെന്നും ദൈവമാരാധ്യൻ
പാപമോചകൻ യേശു നിത്യമാരാധ്യൻ
ജീവനേകും ആത്മനെന്നും സർവ്വമാരാധ്യൻ
സർവ്വസൃഷ്ടി ജാലമേ വാഴ്ത്തുകയെന്നും
സൂര്യചന്ദ്രതാരമേ പുകഴ്ത്തുകയെന്നും
ദിവ്യകാരുണ്യമായ ദൈവപുത്രനെ
ഒന്നുചേർന്നു വാഴ്ത്തിടാം ആമോദരായ്
ദേവാ........................യേശുദേവാ
നാഥാ........................സ്നേഹനാഥാ
നീയെൻ........................പ്രാണനാഥൻ
നീയെൻ........................സ്നേഹരാജൻ

കേഴുമീ ദുഃഖിതർക്കാശ്വാസമേ
ഏഴയാം ഞങ്ങളിൽ കനിയേണമേ
ജീവന്റെ നാളമായ് വാഴേണമേ
ദേവാ....................യേശുദേവാ..............
സ്വർഗ്ഗീയ ജീവന്റെ അപ്പമേകി
സ്വർഗ്ഗീയ ശാന്തി പകരേണമേ
നിത്യമായ് ഞങ്ങളിൽ വാഴേണമേ
ദേവാ..................യേശുദേവാ............

## 9. ആരാധനയ്ക്കുയോഗ്യനെ നിന്നെ

ആരാധനയ്ക്കുയോഗ്യനെ നിന്നെ
ഞങ്ങൾ ആരാധിച്ചിടുന്നിതാ

ആഴിയും ഊഴിയും നിർമ്മിച്ച നാഥനെ
ആത്മാവിലാരാധിക്കും കർത്താവിനെ
നിത്യം സ്തുതിച്ചിടും ഞാൻ

പാപത്താൽ നിറയപ്പെട്ട എന്നെ നിന്റെ
പാണിയാൽ പിടിച്ചെടുത്തു
പാവനനിണം തന്നു പാപത്തിൻ കറപോക്കി
രക്ഷിച്ചതാൽ നിന്നെ ഞാൻ- എന്നാളും
ആത്മാവിലാരാധിക്കും

വാഗ്ദത്തം പോലെ നിന്റെ സന്നിധാനെ
നിൻ മക്കൾ കൂടിടുന്നു
മദ്ധ്യേ വന്നനുഗ്രഹം ചെയ്തിടാമെന്നരുൾ
ചെയ്തവൻ നീ മാത്രം - നിന്നെ ഞങ്ങൾ
ആത്മാവിലാരാധിക്കും

ആദിമനൂറ്റാണ്ടിൽ നിൻ ദാസർ
മാർക്കോസിൻ മാളികയിൽ
നിൻ ആവി പകർന്നപോൽ
നിൻ ദാസർ മദ്ധ്യത്തിൽ
നിൻ ശക്തി അയച്ചിടുക - നിന്നെ ഇന്ന്
ആത്മാവിൽ ആരാധിക്കും

## 10. ആരാധനയുടെ നിമിഷങ്ങളിൽ

ആരാധനയുടെ നിമിഷങ്ങളിൽ
ആത്മനാഥനെ കാണുവാൻ
ആരാധകരിവർ കാത്തിരിപ്പൂ
ആത്മനാഥനേശുവേ

ആരാധന (2) ആയിരമാരാധന
ആരാധന (2) ആത്മാവിലാരാധന

അങ്ങേ സന്നിധേ അല്പനേരം
ജീവിപ്പതോ മഹാഭാഗ്യമേ
അന്യഗൃഹത്തിലൊരായിരം നാൾ
വാഴ്വതേക്കാളെത്ര മോഹനം

ആരാധന (2) ആയിരമാരാധന
ആരാധന (2) ആത്മാവിലാരാധന

തിരുനാമമെന്നും പ്രകീർത്തിക്കാം
ജനതകൾ മദ്ധ്യേ പ്രഘോഷിക്കാം
ആകാശത്തോളം ഉയർന്നിടുന്ന
സ്തോത്രഗീതം ഏറ്റുപാടിടാം

ആരാധന (2) ആയിരമാരാധന
ആരാധന (2) ആത്മാവിലാരാധന

## 11. ആരും കൊതിക്കും നിന്റെ സ്നേഹം

ആരും കൊതിക്കും നിന്റെ സ്നേഹം
അമ്മയെപ്പോലൊമനിക്കും സ്നേഹം
കാരുണ്യത്താലെന്നെത്തേടും സ്നേഹമേ
പാരിലെന്നെ താങ്ങീടുന്ന സ്നേഹമേ
നാഥാ നിന്നെ എന്നും വാഴ്ത്തീടാം

കിന്നരവും തംബുരുവും മീട്ടിടാം
ഇമ്പമായി കീർത്തനങ്ങളേകിടാം
എന്നുമെന്നും ആനന്ദത്താൽ പാടാം
ദിവ്യനാമം പാവനം (2)

എന്നെ പേരുചൊല്ലി വിളിച്ചു നീ
നിന്റെ മാറിൽ ചേർത്തു നീ
ഉള്ളിനുള്ളിൽ വചനം പകർന്നു നീ
നിന്റെ പുണ്യ പാത തെളിച്ചു നീ
നേർവഴിയിൽ നയിച്ചു നീ
ഈശോയെ പാലകനേ (2) (കിന്നരവും.........)

നിന്നെ വിട്ടു ഞാൻ ദൂരെ പോകിലും
എന്നെ മറന്നീടില്ല നീ
പാപച്ചേറ്റിൽ വീണകന്നീടിലും
നിന്നെ തള്ളിപ്പറഞ്ഞകന്നീടിലും
എന്നെ കൈവെടിയില്ല നീ
മിശിഹായെ മഹോന്നതനേ (2) ആരും

## 12. ആകാശം മാറും ഭൂതലവും മാറും

ആകാശം മാറും ഭൂതലവും മാറും
ആദുമുതൽക്കേ മാറാതുള്ളതു തിരുവചനം മാത്രം
കാലങ്ങൾ മാറും രൂപങ്ങൾമാറും
അന്നും ഇന്നും മായാതുള്ളതു തിരുവചനം മാത്രം

വചനത്തിന്റെ വിത്തുവിതയ്ക്കാൻ പോകാം
സ്നേഹത്തിന്റെ കതിരുകൾ കൊയ്യാൻ പോകാം (2)
ഇസ്രായേലേ ഉണരുക നിങ്ങൾ
വചനം കേൾക്കാൻ ഹൃദയമൊരുക്കൂ (2)
വഴിയിൽ വീണാലോ വചനം ഫലമേകില്ല
വയലിൽ വീണാലെല്ലാം കതിരായിടും (2)
വയലേലകളിൽ കതിരുകളായി
വിള കൊയ്യാനായ് അണി ചേർന്നീടാം (2)
കാതുണ്ടായിട്ടും എന്തേ കേൾക്കുന്നില്ല
മിഴികൾ സത്യം എന്തേ കാണുന്നില്ല (2)

## 13. ആത്മാവുണരുന്ന നിമിഷം

ആത്മാവുണരുന്ന നിമിഷം
ആനന്ദദായക നിമിഷം
കണ്ണീർ തുടക്കാൻ മാറോടു ചേർക്കാൻ
ഈശോയെഴുന്നള്ളും നിമിഷം ഇത്
ആരാധനയുടെ നിമിഷം
ആരാധിച്ചിടുന്നു ഞങ്ങൾ പാടി നമിക്കുന്നു ഞങ്ങൾ (2)
നിൻ തിരുമുമ്പിൽ നിന്നിടുമ്പോൾ
നിന്റേതായ് തീർന്നിടുമ്പോൾ (2)
ദുഃഖങ്ങളില്ല ഭാരങ്ങളില്ല
പ്രത്യാശയൊന്നു മാത്രം നാഥാ
ആനന്ദപൂരിതമാത്മം (ആരാധിച്ചിടുന്നു....)
നീ തന്ന നന്മയെല്ലാം, നന്ദിയോടോർത്തിടുമ്പോൾ
സ്നേഹസ്വരൂപാ നിറയുന്നു മനസ്സിൽ
സ്നേഹത്തിൻ സ്തുതി ഗീതകം നാഥാ
ആരാധനാ സ്തോത്രഗാനം (ആരാധിച്ചിടുന്നു..)

## 14. ആഹ്ളാദത്തിൻ ദിനങ്ങൾ-ഇന്ന്

ആഹ്ളാദത്തിൻ ദിനങ്ങൾ-ഇന്ന്
ആമോദത്തിൻ ദിനങ്ങൾ
യേശു എന്റെ പേര് ചൊല്ലി വിളിച്ചു...
യേശു എന്റെ ഭവനത്തിൽ വന്നു (ആഹ്ളാദ...)

വിരുന്നൊരുക്കു ദാസന്മാരെ വേഗം വേഗം
യേശു എന്റെ ഭവനത്തിൽ വന്നു
പാട്ട് പാടി നൃത്തം ചെയ്യൂ ദാസിമാരെ..
യേശു എന്റെ ഹൃദയത്തിൽ വന്നു. (ആഹ്ളാദ...)

തിന്മയിൽ നിന്ന് ഒന്നും വേണ്ട ഒന്നും വേണ്ട എനിയ്ക്ക്
മഹത്വമോടെ അവന്റെ കൂടെ വസിച്ചിടേണം
ഇന്നെന്റെ ഭവനത്തിന് രക്ഷവന്നു
ആരാധനാ ബലിയർപ്പിക്കുവാനായ് (ആഹ്ളാദ...)

## 15. ആരാധനാ ബലിയർപ്പിക്കുവാനായ്

ആരാധനാ ബലിയർപ്പിക്കുവാനായ്
ആരാധകർ ഞങ്ങൾ അണയുന്നു
ആരാധ്യനാഥാ നിൻതിരുമുമ്പിൽ
ആരാധനാഗീതം പാടുന്നു. ആരാധനാ.....

മാലാഖമാരുടെ സംഗീതധാരയിൽ
ഒന്നായലിഞ്ഞിവർ സാമോതം
പാടാം, സതതം തിരുമുമ്പിലാദരവായ് ആരാധനാ....

അന്നുകാൽവരിയിൽ, സ്നേഹയാഗമായ്
ജീവൻ വെടിഞ്ഞവനേ
ഈ ബലിവേദിയിൽ, പുതുജീവനായ്
അണയുന്ന തിരുഭോജ്യമേ
സ്വർഗ്ഗീയ ശീതള ശാന്തിയുമായി
നിറയുന്ന കാരുണ്യമേ!
പാടാം, സതതം, തിരുമുമ്പിലാദരവായ്
ആരാധനാ......

ഈ ജീവിതത്തിൻ, വഴികാട്ടുവാൻ
തെളിയുന്ന നിറദീപമേ
സത്യവചനങ്ങളാൽ, ഈ ഹൃദയങ്ങളിൽ
സൗഖ്യം പകർന്നവനേ!
ആത്മീയ ചൈതന്യ സ്നേഹമായീ
അണയുന്ന സായൂജ്യമേ!
പാടാം സതതം തിരുമുമ്പിലാദരവായ്
ആരാധനാ.....

## 16. ആരാധനാ സ്തുതി ആരാധനാ സ്തുതി

ആരാധനാ സ്തുതി ആരാധനാ സ്തുതി
ആരാധനാ സ്തുതി ആരാധനാ
സ്വർഗ്ഗപിതാവിനു ആരാധനാ സ്തുതി
ആരാധനാ സ്തുതി ആരാധന (2)
ആരാധനാ സ്തുതി...........
യേശു മിശിഹാക്ക് ആരാധനാ സ്തുതി
ആരാധനാ സ്തുതി ആരാധനാ (2)
ആരാധനാ സ്തുതി.............
പരിശുദ്ധ റൂഹാക്ക് ആരാധനാ സ്തുതി
ആരാധനാ സ്തുതി ആരാധന (2)

## 17. ആത്മാവേ

ആത്മാവേ
പാവനാത്മാവേ
വരിക ദാസരിൽ നീ
കൃപാ മാരി തൂകി
കൃപാ മാരി തൂകി

## 19. ആബാ ദൈവമേ! അലിയും സ്നേഹമേ!

ആബാ ദൈവമേ! അലിയും സ്നേഹമേ!
ആശാ നാളമേ! അഭയം നൽകണേ!

നിന്റെ ദിവ്യരാജ്യം മന്നിടത്തിൽ വരണം
നിന്റെയുള്ളം ഭൂവിലെങ്ങും നിറയാൻ
മണ്ണും വിണ്ണും പാടും നിന്റെ പുണ്യഗീതം
പാരിടത്തിൽ ദൈവരാജ്യം പുലരാൻ
അന്നന്നുള്ള ദിവ്യഭോജ്യം
ഞങ്ങൾക്കിന്നും നൽകിടേണം
രാജനാം മഹേശനേ ആബ്ബാ............

സ്വർഗ്ഗരാജ്യസീയോനിൽ, വാനദൂതരെല്ലാരും
കീർത്തിക്കും രാജാവേ!
മന്നിടത്തിൽ മാലോകർ, ആമോദത്തോടൊന്നായി
പൂജിക്കും രാജാവേ! നിന്റെ....................

അദ്ധ്വാനിച്ചിടുന്നോനും, ഭാരം വഹിക്കുന്നോനും
ആലംബം നീയല്ലോ?
പ്രത്യാശിച്ചിടുന്നോർക്കും, നിത്യരക്ഷയേകീടും
ആനന്ദം നീയല്ലോ? നിന്റെ.........

## 19. ഇടയഗീതം കേൾക്കാൻ

ഇടയഗീതം കേൾക്കാൻ അണയു കാതുകളെ
വചനഗീതം പാടാനുണരൂ മനസുകളെ
മധുരമായ വചനമേ മഹിതമാർന്ന വചനമേ
ഇരുളിലുഴറും മർത്ത്യനെന്നും
വെണ്മയാർന്ന വചനമേ
കാത്തും സൂര്യനേക്കാൾ പ്രഭയരുളും
നിത്യശാന്തിയേകും തിരുവചനം
മിന്നും വാളിനേക്കാൾ ശക്തിയേറും
നിത്യരക്ഷ നൽകും തിരുവചനം (ഇടയ...)
തിരുമൊഴികൾ തൻ നിറവണിയാൻ
മമ്മിഴികൾ ഞാൻ തുറന്നിടാം
ഹൃദയവയലുകൾ ഒരുക്കിടാം
.........കത്തും............(ഇടയ ..)
തിരുഹിതമലിവായ് നിറവേറാൻ
പദമലരഖിലം പിൻതുടരാൻ
നാഥനു നിത്യം സാക്ഷികളാകാൻ
രക്ഷാവചനം പ്രഘോഷിക്കാൻ
........കത്തും...........(ഇടയ.........)

## 20. ഈശോ അണയുന്ന നിമിഷം

ഈശോ അണയുന്ന നിമിഷം
എന്റെ അണയുന്ന വിളക്കുകൾ തെളിയും
ഈശോ മൊഴിയുന്ന സമയം
എന്റെ അഴുകുന്ന ജീവനുയിർക്കും
വാവായെൻ ഏശുവേ മാനസത്തിൽ
പ്രാർത്ഥനയോടെ കൈകൂപ്പിടാം ഞാൻ

ഈശോ സ്പർശിക്കും നിമിഷം
സംശുദ്ധനായ് ഞാൻ തീരും
ദർശനമേകുന്ന നിമിഷം
പാപദംശനമകലുന്നു ഭാഗ്യം (ഈശോ...)

ഈശോ നൽകുന്ന ശാന്തി
ആശാദീപം തെളിക്കും
നാശത്തിലേക്കെന്റെ ഉള്ളം
വീഴാതവിടുന്ന് കാത്തിടുമല്ലോ (ഈശോ........)

## 21. ഈശോ എഴുന്നള്ളുമീ നിമിഷം എത്ര മോഹനം

ഈശോ എഴുന്നള്ളുമീ നിമിഷം എത്ര മോഹനം
ആത്മാവിൽ പൂമഴയായ്
സ്വർഗ്ഗനാഥനെന്നിലാഗതമായ്
സാഷ്ടാംഗം പ്രണമിച്ചിതാ
എന്റെ ജീവിതം തരുന്നു ഞാൻ
ആ.........ആ...........

അമ്മയെക്കാൾ സ്നേഹമേകും
ദൈവമേ എൻ സർവ്വസ്വമേ
ഏകനായ് ഞാൻ നിന്റെ മുമ്പിൽ
ദാഹമോടെ നിന്നിടുന്നു
അവിവേകിയായ് അരുതായ്മകൾ
ചെയ്തുപോയതോർക്കരുതേ
അലിവോടെ നിൻ മകനാക്കണേ
ലോകപാപം ഞാൻ വെടിയാം (ഈശോ..)

ആഴിയേക്കൾ ആഴമേറും
ശാന്തിയായ് നീ ഒഴുകി വരൂ
സൂര്യനേക്കാൾ ശോഭയേറും
ദീപമായ് നീ തെളിഞ്ഞു വരൂ
ആപത്തിലും പാപത്തിലും
ആശയേകി വന്നീടണേ
ആശ്വാസമായ് ആലംബമായ്
ആത്മതാരിൽ വാണീടണേ (ഈശോ........)

## 22. ഈശോ വരേണം എന്നിൽ വരേണം

ഈശോ വരേണം എന്നിൽ വരേണം
എന്നെ നിൻ സ്വന്തമായ് തീർത്തീടണം
മുറിവേറ്റ മനസ്സിന് സുഖമേകണം
പാപാന്ധകാരമകറ്റീടണം
സ്വർഗ്ഗീയ ദാനത്താലെന്നാത്മമിന്നു നീ
ആനന്ദ സാഗരമാക്കീടണം

ഈശോ നീ വന്നാൽ എന്നാത്മ സദനം
ആനന്ദ സാഗരമാക്കും (2)
ഉള്ളും ഉള്ളതും നൽകാം ഞാൻ (2)
ഇല്ലായ്മ പോലും നൽകാം
നാഥാ നീ വരൂ വേഗം വേഗം (ഈശോ.......)

സ്വർഗ്ഗീയദൂതർ വാഴ്ത്തി സ്തുതിക്കും
വിണ്ണിലെ രാജകുമാരാ (2)
എന്നാളും നിൻ സ്തുതി പാടാം ഞാൻ
ആത്മാർപ്പണം ചെയ്തു പാടാം
നാഥാ നീ കൃപ തൂകൂ വേഗം (ഈശോ......)

## 23. ഈശോ നാഥാ എന്നിൽ വാവാ

ഈശോ നാഥാ എന്നിൽ വാവാ
അങ്ങാണല്ലോ എന്റെ സർവ്വം
നീയില്ലെങ്കിൽ ആത്മം നഷ്ടം
സ്നേഹമില്ലെങ്കിൽ സർവ്വം ശൂന്യം
യാചനയോടെ കേഴുന്നു ഞാൻ ഈശോ..........
കല്ലായ് മാറിയ എൻ ഹൃദയം
അലിയട്ടെ നിൻ തൃക്കൈകളിൽ
ഇറ്റിനായ് വീഴുമെൻ കണ്ണീർകണം
അനുതാപത്തിന്റെ നിലവിളിയായ്
ഉയരുന്നു നാഥാ, ഈ ബലിവേദിയിൽ
അടിയന്റെ പ്രാർത്ഥന കേൾക്കുവാനായ് ഈശോ........
തന്നോമൽ പുത്രനെ, ബലിയേകിയ
ദൈവത്തിൻ കാരുണ്യം ഓർത്തിടാതെ
അകന്നു ഞാൻ ചെയ്തൊരു പാപങ്ങളെ

മാപ്പേകണമേ! തമ്പുരാനെ
നീ തന്ന ദാനമാം ഈ കൊച്ചുജീവിതം (2)
നഷ്ടമായ് പോകാതെ, സമർപ്പിച്ചിടാം (ഈശോ.........)

## 24. ഈശോയെ എന്റെയുള്ളിൽ

ഈശോയെ എന്റെയുള്ളിൽ
ഇന്നു നീ വന്നീടണേ
സ്നേഹത്തിൻ സംഗീതമായ്
എന്നും നീ വാണീടണേ (ഈശോ.........)
ക്ലേശങ്ങൾ എന്നിൽ ഏറും നാളിൽ (2)
ആശ്വാസമായെന്നിൽ തെളിഞ്ഞീടണേ (2)
ജീവിതഭാരങ്ങൾ ഏറീടുമ്പോൾ (2)
താങ്ങായ് നീ വന്നീടണേ (2) (ഈശോ.........)
നീയെന്റെയുള്ളിൽ വന്നീടുകിൽ (2)
ഞാനൊരു പുത്തൻ സൃഷ്ടയാകും (2)
തൂമഞ്ഞുപോലെ വെണ്മയേറും (2)
സ്നേഹത്തിൻ ദീപമാകും (2) (ഈശോ.........)

## 25. ഇസ്രായേലിൻ നാഥനായി വാഴുമേക ദൈവം

ഇസ്രായേലിൻ നാഥനായി വാഴുമേക ദൈവം
സത്യജീവമാർഗ്ഗമാണു ദൈവം
മർത്യനായി ഭൂമിയിൽ പിറന്നു സ്നേഹദൈവം
നിത്യജീവനേകിടുന്ന ദൈവം
ആബാപിതാവേ ദൈവമേ
അവിടുത്തെ രാജ്യം വരേണമേ
അങ്ങേ തിരുഹിതം ഭൂമിയിൽ
എന്നെന്നും നിറവേറിടേണമേ
ചെങ്കടലിൽ നീയന്ന് പാത തെളിച്ചു
മരുവിൽ മക്കൾക്ക് മന്ന പൊഴിച്ചു
എരിവെയിലിൽ മേഘത്തണലായി
ഇരുളിൽ സ്നേഹനാളമായ്
സീനായ് മാമലമുകളിൽ നീ
നീതി പ്രമാണങ്ങൾ പകർന്നേകി (ആബാ.......)

മനുജനായ് ഭൂവിൽ അവതരിച്ചു
മഹിയിൽ ജീവൻ ബലികഴിച്ചു
തിരുനിണവും ദിവ്യ ഭോജ്യവുമായ്
ഈ ഉലകത്തിൽ ജീവനായ്
വഴിയും സത്യവുമായവനേ
നിൻ തിരുനാമം വാഴ്ത്തുന്നു (ആബാ...)

## 26. എന്നെ നയിക്കൂ നാഥാ

എന്നെ നയിക്കൂ നാഥാ
അങ്ങേ നീർച്ചാലുതന്നിലായി
എന്നിൽ വസിക്കൂ നാഥാ
അങ്ങേ ശാന്തിയിൽ ജീവിക്കുവാൻ

നല്ലവനാം എൻ ദൈവമേ
നിൻ മുൻപിൽ നന്നായി ജീവിക്കുവാൻ
അമ്മയെ പോലെ താതൻ
എന്നെ മാറോടു ചേർത്തിടുന്നു

ആനന്ദം എന്നുളളിലായ്
നിത്യം തുള്ളിതുളുമ്പീടുന്നു
നല്ല.........................................
ലോക മോഹങ്ങളെ ഞാൻ
ഇന്നു വിട്ടുപേക്ഷിച്ചിടുന്നു
കഷ്ടതയേറിടുന്നു ചുറ്റും
ദുഷ്ടത തിങ്ങിടുന്നു.
(നല്ല.....................................)

## 27. എമ്മാനുവേൽ എമ്മാനുവേൽ

എമ്മാനുവേൽ, എമ്മാനുവേൽ
നിന്നോടുകൂടെ വാഴുന്നു
രാവും പകലും വാഴുന്നു
ദൈവം നിന്നിൽ വാഴുന്നു (എമ്മാനുവേൽ....)

ആകാശത്തെങ്ങും തേടേണ്ട നീ
താഴെയീ ഭൂവിലും തേടേണ്ട നീ
കനിവിൻ നാഥൻ, സ്നേഹസ്വരൂപൻ
എന്നും നിന്റെ കൂടെയുണ്ട്

ഇന്നു നിന്റെ മാനസം തുറന്നീടിൽ
എന്നുമെന്നും ഈശോ നിന്റെ കൂടെ വാഴും
(എമ്മാനുവേൽ...)

ഭൂമിയിൽ ഏകനാണെന്നോർക്കേണ്ട നീ
ദുഃഖങ്ങളോരോന്നോർത്തു കേഴേണ്ട നീ
സ്നേഹിതനായി, സാന്ത്വനമായി
ദൈവമെന്നും കൂടെയുണ്ട്
ഇന്നു നിന്റെ മാനസം നീ തുറന്നീടിൽ
എന്നുമെന്നും ഈശോ നിന്റെ കൂടെ വാഴും
(എമ്മാനുവേൽ...)

## 28. എന്നുടെ സ്മൃതിയിൽ തിരുവചനങ്ങൾ

എന്നുടെ സ്മൃതിയിൽ തിരുവചനങ്ങൾ
നിറയുമ്പോളെന്തുല്ലാസം ...ഉല്ലാസം (2)
എൻ മനോ മുകുരേ വാഴും ഈശോ
ഉള്ളപ്പോളെന്തുല്ലാസം......ഉല്ലാസം (2)
എൻ കരവല്ലിയിൽ വിടരും സ്നേഹ
ശുശ്രൂഷകളാലുല്ലാസം....ഉല്ലാസം ..എൻ മനോ...
എന്നധരത്തിൽ തേൻപോൽ മധുരം
വാണികളാലെന്തുല്ലാസം...ഉല്ലാസം ..എൻ മനോ...
എന്നുടെ കണ്ണുകൾ കാരുണ്യത്താൽ
വിടരുമ്പോളെന്തുല്ലാസം....ഉല്ലാസം ..എൻ മനോ...
യേശുവിനായ് ഞാൻ എളിയോർക്കെല്ലാം
ഏകുമ്പോളെന്തുല്ലാസം...ഉല്ലാസം ..എൻ മനോ...

## 29. എന്നിൽ വാഴും ആത്മനാൽ

എന്നിൽ വാഴും ആത്മനാൽ
വചനം ജീവസാകുവാൻ
ഹൃത്തടം തുറന്നു ഞാൻ
സ്വീകരിക്കുമീശനെ

കണ്ണിനാലെകാണണം
ചെവിയാലെ കേൾക്കണം

ബുദ്ധി സത്യമറിയണം
വചനം സൃഷ്ടി കാരണം

പൊറുക്കണം, ക്ഷമിക്കണം
സമർപ്പണങ്ങൾ ചെയ്യണം
സ്മൃതി ഭാവന ചിന്തകൾ
നിത്യം ശുദ്ധമാകണം

ആത്മനാൽ ഭരിക്കുവാൻ
യേശു കൃപയിലാകണം
നിരന്തരം ജപിക്കണം
കൃപാനന്ദ രൂപനെ.

## 30. എത്ര ഭാഗ്യവാൻ, ഞാനിന്നേശുവേ

എത്ര ഭാഗ്യവാൻ, ഞാനിന്നേശുവേ
നീയാണെൻ ഏക രക്ഷകൻ

എത്ര ഭാഗ്യവാൻ ഞാനിന്നേശുവേ
നീയാണെൻ ഏക രക്ഷകൻ
അമ്മിഞ്ഞേകി തൻ, മാറോടായ് ചേർത്ത
പെറ്റമ്മയേക്കാൾ ശ്രേഷ്ഠമായ്
കണ്ടു ഞാനിന്നണഞ്ഞു പോകാത്ത
നിന്നനന്തമാം സ്നേഹത്തെ

പാപിയാം സ്ത്രീയെ, കല്ലെറിഞ്ഞിടാൻ ] (2)
വന്നതോ നീതി പാലകർ
നീതിമാൻ പോലും, പാപിയെന്നുള്ള ] (2)
സത്യമന്നു നീ അറിയിച്ചു

(എത്ര..........)

ആപത്തുവന്നാൽ, സാപത്തായാലും ] (2)
രക്ഷിക്കും എന്റെ ദൈവമേ!
എങ്ങിനെ ഞാൻ മറന്നിടും-നിന്നെ ] (2)
കൈവെടിഞ്ഞിടും യേശുവേ!

## 31. ഒരു മനസ്സോടെ നമ്മൾ

ഒരു മനസ്സോടെ നമ്മൾ
തിരുസന്നിധാനമതിൽ

ചേരുന്ന നേരമെല്ലാം
വരും നാഥൻ വാഗ്ദത്തം പോൽ
(ഒരു മനസ്സോടെ...)

വ്യണിത ഹൃദയങ്ങളിൽ
ചെവിചായ്ച്ചു കേൾക്കുമവൻ (2)
ഏകിടും സാന്ത്വനങ്ങൾ
ആശ്വാസദായകൻ താൻ (2)
(ഒരു മനസ്സോടെ...)

കരയുന്ന കണ്ണുകളെ
കനിവോടെ കാണുമവൻ (2)
കരം നീട്ടി തുടച്ചിടുമേ
കൃപയേറും നാഥനവൻ (2) (ഒരു മനസ്സോടെ...)

## 32. ഒരിക്കലും കരയാത്ത പാപി ഞാൻ

ഒരിക്കലും കരയാത്ത പാപി ഞാൻ
പാപത്തിൻ ചേറ്റിൽ വീണവൻ ഞാൻ
കേഴുന്നു ഞാൻ അലയുന്നു ഞാൻ
സത്യത്തെ തേടിടാതെ
ഇനിയെങ്കിലും ഒന്നു കരയാൻ
ഹൃദയം നിർമ്മലമാക്കാൻ
കണ്ണുനീർ ചൊരിയാൻ നാഥാ എന്നിൽ
അനുതാപ ഹൃദയം നൽകൂ
പാറപോലുള്ളൊരു ഹൃദയം അങ്ങെ
രക്തത്താൽ മൃദുലമാക്കൂ
മൃദുലമായൊരു ഹൃദയം നൽകൂ
വേഗം നൽകൂ നാഥാ

## 33. ഓ ആരാധന

ഓ ആരാധന ദൂതന്മാർ പാടുന്നേൻ
ഓ ആരാധന മന്നിലും പാടുന്നേൻ
ഹല്ലേലുയാ ഹല്ലേലുയാ
ആത്മാവിൻ ദീപമേ
വല്ലഭനെ നിന്റെ രാജ്യം
മന്നിലും വാഴണേ (ഓ ആരാധന....)

## 34. കരയുന്ന മിഴികളിൽ

കരയുന്ന മിഴികളിൽ കണ്ണീർ തുടക്കുവാൻ
കാരുണ്യരൂപാ വരുമോ?
നീറുന്ന ഹൃദയത്തിൽ സാന്ത്വനമേകുവാൻ
ആശ്വാസ ദായകാ വരുമോ?

മാറാത്ത വ്യാധിയാൽ നീറും ശരീരത്തിൽ
സൗഖ്യം പകരുവാൻ വരുമോ?
നൈരാശ്യമേറി ഞാൻ താണടിഞ്ഞിടവേ
ആനന്ദമായി നീ വരുമോ

സ്നേഹിതർ പോലും ഇന്നെന്നെ പിരിയുമ്പോൾ
സ്നേഹിതനായ് നീ വരുമോ
മാറാത്ത സ്നേഹീതനാണ് നീ എന്നതിൽ
വിശ്വസിക്കാൻ കൃപ തരുമോ?

## 35. കഴുകണമെ നാഥാ കഴുകണമെ

കഴുകണമെ നാഥാ കഴുകണമെ
തിരുരക്തത്താലെന്നെ കഴുകണമെ
മനസ്സും ശരീരവും ആത്മാവും
കുരിശിലെ രക്തത്താൽ കഴുകണമെ

നിറക്കണമെ എന്നിൽ നിറക്കേണമെ
ജീവന്റെ തിരുരക്തം നിറക്കേണമെ
മുറിവേറ്റ കരങ്ങളാൽ താങ്ങേണമെ
മുറിവേറ്റെൻ ഹൃദയത്തെ തഴുകേണമെ

വിശുദ്ധീകരിക്കണേ തിരുരക്തത്താൽ
പരിശുദ്ധനായെന്നെ മാറ്റേണമെ
വചനത്തിൻ ശക്തിയായ് മാറ്റേണമെ
യേശുവിൻ ശക്തിയായ് തീർക്കേണമെ

## 36. കർത്താവെത്രയോ നല്ലവനെന്ന്

കർത്താവെത്രയോ നല്ലവനെന്ന്
ഞാനറിയുന്നു....കർത്താവേ!
അവികലമാം കർത്താവിൻ നിയമം
പകരും ആത്മനു പുതുജീവൻ

കർത്തൻ സാക്ഷ്യം വിശ്വസ്തം
വിജ്ഞാനം പകരും വിനീതരെ
നീതിയുക്തം കർത്തൻ കല്പന
മാനവഹൃത്തിൽ ഉന്മാദം
കർത്തൻ കല്പന ശുദ്ധം വിശുദ്ധം
പ്രകാശം പകരും കണ്ണുകളിൽ
ദൈവഭക്തി നിർമ്മലമാമത്
എന്നെന്നും നിലനിൽക്കുന്നു
കർത്താവിൻ വിധി സത്യം - സത്യം
നീതി പൂർവ്വകമാം വിധികൾ
ഞാനറിയാതെ വീഴുമ്പോൾ
ശുദ്ധീകരിക്കണെ കർത്താവേ!
ബോധപൂർവ്വം ചെയ്യും തെറ്റിൽ
ദാസരെ കാക്കണേ കർത്താവേ!
അപരാധങ്ങളിൽ നിന്നും ഞങ്ങളെ
വിമുക്തനാക്കണെ കർത്താവേ!
ഞങ്ങടെ അഭയ ശിലയും - നിത്യ
വിമോചകനായ കർത്താവേ!
ഹൃദയവികാരവിചാരം-വാക്കും
സ്വീകരിക്കണെ കർത്താവേ!

## 37. കർത്താവെന്റെ കൂടെയുണ്ട്

കർത്താവെന്റെ കൂടെയുണ്ട്
എന്നെന്നുമെന്റെ കൂടെയുണ്ട്
എപ്പോഴുമെപ്പോഴും കൂടെയുണ്ട്
ഇടറുകില്ലാ ഞാൻ, തളരുകില്ലാ ഞാൻ
പതറുകില്ലാ ഞാൻ, ഭയപ്പെടുകയില്ല ഞാൻ

കർത്താവെന്റെ അരികിലുണ്ട്
എന്നെന്നുമെന്റെ അരികിലുണ്ട്
എപ്പോഴുമെപ്പോഴുമരികിലുണ്ട്
ഇടറുകില്ലാ ഞാൻ, തളരുകില്ലാ ഞാൻ
പതറുകില്ലാ ഞാൻ, ഭയപ്പെടുകയില്ല ഞാൻ

കർത്താവെന്നെ സ്നേഹിക്കുന്നു
എന്നെന്നുമെന്നെ സ്നേഹിക്കുന്നു

എപ്പോഴുമെപ്പോഴും സ്നേഹിക്കുന്നു
ഇടറുകില്ലാ ഞാൻ, തളരുകില്ലാ ഞാൻ
പതറുകില്ലാ ഞാൻ, ഭയപ്പെടുകയില്ല ഞാൻ

## 38. കർത്താവേ നീയെന്റെ കൂടെയുണ്ടെങ്കിൽ

കർത്താവേ നീയെന്റെ കൂടെയുണ്ടെങ്കിൽ
ഞാനെന്തിനു ഭയപ്പെടേണം
ഞാനെന്തിനു ഭയപ്പെടേണം

പകൽ തീരുവോളം നിൻ ചിറകിൻ കീഴിൽ
കാത്തു പാലിച്ചതിനാൽ
പുലരും വരെ നിൻ, മടിയിൽ ചായ്ച്ച്
സുഖനിദ്ര തന്നതിനാൽ
നന്ദി ദൈവമേ നന്ദി 2

എൻ രക്തബന്ധങ്ങൾ എന്നിൽ നിന്നും
വെറുപ്പോടെ അകലുമ്പോഴും
എൻ സ്നേഹബന്ധങ്ങൾ എന്നെ നോക്കി
മുഖം മറച്ചീടുമ്പോഴും
നിസ്വാർത്ഥമാം നിൻ, ക്രൂശിലെ സ്നേഹത്തെ
ഓർക്കുമ്പോളാശ്വാസമെന്നേശുവേ ] 2
കർത്താ...........

നെടുവീർപ്പായ് വിതുമ്പിയ എൻ രോദനം
ഉയരുന്നു പ്രാർത്ഥനയായ്
മെഴുതിരിപ്പോലെ ഞാനുരുകുന്നിതാ
നാഥാ നിൻ തിരുമുമ്പിലായ്
എൻ വിലാപത്തിന്റെ കണ്ണീരിനുത്തരം
നല്കുന്ന നീയെന്റെ സർവ്വേശ്വരൻ ] 2
കർത്താ.......

## 39. കാഴ്ചയണച്ചിടാം നായകനേ

ആ.............
കാഴ്ചയണച്ചിടാം നായകനേ
കാരുണ്യ സാഗരമേ
പാപം നിറഞ്ഞിടും ഭൂമിയിൽ-നീ
ജീവനായ് വാഴേണമേ! 2
ജീവനായ് വാഴേണമേ! കാഴ്ചയ........

പൊൻകാസ തന്നിൽ ജീവന്റെ രക്തം
പാപിക്കു നൽകിയ യേശുനാഥാ                    പൊൻ............
അപ്പവും വീഞ്ഞും വാഴ്ത്തിടുവാനായ്
നീ വരേണമേ! സ്നേഹദായക
                                        കാഴ്ച..............

## 40. കുമ്പിട്ട് നിന്നെ വണങ്ങുന്നു നാഥാ ഞാൻ

കുമ്പിട്ട് നിന്നെ വണങ്ങുന്നു നാഥാ ഞാൻ
കൂനിയാം എന്നെ നീ സൗഖ്യമാക്കി
എന്നന്ത്യ കാലത്ത് നിൻ ചാരെ വന്നിടാൻ
സൗഭാഗ്യം നൽകിയ നല്ലിടയാ
                                        (കുമ്പിട്ട്...)

കൂട്ടിനും നീയുണ്ട് കൂടെയും നീയുണ്ട്
രാപ്പകലെപ്പോഴും കൂടെയുണ്ട്
ഭാഗ്യവതി എത്ര ഭാഗ്യവതി
ഇന്നോളം ഞാൻ എത്ര ഭാഗ്യവതി
                                        (കുമ്പിട്ട്...)

ദൈവമേ നിൻ കൃപാദാനത്തെയോർത്ത് ഞാൻ
പാടുന്നു നിൻ തിരുനാമമെന്നും
പാവന നാമമെന്നേശുവിൻ നാമം
പാടിടാം എന്നും നിൻ ദിവ്യ നാമം
                                        (കുമ്പിട്ട്...)

## 41. കുരുകിൽ പക്ഷിക്കൊരു

കുരുകിൽ പക്ഷിക്കൊരു സങ്കേതം
മീവൽ പക്ഷിക്കൊരു കൂടും
സൈന്യങ്ങൾ തൻ രാജാവിൻ തിരു
വാസം മോഹന ബലിപീഠം
എത്ര മനോഹരമാണെൻ നാഥൻ
വാണരുളീടും തിരുസവിധം
എൻ നാഥന്റെ സന്നിധിയിങ്കൽ
എന്തൊരു സന്തോഷം
ബാക്കാ താഴ്‌വരയിൽ കൂടെ
ഞാൻ കടന്നു പോകുമ്പോൾ

യാക്കോബിന്റെ ദൈവത്തിൻ തിരു
സന്നിധി ഞാനിതാ കാണുന്നു
സീയോനിൽ ചെന്നെത്താനുള്ളൊരു
പാത നീണ്ടു കിടക്കുന്നു.
എൻ രാജാവും ദൈവവുമായ
കർത്താവേ നിൻ അങ്കണമെ
നാഥാ നിൻ സന്നിധിയിങ്കൽ
വരുവാൻ കൊതിയല്ലോ.

## 42. ക്രൂശിത രൂപനായ്..

ക്രൂശിത രൂപനായ് സ്നേഹസ്വരൂപനായ്
മനസ്സിൽ നീ വരണെ ദേവാ
മനസ്സിൽ നീ വരണെ 2
തിരുവത്താഴത്തിൻ ദിവ്യമുഹൂർത്തമായ്
മനസ്സിൽ നീ വരണെ 2
മൃതിയെ തോല്പിച്ച് വീണ്ടുമുയർത്തെന്റെ
മനസ്സിൽ നീ വരണെ 2

## 43. കൂടുമ്പോൾ ഇമ്പമുള്ള കുടുംബം

കൂടുമ്പോൾ ഇമ്പമുള്ള കുടുംബം
കർത്താവ് നാഥനായ കുടുംബ
ഞങ്ങളുടെ കുടുംബം യേശുവിൻ കുടുംബം
ഞങ്ങളുടെ നാഥൻ യേശുനാഥൻ
പിണക്കമില്ല വാശിയുമില്ല
ക്ഷമ ഞങ്ങൾ തൻ വിജയമന്ത്രം
കൂട്ടായി പ്രവർത്തിച്ചു കൂട്ടായി സ്തുതി ചൊല്ലി
ഒന്നായ് വളരുന്നു
ഞങ്ങളുടെ കുടുംബ യേശുവിൻ കുടുംബം
ഞങ്ങളുടെ നാഥൻ യേശുനാഥൻ
ദുഃഖങ്ങൾ വന്നാൽ പങ്കുവച്ചോതി
ആശ്വാസം വരുവോളം സ്തുതി പാടും
കൂട്ടായി നിശ്ചയിച്ച് കൂട്ടായി പ്രവർത്തിച്ച്
നന്നായ് ഫലം കൊയ്തു
ഞങ്ങളുടെ കുടുംബം യേശുവിൻ കുടുംബം
ഞങ്ങളുടെ നാഥൻ യേശുനാഥൻ

## 44. കൂടെയുണ്ട് സ്നേഹമുള്ള ദൈവം

കൂടെയുണ്ട് സ്നേഹമുള്ള ദൈവം
എന്റെ ജീവിതത്തിൻ പങ്കാളിയായി
ജീവനുള്ള കാലം മുഴുവൻ
എന്റെ രക്ഷകന്റെ ദിവ്യഗീതം പാടും

ഇമ്പമുള്ള സ്നേഹം,
എന്നുമെന്നും നുകരാൻ
ഉന്നതന്റെ വഴിയെ നീങ്ങാം
എണ്ണമില്ലാ നന്മകൾ
എന്നുമെന്നും വാഴ്ത്താം
നന്ദിയോടെ ഹല്ലേലുയാ പാടാം.

കൂടെയുണ്ട്............

പച്ചയാകും പുൽതടങ്ങൾ
സ്വച്ഛമായി നൽകി പോറ്റിടും
ശുദ്ധിയേകും ദാഹജലം
നിത്യജീവനായി നൽകീടും
കൂരിരുളിൻ, താഴ്വാരത്തിൻ
എന്നുമെന്നും തോളേറ്റി താങ്ങിടും

കൂടെയുണ്ട്............

കാതലൊപ്പം ജീവിക്കുമ്പോൾ
ജീവിതത്തിൽ ശാന്തി കൈവരും
ആരും നൽകാ സ്നേഹം നൽകും
ആത്മജീവൻ നൽകി കാത്തിടും
ആനന്ദത്തിൻ മോക്ഷം നൽകി
സൗഭാഗ്യത്തിൻ തീരത്തു ചേർത്തിടും.

## 45. കരുണാമയനാം കർത്താവെന്നുടെ

കരുണാമയനാം കർത്താവെന്നുടെ
തണലും തുണയും പരിചയുമെ
ആശ്രയമരുളും ഗിരിനിരയിൽ
ആകുലമകലും തിരുദയയിൽ
നീയാണെൻ ദൈവം

ഉന്നതനാം യാഹേലിൻ
സന്നിധിയെൻ അഭയം
ഇളമാൻ പേടകൾ നീർച്ചോലകളിൽ
ദാഹം തീർക്കാൻ അണയുമ്പോൾ
നിൻ തിരുസവിതം ചേരാനായ്
എന്നാത്മാവ് കൊതിക്കുന്നു
നീയാണെൻ ദൈവം
രാവു പകലും തിരസന്നിധിയിൽ
അപധാനങ്ങൾ പാടീടും
കിന്നരവീണകൾ മീട്ടി ഞാൻ
കീർത്തനമെന്നും ഉയർത്തും ഞാൻ
നീയാണെൻ ദൈവം.

## 46. കൃപയേകു, കൃപയേകു....

കൃപയേകു, കൃപയേകു, കൃപയേകു യേശുവേ (2)
സ്നേഹിക്കാൻ സ്നേഹത്തിൻ വരമേകു യേശുവേ (2)
കൃപയേകു, കൃപയേകു, കൃപയേകു യേശുവേ
ജ്ഞാനത്തിൻ വരമേകി കൃപയേകു യേശുവേ (2)
സൗഖ്യത്തിൽ വരമേകി കൃപയേകു യേശുവേ (2)

## 47. ജപമാല കൈകളിലേന്തി

ജപമാല കൈകളിലേന്തി
അണിചേർന്നു ഞങ്ങൾ വരുന്നു
നന്മനിറഞ്ഞവൾക്കെന്നും സ്വസ്തി
അധരങ്ങൾ ആലപിക്കുന്നു
അമ്മേ എന്റെ ആശ്രയമേ
എന്റെ അമ്മേ ആശ്രയമേ (ജപമാല......)
ഹൃദയത്തിൽ ദൈവത്തിൽ വചനം
സംഗ്രഹിച്ചവളെന്നും ധന്യ
വചനത്തെ മാംസം ധരിക്കാൻ
സമർപ്പണം ചെയ്തവൾ വന്ദ്യ (2)
പരിശുദ്ധ അമ്മേ മരിയേ
പാപികൾ മക്കൾ വിളിപ്പു
ഇപ്പോഴും മരണനേരത്തും
പ്രാർത്ഥിച്ചിടേണെ ഞങ്ങൾക്കായ് (അമ്മേ..) (ജപമാല.....)

## 48. ജയജയപ്രഭു യേശു-ഹൃദയേ

ജയജയപ്രഭു യേശു-ഹൃദയേ
ജയജയപ്രഭു യേശു
പുനരുത്ഥാനം ജീവനുമാകും
ജയജയപ്രഭു യേശു 2

പിതൃകൃപയാൽ വചനം
ധരയിൽ കന്യകമറിയത്തിൽ
തിരുഅവതാരം ചെയ്ത മഹാത്ഭുതം
ജയജയപ്രഭുയേശു 2

പാപവിമോചകനായ്
ബലിയായ് കാൽവരി ഗിരി ശൃംഗേ
ഏകി രക്ഷനിരാമയൻ ലോകേ
ജയജയപ്രഭ യേശു 2

ഉൽടക്കണ്ഠാകുലരായ്
കഴിയും മാനവഹൃദയത്തിൽ
ഭാവന, സ്മരണാദികര്യാൽ തവ
കൃപയാൽ അഭിഷേകം പകരൂ
ആത്മസ്വരൂപ ജയ

## 49. ജീവന്റെ ഉറവിടം തേടി

ആ.............
ജീവന്റെ ഉറവിടം തേടി
ദേവാലയത്തിൽ അണയുന്നു
ദൈവകുമാരനെ പൂജിക്കുവാൻ
നാഥാ നിൻ സവിധേ ചേർന്നീടുന്നു
അണയാം അൾത്താര ചുറ്റും ഞങ്ങൾ
വാഴ്ത്താം നിൻ സ്തുതി കീർത്തനങ്ങൾ
ജീവന്റെ...................

അവസാന അത്താഴനാളിൽ - അർപ്പിച്ച
ആ ജീവനിന്നും ഈ ബലിയിൽ
കാസയിൽ തിരുരക്തം അപ്പമായ് ജീവൻ
വാഴ്ത്തും ലോക നന്മക്കായ്
ജീവന്റെ.................

മരുഭൂമിയായ് തീർന്ന ഈ ഭൂമിയെ
മരുപ്പച്ചയാക്കിയ ജഗദീശ്വര
ഹൃദയം ജ്വലിക്കുമ്പോൾ
മനസ്സിൽ നീ മാത്രം
നൽകൂ നാഥാ കാരുണ്യം

## 50. ജീവനാഥനെ, സ്നേഹസ്വരൂപനെ

ജീവനാഥനെ, സ്നേഹസ്വരൂപനെ
ജീവവാക്യമെന്നിൽ നിറയ്ക്കണേ
ജീവവൃക്ഷമായി വളരുവാൻ
ധീരനായി എന്നെ അയക്കേണേ (ജീവനാഥനെ.)
ഉഴവറിഞ്ഞ കർഷകൻ
നിലമുഴുതുതൊരുക്കുവാൻ
അകമറിയും നാദത്താൽ
അതിലുമേകുമാനന്തം.............ഉഴവറി............
ആത്മനീരൊഴുക്കി ഞാൻ
നന്മയിൽ കതിരുകൾ
ആത്മഫലമായേകിടാൻ
വരുവിൻ നയിക്കുക യേശുവേ (ആത്മ........)
(ജീവനാഥനെ.)

തണലുതേടും മർത്യന്
തളിരൊരുക്കും വൃക്ഷമായ്
തണലൊരുക്കി നൽകുവാൻ
തരണമെന്നിലുറവയെ...തണ...

ദാരു തീർക്കും സ്നേഹത്തിൻ
താഴ്മയിൽ ഭാവങ്ങൾ
കളമറിഞ്ഞു വിതച്ചിടാൻ
മനമൊരുക്കാൻ ഏശുവേ...ദാരു... (ജീവനാഥനെ.)

## 51. ജീവനാം ദൈവമേ ഞാൻ

ജീവനാം ദൈവമേ ഞാൻ നമിച്ചിടുന്നു
ശക്തിയാം ദൈവമേ ഞാൻ സ്തുതിച്ചിടുന്നു
രക്ഷയാം ദൈവമേ ഞാൻ പുകഴ്ത്തിടുന്നു
സ്നേഹമാം ദൈവമേ ഞാൻ ആരാധിക്കുന്നു

ജീവനാം യേശുവെ ഞാൻ നമിച്ചിടുന്നു
ശക്തിയാം യേശുവെ ഞാൻ സ്തുതിച്ചിടുന്നു
രക്ഷയാം യേശുവെ ഞാൻ പുകഴ്ത്തിടുന്നു
സ്നേഹമാം യേശുവെ ഞാൻ ആരാധിക്കുന്നു

ജീവനാം ആത്മനേ ഞാൻ നമിച്ചിടുന്നു
ശക്തിയാം ആത്മനേ ഞാൻ സ്തുതിച്ചിടുന്നു
രക്ഷയാം ആത്മനേ ഞാൻ പുകഴ്ത്തിടുന്നു
സ്നേഹമാം ആത്മനേ ഞാൻ ആരാധിക്കുന്നു

## 52. ജീവനാം ദൈവത്തിൻ

ജീവനാം ദൈവത്തിൻ
ആത്മാവേ വരേണമെ
നിത്യനാം ദൈവത്തിൻ
ആത്മാവേ വരേണമെ
പുതുതായ് എന്നിൽ വരേണമെ
കൃപയായ് എന്നിൽ വരേണമെ
സ്നേഹത്തിൻ ആത്മാവേ
സ്നേഹം ചൊരിയേണമെ
ശാന്തിതൻ ആത്മാവേ
രോഗശാന്തി നൽകേണമെ
ജീവന്റെ ആത്മാവേ
നവജീവൻ പകരണമെ
ദുഃഖങ്ങൾക്കറുതി വരുത്തും - നാഥൻ
രോഗങ്ങൾ പാടെ നീക്കും
തകർച്ചകൾ പാടെയകറ്റും നമ്മുടെ
രോദനങ്ങളെല്ലാം തീർക്കും
സാത്താന്റെ തന്ത്രങ്ങൾ
തകർത്തീടുന്നവൻ
ബന്ധനമെല്ലാം നീക്കും
വചനത്താൽ നിർമ്മലരാക്കും - നമ്മെ
വിശുദ്ധരാക്കി തീർക്കും

## 53. ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം

ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം
ഞാൻ നിന്നെ രക്ഷിച്ച ദൈവം

ഞാൻ നിന്റെ പാതയിൽ എന്നും വെളിച്ചമായ്
നിന്നെ നയിക്കുന്ന ദൈവം
ഭയപ്പെടേണ്ട മകനേ മകളേ
ഞാൻ നിന്റെ ദൈവമല്ലേ
കരയരുതേ ഇനിയെൻ കൺമണിയേ
ഞാൻ നിന്റെ കൂടെയില്ലേ
ഞാൻ നിന്നെ സ്നേഹിക്കും ദൈവം
ഞാൻ നിന്നെ പാലിക്കും ദൈവം
ഞാൻ നിന്റെ മുറിവുകൾ സൗഖ്യപ്പെടുത്തും
സുരജീവദായകൻ ദൈവം
ഞാൻ നിന്നെ ലാളിക്കും ദൈവം
ഞാൻ നിന്നെ ശാസിക്കും ദൈവം
ഞാൻ നിന്റെ കണ്ണീർ തുടച്ചെന്നും നിന്നെ
ആശ്വസിപ്പിച്ചീടും ദൈവം

## 54. തിരുവോസ്തിയിൽ വാഴും

തിരുവോസ്തിയിൽ വാഴും ഈശോ
തിരുമുമ്പിൽ അണയുന്നു ഞങ്ങൾ
ഉരുകുന്ന ഹൃദയത്തിൻ നൊമ്പരങ്ങൾ
കരതാരിലേകുന്നു ഞങ്ങൾ
നീ വന്നു ശാന്തിയേകു
നീ വന്നു സൗഖ്യമേകു
നീ വന്നു ജീവനേകു
ഞങ്ങളിൽ വാസമാക്കൂ...... (2)
ദുരിതങ്ങൾ ഏറിടുമ്പോൾ
മുറിവേറ്റു തളർന്നിടുമ്പോൾ
മാനസം കേണിടുമ്പോൾ - നാഥാ
താങ്ങി തലോടണമെ ...........
നീ വന്നു ശാന്തി...............

കറയേററ പാവങ്ങളാം
ഹൃദയം വിതുമ്പിടുമ്പോൾ (2)
തിരുനിണം ചൊരിയണമെ - നാഥാ
പരിശുദ്ധി നൽകണമെ
നീ വന്നു ശാന്തി................

## 55. തിരുകരത്താൽ താങ്ങിയെന്നെ

തിരുകരത്താൽ താങ്ങിയെന്നെ
തിരുരക്തത്താൽ കഴുകണമെ
പെരുമഴപോൽ പെയ്യട്ടെ
യേശുവിൻ രക്തം (2) യേശുവിൻ തിരുരക്തം

പാപമെല്ലാം നീങ്ങിടട്ടെ
ശാപമെല്ലാം മാറിടട്ടെ
തിരുരക്തത്താൽ കഴുകണമെ

രോഗമെല്ലാം മാറിടട്ടെ
കഷ്ടമെല്ലാം നീങ്ങിടട്ടെ
തിരുമുറിവിൽ സുഖപ്പെടട്ടെ

കോപമെല്ലാം മാറിടട്ടെ
തിന്മയെല്ലാം നീങ്ങിടട്ടെ
ദൈവസ്നേഹത്താൽ നിറഞ്ഞിടട്ടെ

## 56. തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ

തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ
നാവെനിക്കെന്തിനു നാഥാ
അപദാനമെപ്പോഴും ആലപിച്ചില്ലെങ്കിൽ
അധരങ്ങളെന്തിനു നാഥാ
ഈ ജീവിതമെന്തിനു നാഥാ (തിരുനാ........)

പുലരിയിൽ ഭൂപാളം പാടിയുണർത്തുന്ന
കിളികളോടൊന്നു ചേർന്നാർത്തു പാടാം
പുഴയുടെ സംഗീതം ചിറകേറ്റിയെത്തുന്ന
കുളിർക്കാറ്റിലലിഞ്ഞു ഞാൻ പാടാം
(തിരുനാമ.......)

അകലെയാകാശത്ത് വിരിയുന്ന താരതൻ
മിഴികളിൽ നോക്കി ഞാനുയർന്നു പാടാം
വാനമേഘങ്ങളിൽ ഒടുവിൽ നീയെത്തുമ്പോൾ
മാലാഖമാരൊത്തു പാടാം (2) (തിരുനാമ........)

## 57. ദിവ്യകാരുണ്യ നായകനേ

ദിവ്യകാരുണ്യ നായകനേ
വരു എന്നുള്ളം കാത്തിരിപ്പൂ
പൊൻ തൂമന്ദഹാസവുമായ്
വിണ്ണിൻ വാതിൽ തുറന്നുവരൂ (2)
കുമ്പിടുന്നു ഞങ്ങളിതാ
ദിവ്യനായകസവിധേ (2)

എന്റെ ആത്മത്തിൻ ഇല്ലായ്മയും
എന്റെ അകതാരിൻ വല്ലായ്മയും (2)
സർവ്വമേശുവേ മറന്നെന്നിൽ വാഴാൻ
നിന്നാഗമം എന്തു ഭാഗ്യമേ (2)
(കുമ്പിടുന്നു..)

എന്റെ വിശ്വാസധാരയിങ്കൽ
ആ പ്രത്യാശ നീ മാത്രമേ (2)
അമ്മേ അംബികേ വരികെന്റെ ചാരെ
എൻഹൃത്തടം വെണ്മയാക്കിടാൻ (കുമ്പിടുന്നു...)

## 58. ദൈവാരൂപിയെ സ്നേഹജ്വാലയായ്

ദൈവാരൂപിയെ സ്നേഹജ്വാലയായ്
സ്വർഗ്ഗത്തിൽ നിന്നു നീ വരൂ
അഗ്നിനാളമായ് നവ്യജീവനായ്
ഞങ്ങളിൽ വന്നു വാണിടൂ

ശ്ലീഹാന്മാരിൽ നിറഞ്ഞപോൽ
ശക്തിയേകി നയിക്കണേ(2)

ശാന്തിയേകുന്ന ദിവ്യസന്ദേശം
മാനസാന്തരമാർഗ്ഗമായ് (2)
യേശുവേക വിമോചകൻ എന്ന്
വിശ്വമാകെ ഉദ്ഘോഷിക്കാൻ (2)

അദ്ഭുതങ്ങളും രോഗശാന്തിയും
യേശുവിൻ തിരുനാമത്തിൽ (2)
സാദ്ധ്യമായെന്നും ഈ സമൂഹത്തിൽ
ദൈവരാജ്യം വളർന്നീടാൻ (2)

## 59. ദൈവത്തിൻ വാഗ്ദാനമാം

ദൈവത്തിൻ വാഗ്ദാനമാം
പാവനാത്മാവേ വരൂ
ആശ്വാസദായകനെ ആമോദമേകാൻ വരൂ
നിത്യവും കൂടെയിരിക്കും
സത്യത്തിൻ ആത്മാവു നീയെ
എന്നിൽ നിറഞ്ഞു എന്നും വസിക്കാൻ
ഉന്നതദാനമേ വാ (ദൈവത്തിൻ...)
ദാനങ്ങളാലെ നിറയ്ക്കൂ
നൽവരം നൽകി നയിക്കൂ
പാരിടമെങ്ങും സാക്ഷ്യവുമേകാൻ
പാവനാരൂപിയെ വാ (ദൈവത്തിൻ.......)

## 60. ദൈവത്തിൻ ആലയം ദേവാലയം

ദൈവത്തിൻ ആലയം ദേവാലയം
ദൈവത്തിൻ ആലയം പരിശുദ്ധം
ദൈവത്തിൻ ആലയം ഞാനല്ലോ
ദൈവത്തിൻ ഭവനം ഞാനല്ലോ
പിതാവെന്നിൽ വാഴുന്നു
യേശു എന്നിൽ വാഴുന്നു
ആത്മാവെന്നിൽ വാഴുന്നു
ഹല്ലേല്ലുയ
എൻ ശരീരം യേശുവിൻ ശരീരം
എൻ ശരീരം തിരുശരീരം
യേശുവിൻ തിരുരക്തത്താൽ വാങ്ങപ്പെട്ടവൻ ഞാൻ
യേശുവിൻ കരത്താൽ മെനയപ്പെട്ടവൻ ഞാൻ
എന്നിൽ വസിപ്പിവൻ പരിശുദ്ധനെങ്കിൽ
ഞാനും പരിശുദ്ധനായിടേണം
ദൈവത്തിൻ ആലയം അശുദ്ധമാക്കരുതേ
വിശുദ്ധിയല്ലാതെ ദൈവത്തെ കാണില്ല.

## 61. ദേവാ........................യേശുദേവാ

ദേവാ........................യേശുദേവാ
നാഥാ......................സ്നേഹനാഥാ

നീയെൻ.......................പ്രാണനാഥൻ
നീയെൻ.......................സ്നേഹരാജൻ

കേഴുമീ ദുഃഖിതർക്കാശ്വാസമേ!
ഏഴയാം ഞങ്ങളിൽ കനിയേണമേ
ജീവന്റെ നാളമായ് വാഴേണമേ
ദേവാ.....................യേശുദേവാ..............
സ്വർഗ്ഗീയ ജീവന്റെ അപ്പമേകി
സ്വർഗ്ഗീയ ശാന്തി പകരേണമേ
നിത്യമായ് ഞങ്ങളിൽ വാഴേണമേ
ദേവാ.................യേശുദേവാ............

## 62. ദൈവമേ! നീയെന്നെ നിനക്കായ് സൃഷ്ടിച്ചു

ദൈവമേ! നീയെന്നെ നിനക്കായ് സൃഷ്ടിച്ചു
നിന്നിൽ മാത്രം ഞാൻ സംതൃപ്തി കണ്ടെത്തും
യേശുവേ!..................
സ്നേഹമേ!......................
വചനമേ!..............................

## 63. ദൈവസ്നേഹം വർണ്ണിച്ചിടാൻ...

ദൈവസ്നേഹം വർണ്ണിച്ചിടാൻ വാക്കുകൾ പോരാ
നന്ദിചൊല്ലി തീർക്കുവാനീ ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ
രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും - മതിവരുമോ (ദൈവ....)

സ്വന്തമായൊന്നുമില്ല - സർവ്വതും നിൻദാനം
സ്വസ്ഥമായ് ഉറങ്ങിടാം - സമ്പത്തിൽ മയങ്ങാതെ
മന്നിൽ സൗഭാഗ്യം നേടാനായാലും
ആത്മംനഷ്ടമായാൽ - ഫലമെവിടെ? (ദൈവ....)

സ്വപ്നങ്ങൾ പൊലിഞ്ഞാലും ദുഃഖത്താൽ വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും ശത്രുക്കൾ നിരന്നാലും
രക്ഷാകവചം നീ മാറാതെന്നാളും
അങ്ങെൻ മുമ്പേ പോയാൽ ഭയമെവിടെ (ദൈവ....)

## 64. ദൈവമേ നിൻനാമം ഇന്നിതാ ഞങ്ങൾ

ദൈവമേ നിൻനാമം ഇന്നിതാ ഞങ്ങൾ (2)
വാഴ്ത്തി പാടിടുന്നു നിന്നിൽ ആശ്രയം തേടിടുന്നു
ചൊരിയൂ ചൊരിയൂ നിൻ കൃപാവരങ്ങൾ (2)
ചൊരിയൂ നാഥാ നിൻ വരദാനങ്ങൾ
(വചനം)

യേശുവേ നാഥാ ജീവന്റെ നാഥാ
നീ എന്നിൽ വന്നിടണേ എന്റെ
സ്നേഹിതനായിടണേ
ചൊരിയൂ ചൊരിയൂ നിൻ കൃപാവരങ്ങൾ
ചൊരിയൂ നാഥാ നിൻവരദാനങ്ങൾ (2)
(വചനം)

പാവനാത്മാവേ ദൈവത്തിൻ ശക്തിയേ
നീ എന്നിൽ വന്നിടണേ എന്റെ
സ്നേഹിതനായിടണേ
ചൊരിയൂ ചൊരിയൂ നിൻ കൃപാവരങ്ങൾ
ചൊരിയൂ നാഥാ നിൻ വരദാനങ്ങൾ
(വചനം)

## 65. ദൈവമേ ഞാനൊരു പാപിയാണ്

ദൈവമേ ഞാനൊരു പാപിയാണ്
കോപത്താൽ ഞാനൊരു ദ്രോഹിയാണ്
സ്വന്തവും ബന്ധവും ഒന്നുമില്ല-എന്റെ
സ്വന്തക്കാർ എല്ലാരും അന്യരായി (ദൈവമേ....)

കരഞ്ഞ് കരഞ്ഞ് തീരാത്ത എൻ ദുഃഖം
ദൈവമേ നിന്നോടൊന്ന് ഏറ്റ് ചൊല്ലാം
ഒരു ധൂർത്ത പുത്രനായ് ജീവിച്ചനാൾ മുതൽ
എൻ ജീവിതമെല്ലാം നഷ്ടമായി (ദൈവമേ....)

എല്ലാം തകർന്ന എൻ ജീവിതം നാഥാ
നിനക്കായ് ഞാൻ ഇന്ന് നൽകിടുന്നു
സ്വീകരിക്കൂ നാഥാ സ്വീകരിക്കൂ - ഈ
ദാസന് മാപ്പേകി സ്വീകരിക്കൂ (ദൈവമേ....)

## 66. ദൈവമേ ആർദ്രസ്നേഹമേ

പൂഴിയിൽ നിന്നും ദൈവം
മകനേ നിന്നെ സൃഷ്ടിച്ചു
പൂഴിയായ് തീരുന്ന മർത്ത്യാ
നിൻ വിലയെന്തെന്നറിഞ്ഞീടുക

ഊഴിയിൽ നിൻ ദേഹം ദഹിച്ചിടുമ്പോൾ
നിൻദേഹി സ്വർഗ്ഗത്തിൽ ചേർന്നിടുമോ
ലോകത്തെ പൂർണ്ണമായ് നേടിയാലും
നിന്നാത്മം നഷ്ടമായ് തീർന്നിടുമോ

ആകാശ വെൺമേഘതേരിൽ നാഥൻ
നിന്നെ വിധിക്കാനായ് അണഞ്ഞീടുമ്പോൾ
നിൻപ്രാണനെ ഒരുക്കീടുമോ
സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനായ്

## 67. ദൈവമേ എന്നിൽ നിന്നും....

ദൈവമേ എന്നിൽ നിന്നും മുഖം മറയ്ക്കരുതേ
ദൈവമേ എന്നിൽ നിന്നും അകന്നിരിക്കരുതേ
ഒരുനാളും (2) നീ അകന്നിരിക്കരുതെ

എൻ ഹൃദയം പുല്ലുപോൽ വാടിക്കരിഞ്ഞുപോയ്
എൻദിനങ്ങൾ പുകപോലെ കടന്നുപോയി
എൻ അസ്ഥികൾ തീക്കനൽപോലെ എരിഞ്ഞിടുന്നു
എൻകഷ്ടത തൻ ദിനത്തിൽ മുഖം മറക്കരുതേ

ദൈവമേ എന്നിൽ നിന്നും മുഖം മറക്കരുതേ
ദൈവമേ എന്നിൽ നിന്നും അകന്നിരിക്കരുതേ
മരുഭൂവിൽ വേഴാമ്പൽ പക്ഷി പോലെയും ഞാൻ
വിജനപ്രദേശത്തെ മൂങ്ങപോലെയും

ഏകാകിയായ മീവൽ പക്ഷിപോലെ
എൻ ജീവിത സായാഹ്നവും കടന്നുപോയി
(ദൈവമേ...)

## 68. ദിവ്യകാരുണ്യ നാഥനേ വന്ദനം

ദിവ്യകാരുണ്യ നാഥനേ വന്ദനം
തിരുവോസ്തി രൂപനാം യേശുവേ വന്ദനം (2)

വന്ദനം വന്ദനം വന്ദനം യേശുവേ!
വന്ദനം വന്ദനം വന്ദനം യേശുവേ!

## 69. ദൈവവചനം നിർമ്മലവചനം

ദൈവവചനം നിർമ്മല വചനം
ശാശ്വത വചനം തിരുവചനം
സാന്ത്വനമേകുന്ന ശക്തീകരിക്കുന്ന
സാക്ഷാത്കരിക്കുന്ന വചനം
സുവിശേഷവചനം (ദൈവ....)
വചനത്തിൻ ശീതളഛായയിൽ
വളരുന്ന മനസിൽ യേശു വസിക്കും
അതുവാടികരിയാൻ ഇടനല്കുകില്ല
ഈ ലോകമൊഴിഞ്ഞു പോയാലും.

## 70. ദൈവമേ നിൻ സ്നേഹം

ദൈവമേ നിൻ സ്നേഹം
ക്രൂശിൽ തന്ന ദാനമായ്
നന്ദിയോടെ ഓർക്കുന്നു - ഞാൻ
എന്നെ തന്നെ ഏകുന്നു
ദൈവമേ എൻപാപം
ഏറ്റെടുത്ത നാഥനെ - നിൻ
ക്രൂശോടൊന്നു ചേർന്നീടാൻ
ഞാൻ കണ്ണീരോടെ കേഴുന്നു

നിന്ദനമേറ്റു നീ, ബന്ധിതനായി
മുൾമുടി ചൂടുമ്പോഴും
ചാട്ടയടിയേറ്റ് ഉതിരും മാംസം
കൺമുന്നിൽ ചിതറുമ്പോഴും
പരിഭവമില്ലാത്ത മനസ്സിന്റെ തേങ്ങലിൽ
പിടയുന്ന ജീവന്റെ ആത്മനൊമ്പരം
പ്രാർത്ഥനയായുയർന്നു ദൈവമേ.............

നന്മയറിഞ്ഞാലും തിന്മയെൻ ബന്ധുവായ്
ശത്രുതയാൽ നീങ്ങുമ്പോൾ

പാപിയാമെന്നെ, വീണ്ടെടുപ്പാനായ്
യാഗമായ് നീ ബലിയായ്
ഇത്രയഗാധമായ് സ്നേഹിക്കും ദൈവമേ
തിരുഹിതമറിഞ്ഞാലും വെടിയുന്ന നന്മകൾ
എന്നേശുതമ്പുരാനേ ദൈവമേ........

## 71. ദേവാലയ മണിനാദം മുഴങ്ങി

ദേവാലയ മണിനാദം മുഴങ്ങി
മാനവർ എല്ലാരും ഒന്ന് ചേർന്ന്
അൾത്താരയിൽ ഈ ബലിവേദിയിൽ
നാഥനെ വാഴ്ത്തി സ്തുതിച്ചിടുന്നു.
(ദേവാലയ...)

സത്യവചനത്തിൻ കൂദാശയിൽ
അപ്പവും വീഞ്ഞും കാഴ്ചയായി
പുഷ്പങ്ങളാലും ദീപങ്ങളാലും
അൾത്താരവേദി ഒരുങ്ങിനിന്നു.
(ദേവാലയ...)

സക്രാരിയിൽ വാഴും ഈശോ നാഥാ...
സ്വീകരിക്കൂ ഈ കാഴ്ചയെല്ലാം
പാവനമാം ബലി വേദിയിൽ ഞങ്ങൾ
സമർപ്പിക്കുന്നു ഈ കാഴ്ചയെല്ലാം..
(ദേവാലയ...)

## 72. നല്ല സമരിയക്കാരനാകണം

നല്ല സമരിയക്കാരനാകണം
നല്ലസമരിയക്കാരനാകണം
ജാതിമതഭേദമെന്യേ
നാടു നീളെ നന്മ ചെയ്തു
യേശുവിനായ് സാക്ഷ്യമേകുവാൻ
നല്ല സമരിയക്കാരനാകണം (നല്ല..........)

പാപിയെന്നും, പാവമെന്നും
രോഗിയെന്നും നിർദ്ദനരെന്നും
ദൈവമുമ്പിൽ സമന്മാരല്ലോ - എല്ലാവർക്കും

സൗഖ്യം നൽകും യേശുവാണല്ലോ
ജയം ഹല്ലേലുയ - ജയം ഹല്ലേലുയ
രോഗസൗഖ്യം നൽകും യേശുനാഥന്
പാപമുക്തി നൽകും യേശുനാഥന് (നല്ല.....)
ബന്ധിതർക്ക് മോചനവും
അന്ധന്മാർക്ക് കാഴ്ചയും നൽകി
മർദ്ദിതരേ സ്വതന്ത്രരാക്കുന്നോൻ - എല്ലാവർക്കും
രക്ഷയേകും നാഥനാണല്ലോ
ജയം ഹല്ലേലുയ - ജയം ഹല്ലേലുയ
ആത്മരക്ഷ നല്കും യേശുനാഥന്
ജീവരക്ഷനൽകും യേശുനാഥന് (നല്ല..........)തകരും
മനസ്സിൻ തൈലമതായി
പനിനീർ പൂമഴയായി
കനിവോടെന്നും വന്നവനല്ലോ
അതുലദയാപരനീശൻ
നമ്മിൽ വസിക്കാൻ, നമ്മെ നയിക്കാൻ
നമ്മുടെ ദൈവമിതാ (2) (നിത്യ........)

## 73. നന്മനേരും അമ്മ വിണ്ണിൻ രാജകന്യ

നന്മനേരും അമ്മ വിണ്ണിൻ രാജകന്യ
ധന്യസർവ്വവന്ദ്യ മേരിലോക മാതാ
കണ്ണിലുണ്ണിയാകും ഉണ്ണിയേശു തന്റെ
അമ്മയായ മേരി മേരി ലോകമാതാ (നന്മനേരും..)
മാതാവേ മാതാവേ മന്നിൻ ദീപം നീയേ
നീയല്ലോ നീയല്ലോ മന്നിൻ ദീപം നീയേ
ആശാപൂരം നീയേ ആശ്രയതാരം നീയേ
പാരിൻ തായ നീയേ
മേരിലോകമാതാ (നന്മനേരും...)
പാവങ്ങൾ പൈതങ്ങൾ പാദംകൂപ്പി നിൽപ്പൂ
സ്നേഹത്തിൻ കണ്ണീരാൽ പൂക്കൾ തൂകി നില്പ്പൂ
കുമ്പിൾ നീട്ടും കൈയിൽ
സ്നേഹം തൂകും മാതാ
കാരുണ്യാധി നാഥാ മേരിലോകമാതാ (നന്മനേരും.)

## 74. നസ്രായനായ കർത്താവേ!

നസ്രായനായ കർത്താവേ!
പരിശുദ്ധനായ മിശിഹായേ!
കുരിശിൽ നീ ചിന്തിയ തിരുചോരയാലെന്നെ
പൂർണ്ണമായ് കഴുകേണമേ (2)
നാഥാ നീ കഴുകേണമേ
തിരുരക്തത്താൽ കഴുകേണമേ! (2)
എന്നെ വിശുദ്ധീകരിക്കേണമേ.........
എൻ കണ്ണുകളും, എൻ കാതുകളും
എൻ അധരങ്ങളും, നാവും
എൻ പാദങ്ങളും, എൻ പാണികളും
എൻ ദേഹവും, എൻ ദേഹിയും
നാഥാ നീ കഴുകേണമേ
തിരുരക്തത്താൽ കഴുകണമേ
എന്നെ വിശുദ്ധീകരിക്കേണമേ!
എൻ ചിന്തകളും, എൻ ഓർമ്മകളും
എൻ സ്വപ്നങ്ങളും, മനവും
എൻ ജീവിതവും, എൻ മുറിവുകളും
എനിക്കുള്ള സർവ്വസ്വവും
നാഥാ നീ കഴുകേണമേ
തിരുരക്തത്താൽ കഴുകണമേ
എന്നെ വിശുദ്ധീകരിക്കേണമേ - 3...

## 75. നിന്റെ ഹൃദയം തകർന്നതെങ്കിൽ

നിന്റെ ഹൃദയം തകർന്നതെങ്കിൽ
സൗഖ്യമേകും നിന്റെ ദൈവം ഞാൻ
നിന്റെ ജീവിതം തകർന്നതെങ്കിൽ
നിത്യജീവൻ നൽകും കർത്താവു ഞാൻ
......ആശ്വസിക്കൂ മകനേ...........!
നിന്റെ നീറുന്ന മുറിവുകൾ മായ്ക്കാൻ
ഞാനില്ലേ എന്നോമലേ....
ഞാനില്ലേ പൊന്നോമലേ...
നിന്റെ ബന്ധങ്ങൾ തകർന്നതെങ്കിൽ
ഒന്നുചേർക്കും നിന്റെ ദൈവം ഞാൻ

നിന്ദനമേറ്റു തകർന്നുവെങ്കിൽ
ആശ്വാസമേകം കർത്താവു ഞാൻ
............ആശ്വസിക്കു ....................
നിന്റെ കുടുംബം തകർന്നതെങ്കിൽ
ശാന്തിയേകും - നിന്റെ ദൈവം ഞാൻ
സമ്പാദ്യമെല്ലാം തകർന്നതെങ്കിൽ
സൗഭാഗ്യമേകും കർത്താവു ഞാൻ നിന്റെ ഹൃദയം....

## 76. നിമിഷങ്ങളേ...............

നിമിഷങ്ങളേ..............!
നിമിഷങ്ങളേ.....സ്വർഗ്ഗനിമിഷങ്ങളേ
നിർവൃതി പുളകിത നിമിഷങ്ങളേ
നിത്യപിതാവും നരകുലവും
ഒന്നായ് ഒന്നിയ്ക്കും നിമിഷങ്ങളേ
നിമിഷ..............

സ്വർഗ്ഗീയ വാതിൽ തുറന്നു
സ്വർഗ്ഗീയപൂമെത്ത മറന്ന്
സ്വർഗ്ഗം വിട്ടിറങ്ങിങ്ങു വന്ന
സുരലോകനാഥനെ വണങ്ങീടുവിൻ
നിമിഷ..............

ഹൃദയകവാടം തുറന്നു
അകതാരിലൊരു മെത്തയൊരുക്കി
ഞാനെന്നും കാക്കുന്നു ദേവാ
എഴുന്നള്ളു മനശാന്തി നൽകീടുവാൻ
നിമിഷ.............

## 77. നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ
നിൻ ക്രൂശു ഞാൻ വഹിക്കെന്നാലുമെ
എൻഗീതം എന്നുമെ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

ദാസൻ യാക്കോബെപോൽ രാകാലത്തിൽ
വൻകാട്ടിൽ കല്ലിന്മേൽ ഉറങ്ങുകിൽ
എൻസ്വപ്നത്തിലുമെ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

നീയെന്നെ നടത്തും പാതയെല്ലാം
വിൺ എത്തും ഏണിപോൽ പ്രകാശമാം
ദൂതർ വിളിക്കുന്ന നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

ഉണർന്നു ഞാൻ നിന്നെ സ്തുതിച്ചിടും
കൽതലയിണയെ ബെഥേലാക്കും
എൻതുമ്പത്താലുമെ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേർന്നിടും

ആകാശമാർഗ്ഗമായ് മഹോന്നതേ
പറന്നുപോകിലും സന്തോഷമെ
എൻഗീതം എന്നുമെ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

## 78. നീയെന്നെ മറന്നോ നാഥാ

നീയെന്നെ മറന്നോ നാഥാ
എൻഹൃദയം ഉരുകുന്നു ദേവാ (2)
നീയെന്നെ വെടിഞ്ഞോ ദേവാ
എൻ മാനസം നീറുന്നു ദേവാ (2)

ആകുലനാണുഞാൻ രോഗങ്ങൾ പേറുമ്പോൾ
നീയെന്നെ മറന്നോ നാഥാ (2)
ആഴിയിൽ താഴുന്നു കരയറിയാത്തവൻ
നീയെന്നെ വെടിഞ്ഞോ ദേവാ (2)

സ്നേഹിതരല്ലാത്തോൻ വൈരികളേറിയോൻ
നീയെന്നെ മറന്നോ നാഥാ (2)
ഉള്ളം തകർന്നവൻ ഉറ്റവരില്ലാത്തോൻ
നീയെന്നെ വെടിഞ്ഞോ ദേവാ (2)

## 79. നീയെന്റെ സങ്കേതവും

നീയെന്റെ സങ്കേതവും
നീയെന്റെ കോട്ടയും
നീയെന്റെ പ്രാണനാഥൻ
നീയെൻ ദൈവം

ആരാധിക്കും ഞാൻ പൂർണ്ണഹൃദയമോടെ
തേടും നിൻമുഖം ജീവകാലമെല്ലാം
സേവിച്ചിടും ഞാനെൻ സർവ്വവുമായ്
അടിയനിതാ അടിയനിതാ ദേവാ... (3)

നീയെന്റെ രക്ഷകനും
നീയെന്റെ വൈദ്യനും
നീയെന്റെ ആലംബവും
നീയെന്റെ ദൈവം

നീയെന്റെ പാലകനും
നീയെന്റെ ആശ്വാസവും
നീയെന്റെ മറവിടവും
നീയെന്റെ ദൈവം

## 80. നിത്യജീവന്റെ ആഹാരമേ

നിത്യജീവന്റെ ആഹാരമെ
മണ്ണിൽ മർത്ത്യന്റെ ഭോജ്യമേ
ഓസ്തിയായ് തിരുവോസ്തിയായ്
മണ്ണിതിലീശോ മാനസം തേടി
സക്രാരിയിൽ നിന്നിറങ്ങുന്നു (നിത്യ...)

മരുഭൂവാകുമീ ഹൃദയങ്ങളിൽ നീ
സ്വർഗ്ഗീയ മന്ന പൊഴിക്കാൻ
പകലുകളിൽ നീ മേഘതൂണായ്
രാവിൽ ദീപമാതായി

നമ്മിൽ വസിക്കാൻ നമ്മെനയിക്കാൻ
നമ്മുടെ ദൈവമിതാ (2) (നിത്യ....)

തകരും മനസ്സിൻ തൈലമാതായി
പനിനീർ പൂമഴയായി
കനിവോടെന്നും വന്നവനല്ലോ
അതുലദയാപരനീശൻ
നമ്മിൽ വസിക്കാൻ, നമ്മെ നയിക്കാൻ
നമ്മുടെ ദൈവമിതാ (2) (നിത്യ........)

## 81. നിന്നെ തൃജിച്ചു......

നിന്നെ തൃജിച്ചുകൊണ്ടാവില്ലെനിക്കിനി
ജീവിതം മുന്നോട്ട് നീക്കിടുവാൻ

യേശുവേ നാഥാ ജീവന്റെ നാഥാ
എൻ ജീവനെ നീയേറ്റെടുക്കൂ
ജീവിതം പൂർണ്ണമായേറ്റെടുക്കൂ (നിന്നെ...)

എൻ ജീവിതത്തിലെ ശൂന്യതയിൽ
ലോകത്തിൻ സ്നേഹത്തെ തേടി ഞാനും
നിന്നെ ത്യജിച്ചെന്റെ മാനസത്തിൽ
ലോകത്തിൻ മോഹത്തെ നിറച്ചുപോയി (2) (നിന്നെ.)

എന്നാത്മാവിലെ പാപഭാരം
നിൻ സന്നിധാനത്തിലിറക്കി വെയ്ക്കാം
എന്നന്തരംഗത്തിൻ വേദനകൾ
നിൻസ്നേഹസ്പർശനത്താൽ സൗഖ്യമാക്കൂ (2)
(നിന്നെ...)

## 82. നീതിമാൻമാരെ....

നീതിമാൻമാരെ നിത്യജീവന്റെ ഉടയവരെ
രാജാധിരാജൻ സകലദൂതരാൽ
മഹത്വത്തിലെഴുന്നള്ളുന്നു നീതി...
എനിക്ക് വിശന്നപ്പോൾ ഭക്ഷണം തന്നു
ദാഹിച്ചപ്പോൾ കുടിനീർ തന്നു
പരദേശിയായെന്നെ സ്വീകരിച്ചു - നിങ്ങൾ
നഗ്നനായെന്നെ ഉടുപ്പിച്ചു
രോഗിയാമെന്നെ ശുശ്രൂഷിച്ചു
തടവറയിൽ വന്ന് ആശ്വസിപ്പിച്ചു

എനിക്ക് വിശന്നപ്പോൾ ഭക്ഷണം തന്നില്ല
ദാഹിച്ചപ്പോൾ കുടിനീർ തന്നില്ല
പരദേശിയായെന്നെ സ്വീകരിച്ചില്ല
നഗ്നനായെന്നെ ഉടുപ്പിച്ചില്ല
രോഗിയാമെന്നെ ശുശ്രൂഷിച്ചില്ല
തടവറയിൽ വന്ന് ആശ്വസിപ്പിച്ചില്ല

ശപിക്കപ്പെട്ടവരെ,
നിത്യനരകാഗ്നിക്കുടയവരെ
സാത്താനും അവന്റെ ദൂതരും വാഴും
നിത്യനരകത്തിലേയ്ക്ക് പോകുവിൻ

## 83. പരിശുദ്ധാത്മാവാം ദൈവമെ

പരിശുദ്ധാത്മാവാം ദൈവമെ
അങ്ങേയ്ക്കാരാധനാ
പിതാവിനും പുത്രനും സമനായ ദൈവമേ
അങ്ങേയ്ക്കാരാധനാ
സ്നേഹം സ്നേഹം സ്നേഹ ദാതാവെ
അങ്ങേയ്ക്കാരാധനാ
പിതാവിന്റെയും പുത്രന്റെയും ജീവനെ
അങ്ങേയ്ക്കാരാധനാ
ജീവൻ ജീവൻ ജീവദാതാവെ
അങ്ങേയ്ക്കാരാധനാ
പിതാവിനും പുത്രനും സമനാം ദൈവമേ
അങ്ങേയ്ക്കാരാധനാ
ത്രിത്വത്തിൽ മൂന്നാമനാം ദൈവമേ
അങ്ങേയ്ക്കെന്നെന്നും ആരാധന

## 84. പാവനാത്മാവേ, പാവനാത്മാവേ

പാവനാത്മാവേ, പാവനാത്മാവേ
നിത്യസഹായകാ
നീ വരൂ നീ വരൂ എൻ ഹൃദയത്തിൽ
ദൈവസ്നേഹവുമായ് വരദാനമേകനായ് (2)
ശ്ലീഹാമാരിൽ വന്നാവസിച്ചു നീ
എന്നിൽ ജീവധാരയേകു (2)
വിശ്വാസസ്ഥൈര്യം നീയേകണെ
വിജ്ഞാനം എന്നിൽ നീ തൂകണെ (2)
വരദാനങ്ങൾ ഏഴുമേകുവാനായ്
വന്നെൻ ആത്മാവിൽ ചേരു (2)
(പാവനാത്മാവേ....)
സന്തോഷമെന്നും ഈ ദാസരിൽ
സ്വർഗ്ഗീയ ദൂതാ നീ ഏകണേ (2)
തിരുനാമത്തെ വാഴ്ത്തിപ്പാടിടാം ഞാൻ
എന്നും ആരാധ്യനാഥാ (2)
(പാവനാത്മാവേ...)

## 85. പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീ അറിയുന്നു
ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നിടുവാൻ
ആദിയിലെന്ന പോൽ ആത്മാവേ
അധികബലം തരണേ
ലോകത്തിൻ മോഹം വിട്ടോടിടുവാൻ
സാത്താന്റെ ശക്തിയെ ജയിച്ചിടുവാൻ
ധീരതയോടെ നിൻ സേവ ചെയ്യാൻ
കൃപകളും വരങ്ങളും ജ്വലിച്ചിടുവാൻ-ഞങ്ങൾ
വചനത്തിൽ വേരൂന്നി വളർന്നിടുവാൻ
വിൺമഴയെ വീണ്ടമയക്കണമെ
നിൻജനമുണർന്നിടുവാൻ

## 86. പരിശുദ്ധാത്മാവേ നീയെഴുന്നള്ളി

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ
സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗളിക്കും പ്രകാശമേ
അന്ധകാരവിരിപ്പു മാറ്റിടും
ചന്തമേറുന്ന ദീപമേ
കേഴുവാത്മാവിലാശ വീശുന്ന
മോഹന ദിവ്യഗാനമേ (പരിശുദ്ധാത്മാവേ..)
വിണ്ടുണങ്ങി വരണ്ട മാനസം
കണ്ടവിണ്ണിൻ തടാകമേ
മന്ദമായ് വന്നു വീശിയാനന്ദം
തന്നപൊന്നിളം തെന്നലെ
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിത പാത നീ

## 87. പാപബോധവും പശ്ചാത്താപവും

പാപബോധവും പശ്ചാത്താപവും
കർത്താവേ എനിക്കേകണേ
കണ്ണീരോടും വിലാപത്തോടുമെൻ
പാപം ഞാനേറ്റു ചൊല്ലീടാം
നീതിമന്ന്യനായ് അന്യരെ താഴ്ത്തി
ദുർവിധികൾ ഞാൻ ചെയ്യില്ല
പാപകാരണം അന്യരാണെന്ന
ന്യായവാദവും ചെയ്യില്ല (പാപബോധവും...)
ആത്മവഞ്ചന ചെയ്തു ഞാനെന്റെ
പാപത്തെ പൂഴ്ത്തിവെയ്ക്കില്ല
പാപമേതുമേ എന്നിലില്ലെന്ന്
ചൊല്ലും വിഡ്ഢി ഞാനാകില്ല (പാപബോധ...)

## 88. പാടിഘോഷിക്കാം ആർത്തു പാടിടാം

പാടിഘോഷിക്കാം ആർത്തു പാടിടാം
യേശുപാരിൽ വന്നതാൽ
കീർത്തി തൻ നന്മകൾ
ഭൂവിലെങ്ങും ഘോഷിച്ചിടാം
ഹാല്ലേല്ലൂയാ...(4)
അനുദിനവും നൽ നന്മയാൽ
അവൻ അഖിലം പോറ്റിടുന്നു
വൻ കൃപയാൽ കാത്തിടുന്നു
കരതലത്തിൽ താങ്ങിടുന്നു ഹാല്ലേലൂയാ (4)
കഷ്ടതകൾ ഏറിടുമ്പോൾ
സ്നേഹനാഥൻ കൂടെയുണ്ട്
ആകുലത്തിൽ നീ ആശ്വാസം
ആശ്രിതർക്ക് അഭയം നീ ഹാലേലൂയാ (4)

## 89. പോകുന്നേ ഞാനും

പോകുന്നേ ഞാനും എൻ ഗൃഹം തേടി
ദൈവത്തോടൊത്തുറങ്ങീടാൻ
എത്തുന്നേ ഞാനെൻ നാഥന്റെ ചാരെ
പിറ്റേന്നൊപ്പമുണർന്നീടാൻ

കരയുന്നോ നിങ്ങൾ എന്തിനായ് ഞാനെൻ
സ്വന്തദേശത്തു പോകുമ്പോൾ
കഴിയുന്നു യാത്ര ഇത്ര നാൾ കാത്ത
ഭവനത്തിൽ ഞാനും ചെന്നിതാ

ദേഹമെന്നൊരാ വസ്ത്രമൂരി ഞാൻ
ആറടി മണ്ണിലാഴ്ത്തവേ
ഭൂമിയെന്നൊരാ കൂടുവിട്ടുഞാൻ
സ്വർഗ്ഗമാം വീട്ടിൽ ചെല്ലവേ

മാലാഖമാരുംദൂതരും മാറിമാറിപുണർന്നപ്പോൾ
ആധിവ്യതികൾ അന്യമായ്
കർത്താവേ ചെന്നു ധന്യമായ്

സ്വർഗ്ഗരാജ്യത്തിൽ ചെന്ന നേരത്ത്
കർത്താവെന്നോടു ചോദിച്ചു
സ്വന്തബന്ധങ്ങൾ വിട്ടു പോന്നപ്പോൾ
നൊന്തുനീറിയോ നിൻ മനം

ശങ്കകൂടാതെ ചൊല്ലിഞാൻ
കർത്താവെ ഇല്ല തെല്ലുമേ
എത്തി ഞാനെത്തി സന്നിധേ
ഇത്രനാൾ കാത്ത സന്നിധേ

## 90. പരിശുദ്ധാത്മാവ് പറന്നിറങ്ങി

പരിശുദ്ധാത്മാവ് പറന്നിറങ്ങി
പരിശുദ്ധ മറിയത്തിലാവസിച്ചു
വചനം മാംസമായ് ഭൂവിൽ വന്നു
മറിയം ദൈവത്തിനമ്മയായ്
ആവേ മരിയ (3)
ബെത്‌ലേഹം കുന്നിൻ ചരിവുകളിൽ
ആമോദരായ് ആട്ടിടയർ
വിണ്ണും മണ്ണും ഒന്നായ് ചേർന്നു
പുൽക്കൂട്ടിൽ പുളകമണിഞ്ഞു നിന്നു
ചിപ്പികൾക്കുള്ളിലെ മുത്തുപോലെ
കാലിത്തൊഴുത്തിൽ ദൈവപുത്രൻ
മറിയത്തിൻ മിഴിനോക്കി പുഞ്ചിരി തൂകി
മണ്ണിൽ വിണ്ണിൽ പ്രഭ ചൊരിഞ്ഞു

## 91. പെന്തക്കുസ്ത നാളിൽ മുൻ മഴപെയ്യിച്ച

പെന്തക്കുസ്ത നാളിൽ മുൻ മഴപെയ്യിച്ച
പരമപിതാവേ പിൻമഴ നൽക
പിൻമഴ പെയ്യേണം മാലിന്യം മാറേണം
നിൻജനമുണർന്ന് വേലചെയ്യുവാൻ
മുട്ടോളമല്ല അരയോളം പോര
വലിയൊരു ജീവനദിയൊഴുകുവാൻ
നീന്തിയിട്ടില്ലാതെ കടപ്പാൻ വയ്യാത്ത
നീരുറവ ഇന്ന് തുറക്ക നാഥാ
ചലിക്കുന്ന എല്ലാ പ്രാണികളും ഇന്ന്
ചലനമുണ്ടാക്കി ജീവൻ പ്രാപിക്കാൻ
ചൈതന്യം നൽകേണം നവജീവൻ വേണം
നിത്യതയിലെത്തി ആശ്വസിച്ചിടാൻ

സൈന്യത്താലുമല്ല ബലത്താലുമല്ല
ദാവത്തിന്റെ ആത്മശക്തിയാലത്രെ
ആർത്തുപാടി സ്തുതിക്കാം ഹല്ലേല്ലുയാ പാടാം
ആണിക്കല്ല് കയറ്റാം ദൈവരാജ്യം പണിയാം.

## 92. പാവനാത്മാവേ, എൻ ജീവദായകനെ

പാവനാത്മാവേ എൻ ജീവദായകനെ
ഇറങ്ങി നീ വാ നിറഞ്ഞു നീ വാ
എന്റെ ഹൃദയത്തിൽ
സീനായ് മാമലയിൽ, ഇറങ്ങി വന്നവനേ
ആത്മദാഹം തീർക്കുവാനായ്
ഇറങ്ങി വാ ദേവാ

രോഗപീഢകളിൽ, മാനസവ്യാധികളിൽ
സൗഖ്യവും ശാന്തിയും കനിഞ്ഞരുളി
എന്നെ നയിക്കണമെ

നിന്നുടെ വരദാനങ്ങൾ,
എന്നിൽ നിറക്കണമെ
ലോകശക്തിയെ ജയിച്ചിടുവാനായ്
വിൺമഴ പൊഴിക്കണമെ

## 93. പരിശുദ്ധയാമെന്റെ അമ്മ

പരിശുദ്ധയാമെന്റെ അമ്മ
കന്യക മേരിയാം അമ്മ
തന്നോമൽ പുത്രനെ,
മാറോടു ചേർത്തു
ചുംബനമാകുന്നോരമ്മ - 2
താരാട്ടു പാടുന്നമ്മ - എന്നെ
താലോലമാട്ടുന്നോരമ്മ
ജീവന്റെ ജീവനായ്
സ്നേഹം ചൊരിയുന്ന
സ്നേഹതികവാർമ്മൊരമ്മ - 2
പരിഭവമില്ലാത്തൊരമ്മ
കുറ്റപ്പെടുത്താത്തൊരമ്മ -2
മാധുര്യമേറും തിരുമൊഴിയാലെ
സ്നേഹത്താൽ തിരുത്തുമെന്നമ്മ - 2
പാപം ചെയ്യാനെനിക്കാവുകില്ല-അമ്മ
ചാരെ വന്നെന്നെ തഴുകീടുമ്പോൾ
പാപത്തെയോർക്കാൻ സമയമില്ല - അമ്മ
ചുംബനമേകി സ്നേഹിക്കുമ്പോൾ - 2

## 94. പ്രാർത്ഥിക്കും ഗുരുവേ

പ്രാർത്ഥിക്കും ഗുരുവേ നമോ നമ
സദാ പ്രാർത്ഥിക്കും ഗുരുവേ നമോ നമ
മരുപച്ച തേടെ വിജനം തേടി
ഗിരിതൻ ഉയരം തേടി
ഉന്നത താതന്റെ തിരുമുഖം തേടി
പ്രാർത്ഥിക്കും ഗുരവേ നമോ നമ
ഉണർന്നിരുന്നെന്നും മനം നുറുങ്ങി
പ്രാർത്ഥിക്കാനരുളും നാഥാ
ഞങ്ങൾക്ക് പ്രാർത്ഥനാ വരം തന്നിടണേ
പ്രാർത്ഥിക്കും ഗുരുവേ നമോ നമ

## 95. പ്രഭാതം പ്രഭാതം

പ്രഭാതം പ്രഭാതം
പ്രഭാതം പ്രഭാതം

ദൈവപിതാവിൻ സ്നേഹോപഹാരം
ആത്മപിതാവിൻ നവ്യോപഹാരം
ഹൃദയം നിറയെ സ്നേഹം നിറയാൻ
നന്മകൾ വാഴ്ത്തി നമിക്കാം നമുക്ക്
    യേശുവേ നന്ദി
    യേശുവേ സ്തോത്രം
    ദൈവമേ നന്ദി
    ദൈവമേ സ്തോത്രം
    ആത്മനെ നന്ദി
    ആത്മനെ സ്തോത്രം

## 96. ബലിയായെന്നെ നൽകാനണയാം

ബലിയായെന്നെ നൽകാനണയാം തിരുസന്നിധിയിൽ
അലിവോടെന്നെ ബലിയായ് നാഥാ സ്വീകരിക്കൂ
അണയാം അനുരഞ്ജിതമാം മനമായ്
അവിടുത്തെ സന്നിധിയിൽ
    ത്യാഗം ചെയ്തിടാം ഞാൻ
    നിന്റെ യാഗത്തിൽ ചേർന്നിടാനായ്
    ഭാഗ്യം ചെയ്തവൻ ഞആൻ
    നിന്റെ യാഗഫലം നുകരാൻ
ജീവരക്തം പോലും ഏകിടുന്ന
ഈശോനാഥന്റെ യാഗമിത്
ആടുകൾക്കായ് സ്വന്തജീവനെ നൽകുന്ന
പാവനസ്നേഹത്തിൻ യാഗം (2)
    പ്രാണൻ നൽകിയും ഞാൻ
    ദിവ്യസ്നേഹത്തിൻ സാക്ഷിയാകും
    പാപം ചെയ്തവൻ ഞാൻ
    പൂർണ്ണസൗഖ്യമായ് നീ വരണെ
        (ജീവരക്തം...സ്നേഹത്തിൻ യാഗം)

## 97. ബലിതുടങ്ങാൻ സമയമായി

ബലിതുടങ്ങാൻ സമയമായി
ബലിവേദി സജ്ജമായി
മനമൊരുക്കി ബലിയണയ്ക്കാൻ
അണിനിരന്നിടുവിൻ ജന്മേ-

അണിനിരന്നിടുവിൻ
ഹൃദയമൊരു ബലിപീഠമായി അലങ്കരിച്ചീടാം
മനവും തനുവും ഉരുകും തിരിപോൽ
ഇവിടെ ഉയർത്തിടാം
മനസ്സ് നിർമ്മലമാത്തി നമ്മിൽ
സ്നേഹമുണർത്തിടാം
അവർണ്ണനീയ ദാനങ്ങൾക്കായ് സ്തുതികളേകിടാം
അനുഗ്രഹങ്ങൾ സ്മരിച്ച് സ്തോത്രം
നിരന്തരമുയർത്തീടാം
കരകവിഞ്ഞൊഴുകുന്ന കൃപയിൽ
അഭയം തേടീടാം

## 98. ഭൂവാസികളെ....

ഭൂവാസികളെ യഹോവയ്ക്കാർപ്പിടുവിൻ
സന്തോഷത്തോടെ വന്ന് കൂടുവിൻ
സംഗീതത്തോടെ സ്തുതി പാടുവിൻ
അവൻ നല്ലവനല്ലോ ദയയെന്നുമുള്ളത്
അവൻ വല്ലഭനല്ലോ ദയയെന്നുമുള്ളത്
യഹോവ തന്നെ ദൈവമെന്നറിവൻ
അവൻ നമ്മെ മെനഞ്ഞല്ലോ
അവൻ നമുക്കുള്ളവൻ നാം അവനുള്ളവൻ
അവനെ വാഴ്ത്തിടുവിൻ (അവൻ നല്ല...)
യഹോവ ചന്നെ വിശ്വസ്തനെന്നറിവിൻ
അവൻ നമ്മെ വിടുവിച്ചല്ലോ
അവൻ നല്ലിടയൻ
തന്റെ ആടുകൾ നാം
അവനെ വാഴ്ത്തിടുവിൻ (അവൻ നല്ല...)

## 99. മനസാകുമോ നാഥാ

മനസാകുമോ നാഥാ സുഖമാക്കുവാൻ
ഒരു വാക്ക് കല്പിച്ചാൽ മതിയാകുമല്ലോ
നീയെന്റെ ഭവനത്തിൽ വരുവാനെനിക്കില്ല
യോഗ്യത തെല്ലും നാഥാ
ഒരു വാക്ക് കല്പിച്ചാൽ മതിയാകുമല്ലോ
ആപാദചൂഢം ഞാൻ സുഖമാകുവാൻ

അനാഥരല്ല ബലിഹീനരല്ല
നീ കൂടെയുള്ളപ്പോൾ ഞങ്ങൾ
വിശ്വാസത്തിൻ ഫലമുളവാകാൻ
കൃപചൊരിയണമെ നാഥാ

സദാ വിളിപ്പൂ കൈനീട്ടിനിൽപ്പൂ
നീ വരമേകണേ നാഥാ,
ആശ്വാസത്തിൻ കുളിരറിയാനായ്
കൃപ ചൊരിയണമെ നാഥാ

## 100. മാണിക്യകല്ലായ്

മാണിക്യകല്ലായ് തിരഞ്ഞെടുത്തെന്നെ
മണ്ണിൽ നിന്നും മനുഷ്യപുത്രൻ
പാരിടത്തിൽ പാപിയെന്നെ
തേടിവന്നു പാപമെല്ലാം
നീക്കിയെന്നെ സ്വന്തമാക്കി നീ (2)

മാനവനായ് മോചകനായ്
വാനവക്ലേശം നീക്കാൻ (2)
നിണനീരുകൾ ചിന്തി
തിരുജീവൻ ഏകി
സുരലോകം പുൽകാൻ
വരദാനം നൽകി (2)

വാഴുന്നവൻ മനസ്സിനുള്ളിൽ
മോഹനരൂപം കാണാൻ തിരുവീഥികൾ തേടാൻ
അപരാധം വെടിയാൻ
അഭിഷേകം ഏകി
അപദാനം പാടാം (2) മാണിക്യ....

## 101. മദ്യപാനികളേ

മദ്യപാനികളേ
കള്ളുകുടിച്ചു, തല്ലുപിടിക്കും
മദ്യപാനികളേ, മയക്കു
മരുന്നിനടിമളെ

യേശു വിളിക്കുന്നു - നിങ്ങളെ
യേശു വിളിക്കുന്നു

മനസു തകർന്നൊരു സോദരനോ - ഇന്നും
സ്നേഹം കിട്ടാത്ത ജീവിതമോ
ദുഃഖം തീർക്കുന്ന ജീവിതമോ
ദുഃഖം തീർക്കുന്ന രക്ഷകനീശോ
മാടി വിളിക്കുന്നു മകനേ
മാറോടു ചേർക്കുവാനായ്
സ്വന്തബന്ധങ്ങളിൽ നിന്നകന്ന്
പാപവഴികളിൽ ജീവിച്ചിടും
ബന്ധിതർക്കാശ്വാസമേകുന്ന നാഥാ
മാറോടു ചേർക്കുന്നവൻ സ്നേഹത്തിൻ
ചുംബനമേകുന്നവൻ

## 102. യേശു കർത്താവാണ്

യേശു കർത്താവാണെന്നേററു പറയുവാൻ
പരിശുദ്ധാത്മാവാൽ നിറഞ്ഞിടേണം
യേശുക്രിസ്തു ശരീരം ധരിച്ചു വന്നു.....2
ഏറ്റു പറയാം...................ഏറ്റു പാടാം
ഏറ്റു പാടാം സോദരരേ
ഹോയ്..........ഹോയ്.............................
ഏറ്റുപാടാം...................ഒന്നായ് പാടാം
ഞങ്ങളെല്ലാം ദൈവമക്കൾ
ഏറ്റു..................
ലോകത്തിലുള്ളവനേക്കാൾ വലിയവൻ
ഞങ്ങളിലുളളവനാണല്ലോ?
യേശു...............
ജലത്താലും.......................രക്തത്താലും
വന്നവനല്ലോ യേശുക്രിസ്തു.
ജലത്താ.........
ആത്മാവ്, ജലം, രക്തം യേശുവിൻ സാക്ഷ്യം
ദൈവം നൽകുന്ന നിത്യജീവൻ.

## 103. യേശുവേ വരേണമെ

യേശുവെ വരേണമെ
രക്ഷകാ വരേണമെ

പാലകാ വിമോചകാ
സ്നേഹമായ് വരേണമെ
രോഗമാണെനിക്ക് നാഥാ സൗഖ്യമേകു നീ
പാപമെന്നിൽ വാണിടുന്നു മോചനമേകു
അന്ധകാരമാണെനിക്ക് ചുറ്റും ദൈവമേ
ബന്ധനത്തിൽ നിന്നെനിക്ക് രക്ഷയേകണെ
ദുഃഖമാണെനിക്ക് നാഥാ മോദമേകു നീ
കോപമെന്നിലേറിടുന്നു ശാന്തമാക്കണെ
അശക്തയായ പാപി ഞാൻ
എന്റെ ദൈവമേ
ശത്രുസ്നേഹം തന്നെനിക്ക് രക്ഷയേകണേ

## 104. യേശുവിന്റെ സ്വന്തമാകുവാൻ

യേശുവിന്റെ സ്വന്തമാകുവാൻ
ഉള്ളിലിന്നുറച്ചു ഞാനിതാ
നൽകിടുന്നു തൃക്കരങ്ങളിൽ
എന്നിലെ സമസ്തവും മുദാ
നിറമെഴുന്ന സ്വപ്നതീരവും
മലരിടുന്ന മോഹജാലവും
കുമിളപോലെ മായുകില്ലയോ
കനകകാന്തി പൊലിയുകയില്ലയോ
ഞാൻ നിറഞ്ഞ സ്നേഹസാരവും
ശാശ്വത പ്രശാന്തി പൂരവും
നിന്നിൽ മാത്രം എന്നറിഞ്ഞിതാ
പുൽകിടുന്നു പൊൻപദാംബുജം

## 105. യേശുവെ നീ വരൂ

യേശുവെ നീ വരൂ
എൻ മനസ്സിൻ മുറിവുണക്കാൻ
വരൂ വരൂ നീ വരൂ യേശുവെ?
(എൻ മനസ്സിൻ.........)

മാലിന്യത്താൽ നിറഞ്ഞ മനം
കഴുകുവാൻ യേശുവെ അരികിൽ വരൂ
ധൂർത്തനായ് നടന്ന പാദങ്ങളെ
നിയന്ത്രിക്കാൻ യേശുവെ അരികിൽ വരൂ
(എൻ മനസ്സിൻ.........)

ആന്തരീക സൗഖ്യവുമായ്
സ്നേഹത്തിൻ തൈലവുമായ്
ആശ്വാസത്തിൻ സന്ദേശവുമായ്
സ്നേഹപിതാവെ നിറയൂ എന്നിൽ (എൻ മനസ്സിൻ.....)

## 106. യേശുവേ നിൻ മുമ്പിലിതാ

യേശുവേ നിൻ മുമ്പിലിതാ
കുമ്പിടുന്നു ഞാൻ
എൻ നന്ദിയേകുന്നു
ചോരയിൽ നീ മുങ്ങുമ്പോഴും
എന്നെ ഓർത്തല്ലോ
എൻജീവൻ കാത്തല്ലോ
ആരാധിച്ചാരാധിച്ചിന്നു ഞാൻ
ആത്മാവിൽ ധീരനായ്
ആകാശം താഴെ വീണാലും നാഥാ
താണുപോകില്ലെൻ മനം (യേശുവെ നിൻ..)

ആദ്യമായെൻ അമ്മച്ചി നിന്നെ
ചൂണ്ടിക്കാണിച്ചു തന്നു
ഓർമ്മയിൽ നിൻതിരുസ്വരൂപം
കാത്തു സൂക്ഷിക്കാനായി
കുഞ്ഞുങ്ങളെ നീ തള്ളില്ലയെന്ന്
അറിഞ്ഞു ഞാൻ വിശ്വാസിയായ്
കാലം കടന്നുപോകും തിരക്കിൽ
മറന്നുപോയ് നിൻ സ്നേഹം ഞാൻ
(യേശുവെ നിൻ....)

നീയെനിക്കായ് അനുവദിക്കും
തകർച്ചയിലെന്നെ താങ്ങാൻ
പാവനാത്മൻ അനുദിനവും

മനക്കരുക്കരുത്തെനിക്കേകി
ഞാൻ തോൽക്കുകില്ല ഈ ജീവിതത്തിൽ
ഘോരവെല്ലുവിളികളിൽ
നിന്നോടു ചേർന്നാൽ യുദ്ധം ജയിക്കാം
എന്ന ബോധ്യമേകണേ (യേശുവേ നിൻ)

## 107. യേശുവിന്റെ സ്വന്തമാകുവാൻ

യേശുവിന്റെ സ്വന്തമാകുവാൻ
ഉള്ളിലിന്നുറച്ചു ഞാനിതാ
നൽകിടുന്നു തൃക്കരങ്ങളിൽ
എന്നിലെ സമസ്തവും മുദാ..... (2)
നിറമെഴുന്ന സ്വപ്നതീരവും
മലരിടുന്ന മോഹജാലവും (2)
കുമിളപോലെ മായുകില്ലോ
കനകകാന്തി പൊലിയുകില്ലയോ (2)
ഞാൻ തിരഞ്ഞ സ്നേഹസാരവും
ശാശ്വത പ്രസാന്തി പൂരവും
നിന്നിൽ മാത്രമെന്നറിഞ്ഞിതാ
പുൽകിടുന്ന പൊൻപദാംബുജം

## 108. യേശുവേ ഗുരോ ലോക രക്ഷകാ

യേശുവേ ഗുരോ ലോക രക്ഷകാ
യേശുവേ ഗുരോ മർത്യവിമോചകാ
നീ കടന്നു പോകുന്ന വീഥിയിൽ
വേദനിച്ചു കേഴുന്ന പാപിയാം
എന്നിൽ കനിയണേ (3) എന്നിൽ കനിയേണമേ
അന്ധനായ് ഇരുളിൻ സന്തതിയായ്
ഞാനിരിക്കും വഴിയേ വന്നിടൂ
രക്ഷതൻ സ്പർശം ഏകേകിടുമേ
ദർശനത്തിൽ ഭാഗ്യമരുളുവാൻ
ഏഴയാമെന്നെയീ ദുരിതവേളയിൽ
കൈവിടില്ലേ നാഥാ കൈ വിടല്ലേ (2)
യേശു ഗുരോ

നിൻമുഖം കാണാൻ ദാഹവുമായ്
കേണിടുന്ന ജീവനായ്കാ

നിൻ സ്വരം ക്കാനാശയുമായ്
നേടിടുന്നു സ്നേഹവചസുകൾ
ആരുമില്ലെന്റെയീ ഭാരമേൽക്കുവാൻ
നീയകന്നു പോയാൽ ഏക ലക്ഷകാ
യേശുവേ ഗുരോ

## 109. യേശുവിൻ വാഗ്ദാനമേ

യേശുവിൻ വാഗ്ദാനമേ
യേശുവിൻ വരദാനമേ
ശാശ്വതസ്നേഹമായ്
ഞങ്ങളിൽ നിറഞ്ഞിടൂ
പരിശുദ്ധാത്മാവേ
ദാഹാർത്തരായിതാ നിൻ മക്കൾ വന്നു
കേഴുന്നു നിൻ കരുണക്കായ്
ദാഹം ശമിപ്പിക്കും നിൻദയാവായ്പിനായ്
കേഴുന്നു നിൻ ആത്മാവിനായ്
സ്നേഹത്തിനായിതാ നിൻ മക്കളൊന്നായ്
മുട്ടുന്നു ഹൃദയകവാടത്തിൽ
സ്നേഹത്തിൽ ഞങ്ങളെ ഒന്നായി ചേർക്കു
നിൻ വരദാനങ്ങളേഴും ചൊരിയൂ
(യേശുവിൻ...)

## 110. യേശുവല്ലാതാരുമില്ല...

യേശുവല്ലാതാരുമില്ല താങ്ങുവാനൊരാൾ
തണലേകുവാനൊരാൾ
യേശുവല്ലാതാരുമില്ല താങ്ങുവാനൊരാൾ
കരമേകുവാനൊരാൾ
ശ്രുതിപോയ തംബുരുവാണു ഞാൻ
ശ്രുതിയയായ് നീ വരു
പാഴ്സ്വരമായൊരു മുരളിക ഞാൻ
പാട്ടായ് നീ വരൂ
പ്രിയനേ...പ്രിയനേ നീ വരൂ (യേശുവല്ലാ..)

ദുഃഖങ്ങളാലെ നീറുന്ന നേരം
ചാരെ നീ വരില്ലേ
കഷ്ടങ്ങളാലെ കരയുന്ന കാലം
കണ്ണീരൊപ്പുകില്ലേ
തളർന്നു തകർന്നു കിടക്കുന്ന എന്നെ
താങ്ങായ് നീ വരില്ലേ
നാഥാ..നാഥാ...താങ്ങായ് നീ വരില്ലേ (യേശുവല്ലാ....)
ബന്ധങ്ങളെല്ലാം കൈവിടും നേരം
ബന്ധുവായ് നീ വരില്ലേ
സ്വന്തങ്ങൾ തള്ളി പറയുന്ന കാലം
സാന്ത്വനമാവുകില്ലേ
ആത്മാവിൻ ബലമായ്
സ്നേഹത്തിൻ തണലായ്
ഈശനെ നീ വരില്ലേ
ഈശോ....ഈശോ... ഇടയനായ് നീ വരില്ലേ
(യേശുവല്ലാ...)

## 111. രാജരാജനീശനായ്..

രാജരാജനീശനായ് പാടുവിൻ മുദാ
സൈന്യനാഥനാരവം മുഴക്കുവിൻ സദാ
നിത്യനായ ദൈവസൂനു വന്നിടുന്നിതാ
മർത്ത്യരൊന്നു ചേർന്നു കീർത്തൃഗീതി പാടുവിൻ
ഓശാന (4)

വാനവും ഭൂതലവും മർത്ത്യരും വാനവരും
സന്തതം നീതികളാൽ സാദരം പാടുകയായ്
ഓശാന (4)

വിണ്ണുവ രാജനിതാ മണ്ണിതിൻ ദീപമതായ്
ഭൂതലം പൂവിടുന്നു പാടുക ഓശാന
ഓശാന (4)

## 112. രക്തം യേശുവിൻ രക്തം

രക്തം യേശുവിൻ രക്തം
ജീവനേകും രക്തം
രക്തം ക്രൂശിലെ രക്തം
ശക്തിയേകും രക്ഷയേകും രക്തം

സാത്താൻ ഓടിയകലചട്ടെ അകലട്ടെ
ബന്ധനമെല്ലാം നീങ്ങട്ടെ - നീങ്ങട്ടെ
പീഢകളെല്ലാം മാറട്ടെ - മാറട്ടെ
കുരിശിലെ ജീവരക്തത്താൽ

പാപികൾ പാപം വെടിയട്ടെ - വെടിയട്ടെ
രോഗങ്ങളെല്ലാം മാറട്ടെ - മാറട്ടെ
മരിച്ചവനുയിരേകും നാഥനിതാ - നാഥനിതാ
ശുദ്ധീകരിക്കുന്ന നിമിഷമിതാ
വിശുദ്ധിയാലെ നിറയട്ടെ-നിറയട്ടെ
തിരുവചനപ്പൊരുൾ ഒഴുകട്ടെ-ഒഴുകട്ടെ
ആത്മീയശക്തി നിറയട്ടെ-നിറയട്ടെ
ജീവൻ നിറയുമീ നിമിഷമിതാ

## 113. രാജാധിരാജാ ശ്രീയേശു നാഥാ

രാജാധിരാജാ ശ്രീയേശു നാഥാ
ക്ഷമിക്കുന്ന പൊറുക്കുന്ന ഹൃദയം തരു
(രാജാധി....)
കുരിശിൽ കിടന്നങ്ങു ക്ഷമിച്ചൊരാ ശക്തി
ക്ഷമിക്കുന്ന കൃപയായ് എനിക്ക് തരു...
(രാജാധി.......)
ഗദ്സമൻ തോട്ടത്തിൽ രക്തം വിയർത്ത്
പ്രാർത്ഥിച്ച ശക്തി എനിക്ക് തരു... (രാജാധി...)
കുന്തത്താൽ കുത്തി തുറന്ന വിലാവിലെ
തിരുരക്തത്താലെന്നെ കഴുകണമെ
(രാജാധി......)

## 114. രക്ഷകനമ്മയാം മാതാവെ

രക്ഷകനമ്മയാം മാതാവെ
ലോകത്തിനമ്മയാം കന്യകയെ
ദൈവപുത്രന് ജന്മമേകിയ
ധന്യയാം രാജകന്യയേ
അമ്മേ മാതാവേ, രാജകന്യകയേ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

കാനായിൽ വെള്ളം വീഞ്ഞാക്കി മാറ്റാൻ
മദ്ധ്യസ്ഥം വഹിച്ചൊരു മാതാവേ
എൻ ജീവിതത്തിൽ പോരായ്മയൊക്കെയും
നീക്കണമെ എൻ പ്രാർത്ഥനയാൽ
    നരക സർപ്പത്തിൻ തലയെ തകർത്ത
    വചനതികവാം കന്യകയെ
    മുട്ടി വിളിക്കുന്ന മക്കൾക്കെന്നും
    സാന്ത്വനമരുളും മാതാവേ

## 115. വചനം വചനം തിരുവചനം

വചനം വചനം തിരുവചനം
യേശുവിൻ തിരുവചനം
മാനവർക്കായ് മന്നിലേക്ക്
ദൈവം നൽകിയ തിരുവചനം (2) (വചനം)
ആശ്രിതർക്ക് നൽകിയ വചനം
ആശ്വാസത്തിൻ തിരുവചനം
അരുളുന്നു നാഥൻ ചൊരിയുന്ന നമ്മിൽ (2)
ആത്മാവിന്റെ തിരുവചനം
(വചനം)
അറിവിന്റെ നാഥൻ നൽകിയ വചനം
അകലങ്ങളിലെ തിരുവചനം
ആഹ്ളാദത്തോടെ ആമോദത്തോടെ (2)
(വചനം)

## 116. വരേണമേ എന്റെ ഈശോയെ

വരേണമേ എന്റെ ഈശോയെ
എന്റെ ഹൃദയത്തിലെന്റെ ഉള്ളിനുള്ളിൽ
ആരാരുമേകാത്തൊരീയാത്മ ഭാഗ്യം
എൻ സ്വന്തമായെങ്കിൽ എൻ ഭാഗ്യമേ
    എന്താണു തരിക നീ വരുമ്പോൾ
    എന്തുതന്നാലാ മതിവരിക
    മാമകഹൃദയം പോരാ
    ആ തിരുവരവുൾകൊള്ളാൻ
മാമക നാവിതു പോരാ
നിൻ തിരുമൊഴികൾ പാടാൻ

എന്നാലും നീ എന്നിൽ വരണേ
മറ്റൊന്നുമല്ലെന്നുമെൻ പ്രാർത്ഥന
വീഴാതെയെന്നും എൻ കൈകളിൽ
നന്നായ് പിടിച്ചോണെ എൻ യേശുവേ
ജീവിത വഴിയേ നീങ്ങാൻ
നിൻ തിരുകൃപകൾ ശരണം
വിധിയായ് ഒരു വിന വന്നാൽ
നിൻ തുരുമാറെൻന്നഭയം
വൈകാതെ നീ എന്നിൽ വരണേ
മറ്റൊന്നുമല്ലെന്നു പ്രാർത്ഥന

## 117. വാവായേശു നാഥാ

വാവായേശു നാഥാ, വാവാ സ്നേഹനാഥാ
ഹായെൻ ഹൃദയം തേടിടും സ്നേഹമേ നീ (വാ..)
നീയെൻ പ്രാണനാഥൻ നീയെൻ സ്നേഹരാജൻ
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ (വാ..)
പാരിലില്ലിതുപോൽ, വാനിലില്ലിതുപോൽ
നീയൊഴിഞ്ഞുള്ളോരാനന്ദം ചിന്തിച്ചീടാൻ (വാ.)
പൂക്കൾക്കില്ല പ്രഭ തേൻ മധുരമല്ല
നീ വരുമ്പോഴെന്നാനന്ദം വർണ്ണ്യമല്ല (വാ..)
വേണ്ട നീ പോകരുതേ;
നാഥാ നിൽക്കേണമേ
തീർത്തുകൊള്ളാം ഞാൻ നല്ലൊരു പൂമണ്ഡപം
(വാ..)
ആധിചേരുകിലും വ്യാധി നോവേറുകിലും
നീയരികിലെന്നാസെംനിക്കാശ്വാസമേ (വാ...)
ശാന്തിയിൽ നീന്തി നീന്തി, കാന്തിയിൽ മുങ്ങി മുങ്ങി
നിന്നിൽ ഞാനുമേ എന്നിൽ നീ ഇങ്ങനെ നാം (വാ..)

## 118. വചനം ദൈവവചനം

വചനം ദൈവവചനം
ശാന്തിദായക വചനം
സ്നേഹം നിറയും വചനം
ശാന്തിയേകും വചനം
ശ്രവിക്കുവാൻ വരുവിൻ

ഹല്ലേലൂയാ പാടുവിൻ (2)

ആധികൾ നീക്കും വ്യാധികൾ മാറ്റും
ദൈവത്തിൻ തിരുവചനം (2)
രോഗികൾക്കും പീഢിതർക്കും
ആശ്വാസമേകും വചനം (2)

## 119. ശക്തി ദൈവശക്തി

ശക്തി ദൈവശക്തി
പരിശുദ്ധാത്മ ശക്തി
നിറയട്ടെ കവിയട്ടെ നദിപോലൊഴുകട്ടെ
മഴചൊരിയട്ടെ നമ്മിൽ നിറയട്ടെ
ആത്മീയ കൊടുങ്കാറ്റിത് പുതിയൊരു ജനനമിത്
നവമൊരു ജനത പുതിയൊരു ശക്തി
ആത്മീയശക്തിയിതാ - (2)
ജീവന്റെ അരുവിയിതാ വചനത്തിൻ സ്ഥാനമിതാ
അത്ഭുതങ്ങളും അടയാളങ്ങളും
ആത്മീയശക്തിയിതാ - (2)
തിരുസ്സഭയുണരുന്നിതാ ദർശനപ്രവചനങ്ങൾ
എല്ലാ ജനവും എല്ലാ മനവും
ആത്മാവാൽ നിറയുന്നിതാ - (2)

## 120. വിശ്വാസം വേദന മാറ്റിടുന്നു

വിശ്വാസം വേദന മാററിടുന്നു
വിശ്വാസം വിനകളെ നീക്കിടുന്നു
വിശ്വാസി വിശ്വം പുതുക്കിടുന്നു
വിശ്വാസം വീണ്ടും ജനിച്ചിടുന്നു
വിശ്വാസമുണ്ടോ നിനക്ക്
വിശ്വം തീർത്തവനീശ്വരനിൽ
കണ്ണിനും കാണാമപ്പുറത്ത്
കർത്താവുള്ളൊരി അൾത്താരയിൽ
വിശ്വസിച്ചിടുന്നവർ ചൊല്ലിയാൽ
വിഷമയം സാത്താനന്നു പോകും
വിശ്വാസമോടെ മൊഴിഞ്ഞിടുമെങ്കിൽ
വൻ വിനയാകെയകന്നു പോകും

വിശ്വാസി വീറോടെ ചൊല്ലുമെങ്കിൽ
വിസ്മയം വിലാപമകന്നുപോകും
വിശ്വാസമോടെ കൈവച്ച് ചൊല്ലിയാൽ
വൻരോഗവേരുകൾ പിഴുതുപോകും
ഫലദായകമാം തിരുവചനം
കൃപദായകം തിരുവചനം
സുഖദായകം തിരുവചനം
ശുഭനായകം തിരുവചനം

## 121. വിശുദ്ധിതൻ നിറകുടമെ

വിശുദ്ധിതൻ നിറകുടമെ
പാദുവാ പുണ്യവാനേ
പാരിതിൽ ദീനരായ്
ഞങ്ങൾ നിൻ മുമ്പിൽ
ദീനത മാറ്റി നീ അനുഗ്രഹിക്കൂ (2)
കുരുടന് കാഴ്ചയും ബധിരന് കേൾവിയും
മുടന്തന് സൗഖ്യവും ഏകിയ നാഥൻ
നിന്നിൽ സംപ്രീതനായ് ഭവിച്ചിടുമ്പോൾ
വരമാരി നിന്നിൽ ചൊരിഞ്ഞിടുമ്പോൾ
ആലംബഹീനരായ് മുന്നിൽ നിൽക്കുമീ
ഞങ്ങളെയും നീ അനുഗ്രഹിക്കൂ
മരിച്ചവനുയിരേകി സാത്താനെ നിഹനിച്ചു
ദുഃഖവും ദുരിതവും മാറ്റിയ നാഥൻ
നിന്നിൽ സംപ്രീതനായ് ഭവിച്ചിടുമ്പോൾ
വരമാരി നിന്നിൽ ചൊരിഞ്ഞിടുമ്പോൾ
ആലംബഹീനരായ് മുന്നിൽ നിൽക്കുമീ
ഞങ്ങളെയും നീ അനുഗ്രഹിക്കൂ

## 122. സമർപ്പണം ചെയ്യുന്നു

സമർപ്പണം ചെയ്യുന്നു ഞാൻ നാഥാ
സമർപ്പണം ചെയ്യുന്നു ഞാൻ
യാഗമായ അർപ്പിക്കുന്നു നാഥാ എന്നെ
പൂർണ്ണമായ് അർപ്പിക്കുന്നു
നാഥാ നീയെന്നെ സ്വീകരിക്കൂ

സ്വർഗ്ഗത്തിൽ നാഥൻ
ലോകത്തിനധിപൻ
ഈ തിരുവോസ്തിയിൽ വാഴും
ഈശോ നിത്യജീവനായ് തീരും
ഈ വീഞ്ഞു നിറയും കാസയിൽ ജീവന്റെ
തിരുരക്തമായ് മാറ്റും നാഥൻ
മർത്യജീവന്റെ രക്ഷയായ് തീരും
ലോകരക്ഷയായ് മാറുന്ന നിമിഷം
പാപവിമോചന നിമിഷം ഇത്.
പാപവിമോചന നിമിഷം

## 123. സർവ്വശക്തൻ എന്റെ ദൈവം

സർവ്വശക്തൻ എന്റെ ദൈവം
ലോകരക്ഷകൻ ഈശോ മിശിഹാ
മലയേ മാറ്റും, വിശ്വാസത്താൽ
സൗഖ്യമേകും ഈശോ നാഥൻ
പാപത്തിൽ നിന്നും
രോഗത്തിൽ നിന്നും
സൗഖ്യമാക്കും നാഥൻ
ജീവനേകി മാംസം നൽകി
രക്തമേകി നാഥൻ
റാഫാ...യഹോവാ
എന്നെ...സൗഖ്യമാകും.
സാത്താൻ തന്ത്രവും, ശാപദോഷവും
തകർത്തു ക്രൂശിനാൽ നാഥൻ
വിജയശ്രീലാളിതൻ, രാജാധിരാജൻ
രക്ഷ പകർന്നൊരു സുദിനം
ശാലോ യഹോവാ...എന്റെ സമാധാനം...
നിസ്സി....യഹോവ....വിജയം എന്റെ ദൈവം

## 124. സർവ്വ പ്രപഞ്ചസൃഷ്ടാവാം

സർവ്വ പ്രപഞ്ചസൃഷ്ടാവാം
രക്ഷകനേശുവിനോശാന
ഈ മണ്ണിൽ ഞങ്ങൾക്കായ് വാഴുന്ന
രാജാധിരാജനോശാന ഓശാനാ...............ഓശാന

ദൈവമഹത്വത്തിൽ വാഴുന്നോൻ
കരുണാമയനിന്നോശാന
അത്യുന്നതങ്ങളിൽ നിന്നുയരും
ആരാധ്യനാഥനിന്നോശാന
ഓശാന........ഓശാന

## 125. സ്വസ്തി നന്മ പൂരിതേ

സ്വസ്തി നന്മ പൂരിതേ
നിന്നോടുകൂടെ നാഥനും
സ്ത്രീകളിലനുഗ്രഹീത
നിൻ കുമാരനേശുവും
പാപരഹിതയായ മേരി
തമ്പുരാന്റെ അമ്മ നീ
പാപികൾ ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിയ്ക്കേണമെപ്പോഴും
താതനും സ്വപുത്രനും
തൻപാവനാത്മനും മുദാ
സ്തോത്രമേകിടുന്നു നിത്യ
കാലവും നമോ സ്തുതേ!

## 126. സാഗരങ്ങളെ ശാന്തമാക്കിയോൻ

സാഗരങ്ങളെ ശാന്തമാക്കിയോൻ
ശക്തനായവൻ കൂടെയുണ്ട്
ഇന്നുമെന്റെ കൂടെയുണ്ട് കൂടെയുണ്ട് നാഥൻ
ഭയപ്പെടില്ല ഞാൻ ഭയപ്പെടില്ല
ജീവതത്തിൽ ഒരുനാളും സംഭ്രമിക്കില്ല
കർത്താവാണെന്റെ ദൈവം
അവനെന്നെ സഹായിക്കും ശക്തനാക്കും
വലം കൈയാൽ താങ്ങി നിർത്തും
ഇന്നുമെന്റെ കൂടെയുണ്ട് കൂടെയുണ്ട് നാഥൻ
ഭയപ്പെടില്ല ഞാൻ ഭയപ്പെടില്ല
ജീവിതത്തിൽ ഒരുനാളും നിശബ്ദനാകില്ല
യേശുവാണെന്റെ ദൈവം
ഞാനെന്നും ഘോഷിക്കും സത്യമായി
ക്രൂശിലെ ദിവ്യയാഗം

ഇന്നുമെന്റെ കൂടെയുണ്ട് കൂടെയുണ്ട് നാഥൻ
ഭയപ്പെടില്ല ഞാൻ ഭയപ്പെടില്ല

## 127. സ്വർഗ്ഗം തുറന്നു വരുന്നു

സ്വർഗ്ഗം തുറന്നു വരുന്നു
സ്വർലോകനാഥനാമീശോ
പാടുന്നു മാലാഖവൃന്ദം
വാഴ്ത്തുന്നു മന്നിലെ മക്കൾ
ഹല്ലേലുയാ ഹല്ലേലുയാ
ഹല്ലേലുയാ സ്തുതി ആരാധന
സർവ്വവും നൽകാം നിൻ പാദന്തികത്തിൽ
സുഖവും എൻ ദുഃഖങ്ങളെല്ലാം
സുരലോക നാഥാ വരണേ കനിവായ്
സ്തുതിയേകി വാഴ്ത്തിടാം ഞങ്ങൾ
കരയുവോർക്കാശ്വാസം നീയെന്റെ നാഥാ
കർത്താവേ സൗഖ്യം തരേണേ
തിരുവോസ്തി രൂപാ നിറയൂ എന്റെ
ആത്മാവിൻ സക്രാരി തന്നിൽ

## 128. സമർപ്പണത്തിൻ സമയമായി

സമർപ്പണത്തിൻ സമയമായി
സമർപ്പിക്കുവാൻ സകലതും
ദൈവം നിന്നോട് ചോദിപ്പതൊക്കെയും
നൽകുവാൻ ഒരുങ്ങീടുവാൻ
ദൈവേഷ്ടമാണെന്നു കരുതി നീ ചെയ്തതെല്ലാം
ദൈവേഷ്ടമല്ലായിരുന്നെന്ന് അറിഞ്ഞീടുകിൽ
സമ്പാദ്യമാണെന്നു കരുതിയ നേട്ടമെല്ലാം
സൗഭാഗ്യമേകില്ലെന്നോർത്തു മനം തുറക്കൂ
ഇനിയെങ്കിലും...ഇനിയെങ്കിലും
സ്വന്തം വഴികൾ ത്യജിച്ചീടുവിൻ
സ്വർഗ്ഗീയവഴിയെ ചരിച്ചീടുവിൻ
ബലിവേദിയിൽ വന്നുനില്ക്കുമീ നിമിഷവും നിൻ
മനസ്സിൽ വെറുപ്പും വിരോധവും നിറഞ്ഞീടുകിൽ
സംപ്രീതനാകില്ല നാഥനീ കാഴ്ചകളിൽ
സ്വീകാര്യമാകില്ല നിന്നുടെ യാഗാർപ്പണം

ഇന്നെങ്കിലും ഇനിയെങ്കിലും
അനുരഞ്ജനത്തിൻ വഴി തേടുവിൻ
സന്തോഷമായ് വന്നു ബലിയേകുവിൻ

## 129. സ്വീകരിച്ചാലും നാഥാ...

സ്വീകരിച്ചാലും നാഥാ സ്വീകരിച്ചാലും
ഈ എളിയവർതൻ കാഴ്ചകൾ നീ ബലിയണച്ചാലും
സ്വന്തമായി ഒന്നുമില്ല കൈമുതൽ നാഥാ
നിൻ ദാനമാണീ ജീവിതം എന്നേറ്റു ചൊല്ലുന്നു
നന്ദിതൻബലിയാൽ എന്നുടെ ഹൃദയമേകിടാം
തന്ന നന്മകൾ ഓരോന്നായ് എണ്ണിയോർത്തിടാം
ജീവദായകമാം ബലിയിൽ പങ്കുചേർന്നിടുകിൽ
നിന്റെ സ്നേഹമെന്നുടെ ജീവിതത്തിൽ
പങ്കുവെച്ചിടാം

അങ്ങയോടൊന്നായ് നാഥനു യാഗമേകിടാം
യോഗ്യമല്ലെൻ ആത്മാവും ദേഹവും നാഥാ
പാപമോചനവും കൃപയും എന്നിലേകണമേ
നിത്യവും പുണ്യജീവിതപാതയിൽ ഞാൻ നന്മ
ചെയ്തിടാൻ

## 130. സൃഷ്ടികളെ സ്തുതി പാടുവിൻ

സൃഷ്ടികളെ സ്തുതി പാടുവിൻ
നാഥനെ വാഴ്ത്തിടുവിൻ
മഹിമകൾ തിങ്ങും ഇഹപരനേ, നിത്യം
പാടിപ്പുകഴ്ത്തീടുവിൻ
വാനിടമേ ദൈവദൂതരേ
നാഥനെ വാഴ്ത്തിടുവിൻ
അംബരമേ ജലസഞ്ചയമേ നിത്യം
പാടിപ്പുകഴ്ത്തിടുവിൻ

ഉന്നതശക്തികരേവരും
നാഥനെ വാഴ്ത്തിടുവിൻ
പകലവനേ വിൺപനിമതിയേ നിത്യം
പാടിപ്പുകഴ്ത്തീടുവിൻ

മിന്നും താരസമൂഹമേ
നാഥനെ വാഴ്ത്തിടുവിൻ
മഞ്ഞും മഴയും മാരുതനും നിത്യം
പാടിപ്പുകഴ്ത്തിടുവിൻ
തീയും ചൂടും ശൈത്യവുമേ
നാഥനെ വാഴ്ത്തിടുവിൻ
ഹിമകണമേ കാർമേഘവുമേ, നിത്യം
പാടിപ്പുകഴ്ത്തിടുവിൻ

## 131. സ്വർഗ്ഗവാസികളെ ഭൂവാസികളെ

സ്വർഗ്ഗവാസികളെ ഭൂവാസികളെ
കർത്താവിനെ സ്തുതിപ്പിൻ നിങ്ങൾ
കർത്താവിനെ സ്തുതിപ്പിൻ
കൈതാളമോടെ സ്വരരാഗമോടെ
ആർത്തുഘോഷിക്കുവിൻ
ഹാല്ലേല്ലൂയ 3 (സ്വർഗ്ഗ.......)

സ്നേഹ സ്വരൂപന്റെ ദൈവിക ദാനം
ഞങ്ങളിൽ സമൃദ്ധമായ് നിറയ്ക്കേണമേ
വരമരുളൂ...ദിവ്യതാത
കൃപയരുളൂ ദിവ്യ നാഥാ (സ്വർഗ്ഗ..........)

സ്നേഹമൊഴുക്കി-ശാന്തി പരത്തീടാൻ 2
തവകൃപ മാരിയായ് ചൊരിയേണമേ
പാവനാത്മാ, എന്നിൽ നിറയൂ
അകം നിറയെ വന്നു നിറയു 2 (സ്വർഗ്ഗ....)

## 132. സ്തുതി ഗീതകങ്ങൾ പാടി

സ്തുതി ഗീതകങ്ങൾ പാടി
ജയ ഗീതമൊന്നായ് മുഴക്കി
ഒരു മനമോടെ ഒരു ഗണമായി
ഉച്ചത്തിൽ ഉൽഘോഷിക്കാം
ആരാധന...........ആരാധന 2
ആത്മാവിലെന്നാളും ആരാധന

എന്നെന്നും എന്നെന്നും ആരാധന
എൻ നാഥനെന്നെന്നും ആരാധന (സ്തുതി..........)
ഇടയനില്ലാതെ ഇടറിയനേരം
പാപത്തിൻ കുഴിയിൽ വീണുലഞ്ഞു
പാപിയാണെന്നു ഞാനേറ്റു പറഞ്ഞപ്പോൾ
പാപത്തിൽ നിന്നവൻ കരകയറ്റി 2 (സ്തുതി.......)
ദൈവമാണെന്നും എൻ പരിപാലകൻ
എന്നെന്നും എന്നെ താങ്ങും സംരക്ഷകൻ
എൻ ക്ലേശത്തിലും എൻ ദുഃഖത്തിലും
അവനായ് സ്തുതിഗീതം പാടിടുമേ 2
(സ്തുതി..........)

## 133. സ്നേഹ പിറക്കുന്ന ഗേഹം

സ്നേഹ പിറക്കുന്ന ഗേഹം
സ്നേഹം വസിക്കുന്ന ഗേഹം
ഒന്നിച്ചു പ്രാർത്ഥിച്ചും ഒന്നിച്ചു ഭക്ഷിച്ചും
ഒന്നിച്ചുല്ലസിക്കും ഗേഹം
ആ സ്നേഹം പങ്കിടും ഗേഹം
(സ്നേഹം...)
അപ്പനും അമ്മയും മക്കളുമൊന്നിച്ച്
ദുഃഖങ്ങൾ പങ്കുവെച്ചാൽ
പാതിയായ് കുറയുമാ ദുഃഖഭാരം പിന്നെ
സ്നേഹിക്കലേറെയെളുപ്പമാകും
(സ്നേഹം...)
ഒരു ഞെട്ടിൽ നിൽക്കുന്ന പൂക്കളെപോലെയായ്
മധുരിക്കും സ്നേഹത്തിൻ തേൻതുള്ളികൾ
ഒന്നുപോൽ ഒപ്പമായ് പങ്കുവെച്ചാൽ- പിന്നെ
ഗേഹം സ്വർഗ്ഗത്തിൻ രൂപമാകും

## 134. സ്നേഹസ്വരൂപനാമെന്നേശു

സ്നേഹസ്വരൂപനാമെന്നേശുനാഥാ
കാരുണ്യമൂർത്തിയാമെൻ ജീവനാഥാ
ഹൃദയം തുറന്നു ഞാൻ കാത്തിരിപ്പൂ
എൻജീവിതേശ്വരാ നീയണയൂ

മെഴുകുപോലുരുകുമെൻ
ഒരു തിരിനാളമായ് നീ തെളിയും
പാപപങ്കിലമാം എൻ ഹൃദയത്തിൽ
നന്മതൻ മുത്തുകൾ നീ നിറയ്ക്കൂ
കാൽവരിതന്നിലെ ബലിവേദിയിൽ
മർത്ത്യനായ് സർവ്വമർപ്പിച്ച ദേവാ
നിൻവഴിത്താരയിലൂടെയെന്നെ
നിത്യം നയിക്കുകെൻ ജീവനാഥാ

## 135. സാഗരസംഗീത...

സാഗരസംഗീത ദ്രുതതാള ചലനങ്ങൾ
കൃപയുടെ സ്വർഗ്ഗീയ രാഗകല്ലോലങ്ങൾ
ആത്മാവിലേകുന്നു തേജസ്ഫുരണങ്ങൾ
ആനന്ദ ദീപ്തമാം മാനസോല്ലാസങ്ങൾ
സ്വർഗ്ഗപിതാ വന്ദേ:
സ്വർഗ്ഗസുതാ വന്ദേ:
പവിത്രാത്മാ വന്ദേ:
സ്മൃതിയുടെ നിരന്തരം സമർപ്പണം കൃപാജലേ
ദിവ്യകാരുണ്യ നാഥൻ ഏറ്റുകൊള്ളുന്നു സൗമ്യം
നിരന്തര വിശുദ്ധിതൻ സൗഖ്യത്തിന് ധാരയാൽ
ആനന്ദാമൃതം ഉൾക്കാമ്പിൽ നിറയുന്നു
സ്വർഗ്ഗപിതാ വന്ദേ:
സ്വർഗ്ഗസുതാ വന്ദേ:
പവിത്രാത്മാ വന്ദേ:

## 136. സക്രാരി തന്നിലെന്നും

സക്രാരി തന്നിലെന്നും
കൃപാ സത്യ രൂപനീശോ
നീയൊഴുക്കുക കൃപാ തീർത്ഥം നാഥാ (2)
വിദ്വേഷ മുൾമുനകൾ
ഹൃത്തിലേറ്റു പിടയുമ്പോൾ
നീയൊഴുക്കുക കൃപാ തീർത്ഥം നാഥാ (2)
എൻ ജീവിത മേഖലകൾ
സ്നേഹരഹിത മരുഭൂവിൽ
നീയൊഴുക്കുക കൃപാ തീർത്ഥം നാഥാ (2)

ഇരുളുന്ന ദിനങ്ങളിൽ
വരളുന്ന തൊണ്ടയിൽ
നീയൊഴുക്കുക കൃപാ തീർത്ഥം നാഥാ (2)

## 137. സുവിശേഷം.......സുവിശേഷം

സുവിശേഷം..................സുവിശേഷം
സനേഹത്തിൻ സന്ദേശം
ജീവാത്മാവിൻ പീയൂഷം
ദൈവസുതന്റെ ജീവൻ പകരും
പാപവിമോചന സന്ദേശം സുവി...
സ്വർഗ്ഗകവാടമേ തുറന്നിടുക
സുവിശേഷസൂക്തങ്ങൾ പകർന്നിടുക
അജ്ഞരാം ഞങ്ങളിൽ തൂകിടുക
നിത്യ ദൈവത്തിൻ സ്നേഹം പകർന്നിടുക സുവി...
ദൈവസുതാ നിൻ കാരുണ്യം
ഭൂമിയിലെങ്ങും പകർന്നിടുക
വൈഭവമേകി ഞങ്ങളിൽ നീ
പൊന്നൊളി വീശുക നിത്യവും നീ സുവി...

## 138. സ്നേഹസ്വരൂപനേ ഈശോ....

സ്നേഹസ്വരൂപനേ ഈശോ നാഥനേ
കരുണയോടെ എന്നിൽ നീ
വാഴാൻ വന്നിടേണമേ
മുറിവു നീക്കി മാനസേ
സ്നേഹം ചൊരിയേണമേ!
ആത്മനാഥനേശുവേ
എന്നിൽ ജീവൻ പകരണേ!
ആത്മഭോജ്യമായി നീ
എന്നിൽ വന്നു വാഴണേ! സ്നേഹ.....
ഉള്ളം തേങ്ങുന്ന നേരം
എനിയ്ക്കാശ്വാസമേകാൻ വരില്ലേ
ആരോരുമില്ലാത്ത നേരം
എനിയ്ക്കാലംബമായ് നീ വരില്ലേ
ചുമലിൽ ജീവിത ക്രൂശുമായ് ഞാൻ

ഭാരം താങ്ങുന്ന നേരം
സഹനവേളയിൽ ഏകനായ് ഞാൻ
കണ്ണീർ തൂകുന്ന നേരം
നാഥാ എന്നെ താങ്ങണേ ! സ്നേഹ......
കൂട്ടം തെറ്റുന്ന നേരം
എനിക്കിടയനായ് നീ വരില്ലേ
നീറും നിരാശതൻ നടുവിൽ
എനിക്കാനന്ദ പൂന്തേൻ തരില്ലേ?
കഥനതീയിൽ ഞാൻ ഉരുകും നേരം
കുളിരായ് ചാരെ നീ വരികില്ലേ?
കനിവാർന്നു നിൻ തിരുഹൃദയത്തിനുള്ളിൽ
ഒരു വാസഗേഹം തരികില്ലേ
എന്നെ പൂർണ്ണമായ് ഏകിടാൻ സ്നേഹ......

## 139. ഹൃദയം തുറന്നിടുന്നു ഞാനെൻ

ഹൃദയം തുറന്നിടുന്നു ഞാനെൻ
ഹൃദയം തുറന്നിടുന്നു
എൻ ഹൃദയത്തിൽ വന്നു നീ നിറയു നാഥാ
എന്നിൽ നിറഞ്ഞൊഴുകൂ
വരുവിൻ വരുവിൻ എന്റെ ഹൃത്തിൽ
നിറയൂ എന്റെ ഹൃത്തിൽ
പാപം ഞാൻ വെടിയാം
എന്നെ ഞാൻ നിനക്കേകാം
ക്ഷമിക്കൂ എൻ അകൃത്യം
പൊറുക്കൂ എന്നപരാധം
എന്നെ നീ സ്വീകരിക്കൂ (2)
സൗഖ്യം എന്നിൽ അരുളു നാഥാ
എന്നിൽ വന്നണയൂ
മനസ്സിന് വ്യഥ നീക്കൂ
മുറിവുകൾ സുഖമാക്കൂ
എന്നെ നീ സ്വീകരിക്കൂ (2)

## 140. ക്ഷമാശീലനാമെന്നേശുവെ

ക്ഷമാശീലനാമെന്നേശുവെ
ശാന്തശീലനാമെന്നേശുവെ
കഠിനമാമെൻ ഹൃദയം തവ ഹൃദയം
പോലെയാക്കണെ (ക്ഷമാ..........)
ദ്രോഹങ്ങൾ സഹിച്ചു ഞാൻ തളർന്നിടുമ്പോൾ
കോപത്താലെന്നുള്ളം തിളച്ചിടുമ്പോൾ
കരുണാസ്പർശം നീയേകിടണേ
സൗഖ്യം തരണെ അലിവൊഴുകിടുവാൻ (ക്ഷമാ...)
ത്യാഗങ്ങൾ സഹിച്ചു ഞാൻ വളർത്തിയവർ
ആഴത്തിൽ മുറിവേല്പിച്ചകന്നിടുമ്പോൾ
കുരിശിൽ പിടയും നേരവുമങ്ങേ
അധരം അരുളും പചസ്സുരുവിടുവാൻ
(ക്ഷമാ...)

## 141. ക്ഷമിക്കുവാനാവാത്ത നിമിഷങ്ങളെ

ക്ഷമിക്കുവാനാവാത്ത നിമിഷങ്ങളെ
ആത്മീയ ശക്തിയാൽ നിറക്കണമെ
മറക്കുവാൻ കഴിയാത്ത ദുഃഖങ്ങളെ
മനസ്സിൽ നിന്നു നീ മായ്ക്കേണമേ (2)
യേശുവേ, എൻ യേശുവേ നീ മാത്രമെൻ സഹായം (2)
നീതിക്കുവേണ്ടി ഞാൻ പൊരുതിടുമ്പോൾ
ശത്രുക്കൾ എൻ ചുറ്റും പെരുകിയപ്പോൾ (2)
അന്നെന്നെ തറക്കാൻ കുരിശുമായ് വന്നവരേ
സമർപ്പിച്ചിതാ യേശുവിൻ മുമ്പിൽ
പൂർണ്ണമായ് മാപ്പു നൽകുന്നു
(ക്ഷമിക്കുവാൻ)
സ്നേഹമുള്ളോരെന്ന് കരുതിയെന്റെ
ഉള്ളിന്റെയുള്ളം ഞാൻ പങ്കുവച്ചു (2)
അന്നെന്നെ തകർക്കാൻ ചതിക്കുഴി തീർത്തവരേ
അനുഗ്രഹിക്കൂ കരുത്തേനിക്കേകൂ
അവർക്കു ഞാൻ നന്മ നേരുന്നു
(ക്ഷമിക്കുവാൻ)

## 142. എഫാത്താ......എഫാത്താ

എഫാത്താ.......എഫാത്താ
ഗലീലിലുയർന്ന വചനം
ആത്മീയ ബധിതര മാറ്റും
ആശ്വാസമേകും വചനം
ശ്രവിക്കാൻ, ഹൃദയമൊരുക്കാൻ
ഈ ജീവിതത്തിൽ പകർത്താൻ
എഫാത്താ..........

കദനമേറും വനിയിൽ
ആശയില്ലാതലയും
മനുഷ്യമക്കൾക്കഭയം
കരുണയേകും വചനം
പുതുജീവനേകിയുണർത്തും
പാവനസ്നേഹ വചനം
എഫാത്താ..........

ഇരുളുമൂടും വഴിയിൽ
ദിശകളറിയാതുലയും
തളരും മനസ്സുകൾക്കഭയം
താതൻ നൽകും വചനം
പറുദീസ നൽകി നയിക്കും
ആത്മസായൂജ്യ വചനം
എഫാത്താ.........

## 143. ഉള്ളം നൊന്തു നീ തേങ്ങുമ്പോൾ

ഉള്ളം നൊന്തു നീ തേങ്ങുമ്പോൾ
ഉള്ളം കയ്യിൽ താങ്ങാം ഞാൻ
ഉള്ളിലെ നൊമ്പര പാടുകളിൽ
ചുംബനമേകി തലോടാം ഞാൻ
എന്റെ കുഞ്ഞേ പൊന്നോമലെ
നിന്റെ ദൈവം ഞാനല്ലയോ
ഇടറല്ലെ, പതറല്ലെ, കരയല്ലെ നീ
അഭയമേകാൻ ഞാൻ കൂടെയില്ലേ
ഉള്ളം.......

ആരൊക്കെ നിന്നെ മറന്നാലും
ആരെല്ലാം നിന്നെ വെറുത്താലും
ഒരിക്കലും നിന്നെ മറക്കില്ല ഞാൻ
ഒരുവേള പോലും പിരിയില്ല ഞാൻ എന്റെ......

രോഗിയായ് നീ തേങ്ങി കരയുമ്പോൾ
പാപിയായ് നീയേറെ തകരുമ്പോൾ
ആശ്വാസമേകുവാൻ അണഞ്ഞിടാം ഞാൻ
ആത്മീയ ജീവൻ പകർന്നിടാം ഞാൻ എന്റെ.....

145 (A)

ആത്മസന്തോഷംകൊണ്ടാനന്ദിപ്പാൻ
ആത്മമാരികൊണ്ട് നിറയ്ക്കണമേ
ദൈവത്തിന്റെ തേജസ്സിന്നിവിടെ
പ്രകാശിക്കവേണം വെളിച്ചമായി

(B)

യേശു നല്ലവൻ / അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇറച്ചിൽ പോലെ.
സ്തുതിച്ചീടും നാം അവന്റെ നാമം
ഹല്ലേലൂയ ഹല്ലേലൂയ
മഹത്വവും ജ്ഞാനവും സ്തോത്രവും
ബഹുമാനം ശക്തിയും ബലവുമെന്നേശുവിന്

(C)

സ്തുതി സ്തുതി എൻ മനമേ
സ്തുതികളിൽ ഉന്നതന്നെ - നാഥൻ
നാൾതോറും ചെയ്ത നന്മകളോർത്ത്
പാടുക നീ എന്നും മനമേ

(D)

പാട്ടുപാടി സ്തുതിക്കാം നമുക്ക്
യേശുവിൻ നാമത്തിന്
ഹല്ലേലൂയ പാടി വാഴ്ത്തിടാം
എൻ രക്ഷകൻ നാമത്തിന്
പാടുവിൻ, പാടുവിൻ സ്തുതി പാടുവിൻ

(E)

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ, അത്
ചിന്തയിലടങ്ങാ, സിന്ധു സമാനമായ്
സന്തതം കാണുന്നു ഞാൻ

(F)

സൃഷ്ടികളെ സ്തുതി പാടുവിൻ
നാഥനെ വാഴ്ത്തിടുവിൻ
മഹിമകൾ തിങ്ങും ഇഹപരമേ
നിത്യം പാടി പുകഴ്ത്തിടുവിൻ

(G)

സീയോൻ യാത്രയതിൽ
മനമേ ഭയമൊന്നും വേണ്ടിനിയും
അബ്രഹാമിൻ ദൈവം
ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവം
കൂടെയുള്ളതാൽ

(H)

ദൈവസന്നിധേ ഞാൻ സ്തോത്രം പാടിടും
ദൈവം നൽകിയ നന്മകൾക്കായ്
ദൈവം ഏകിതൻ സൂനുവേ പാപി എനിക്കായ്
ഹല്ലേലൂയ ഗീതം പാടും ഞാൻ
പാടി സ്തുതിക്കും ഞാൻ പാടിസ്തുതിക്കും
സ്തോത്രഗീതം പാടി സ്തുതിക്കും

(I)

ശ്രീയേശു നാമം അതിശയനാമം
ഏഴയെനിക്കിമ്പനാമം
എല്ലാ നാമത്തിലും മേലായനാമം
ഭക്തജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങളും തൻ തിരുമുമ്പിൽ
വല്ലഭത്വമുള്ള നാമം.

●●●

## കുമ്പസാരത്തിനുള്ള ജപം

സർവ്വശക്തനായ ദൈവത്തോടും നിത്യ കന്യകയായ പരിശുദ്ധമറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, ശ്ലീഹൻമാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമയോടും സകല വിശുദ്ധന്മാരോടും, പിതാവേ അങ്ങയോടും ഞാൻ ഏറ്റു പറയുന്നു. വിചാരത്താലും, വാക്കാലും, പ്രവൃത്തിയാലും, ഉപേക്ഷയാലും, ഞാൻ വളരെയേറെ പാപം ചെയ്തു പോയി. എന്റെ പിഴ, എന്റെ വലിയ പിഴ.

ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപക യോഹന്നാനോടും, ശ്ലീഹൻമാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമയോടും സകല വിശുദ്ധന്മാരോടും, പിതാവേ അങ്ങയോടും നമ്മുടെ കർത്താവായ ദൈവത്തോട് എനിക്ക് വേണ്ടി പ്രാർത്ഥിക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു. ആമ്മേൻ.

## മനസ്താപ പ്രകരണം

എന്റെ ദൈവമേ, ഏറ്റവും നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടാൻ യോഗ്യനുമായ അങ്ങേയ്ക്കെതിരായി പാപം ചെയ്തുപോയതിനാൽ ഞാൻ പൂർണ്ണഹൃദയത്തോടെ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയ തിനാലും സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (അർഹയായി) തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവരസഹായത്താൽ പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും, മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക

എന്നതിനേക്കാൾ മരിക്കുവാനും ഞാൻ സന്നദ്ധനാ (സന്നദ്ധ) യിരിക്കുന്നു. ആമ്മേൻ.

## കുമ്പസാരത്തിന് ഒരുക്കം

നിന്റെ പാപം നിന്നെ വേട്ടയാടുമെന്നു നീ അറിഞ്ഞു കൊള്ളുക (സംഖ്യ 32:23)

ദൈവത്തിന്റെ അനന്തമായ സ്നേഹ വലയത്തിൽ നിന്നും നമ്മെ അകറ്റിനിർത്തു ന്നതെന്തോ; അതാണ് പാപം

ദൈവ പ്രമാണങ്ങൾ, തിരുസഭയുടെ കൽപ്പനകൾ, മൂലപാപങ്ങൾ തുടങ്ങിയവയെപ്പറ്റി ഓർത്ത് പശ്ചാത്തപിച്ച്, പ്രതിജ്ഞയ്ക്കു ശേഷം പാപങ്ങൾ ഏറ്റുപറയണം.

## നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ അഞ്ച്

1. പാപങ്ങളെല്ലാം ക്രമമായി ഓർക്കുന്നത്
2. പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുന്നത്
3. മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നത്.
4. ചെയ്തുപോയ മാരകപാപങ്ങളെങ്കിലും വൈദികനെ അറിയിക്കുന്നത്
5. വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നത്.

## പത്തുപ്രമാണങ്ങളിലൂടെ ആത്മശോധന

### 1. നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്

a. 1. അന്യദൈവങ്ങളോടുള്ള അടുപ്പം, ആരാധന, മന്ത്രവാദം, വാരഫലം ഇവയിൽ വിശ്വസിച്ചിട്ടുണ്ടോ? 2. തകിട്, ഏലസ്, ഓതിയ ചരട് എന്നിവ ശരീരത്തിൽ ധരിച്ചിട്ടുണ്ടോ? 3. മന്ത്രവാദികൾ, കണിയാന്മാർ, മുസ്ലിയാർ, തിരുമേനികൾ എന്നിവരുടെ അടുക്കൽ പോയിട്ടുണ്ടോ? 4. കൂടോത്രവുമായി ബന്ധപ്പെട്ട ഏതെങ്കിലും സാധനങ്ങൾ വീട്ടിലോ പറമ്പിലോ കുഴിച്ചിട്ടുണ്ടോ? 5. വീടിന്റെ അതിർത്തികൾ വിലക്കിയിട്ടുണ്ടോ? 6. പക്ഷിനോട്ടം, കവിടി നിരത്തൽ, മഷിനോട്ടം എന്നിവയിലൂടെ പ്രശ്നം വച്ചിട്ടു

ണ്ടോ? 7. കൂടോത്രത്തിൽ ആരെയെങ്കിലും പ്രേരിപ്പിച്ചിട്ടു ണ്ടോ? 8. വെളിച്ചപ്പാടുള്ള സ്ഥലങ്ങളിൽ പോയിട്ടുണ്ടോ? 9. അമ്പലനേർച്ചകൾ കൊടുത്തിട്ടു ണ്ടോ? 10. വിഗ്രഹങ്ങളെ വണങ്ങിയിട്ടുണ്ടോ? 11. അമ്പലങ്ങളിലെ ഭസ്മം, പൂവ്, ജലം, പ്രസാദം, നൈവേദ്യങ്ങൾ എന്നിവ ഉപയോഗിച്ചിട്ടുണ്ടോ? 12. കൈനോട്ടം, രാഹുകാലം ജാതകം, മുഖലക്ഷണം നോക്കൽ, സ്ഥാനം നോക്കൽ എന്നിവ ചെയ്തിട്ടുണ്ടോ? 13. അന്ധവിശ്വാസങ്ങളിൽ വിശ്വസിച്ചിട്ടുണ്ടോ? പൂച്ച വിലങ്ങനെ ചാടുക, പല്ലി ചിലയ്ക്കുക, പല്ലി തലയിൽ വീഴുക, വലതുകാൽ വെച്ചുകയറുക, ഒന്നുപിഴച്ചാൽ മൂന്നു പിഴയ്ക്കും, നിറകുടം കലികുടം, നാലാമത്തെ പെണ്ണ്..... മുതലായവ 14. ദൈവത്തിൽ ആശ്രയിക്കാതെ ദർശന ങ്ങളുടേയും, ഭാവി പ്രവചിക്കുന്നവരുടേയും വാക്കുകളിൽ ആശ്രയിക്കുകയോ, അങ്ങനെ ചെയ്യാൻ മറ്റുള്ളവർക്ക് പ്രേരണ നൽകുകയോ ചെയ്തിട്ടുണ്ടോ? (ജെറെ 23: 16, 25-28) 15. വിശുദ്ധർക്ക് എന്റെ ഹൃദയത്തിൽ അമിത പ്രാധാന്യം നൽകുകയോ, ദൈവത്തെക്കാൾ അധികം അവരെ ഭയപ്പെടുകയോ ചെയ്തിട്ടുണ്ടോ? അവരെപ്പറ്റി അനാദരവോടെ സംസാരിക്കുകയോ, ചിന്തിക്കുകയോ ചെയ്തിട്ടുണ്ടോ? (നിയ. 5:6-11) 16. ദൈവപ്രീതിയേക്കാൾ അധികം മനുഷ്യപ്രീതി നേടാൻ ശ്രമിച്ചിട്ടുണ്ടോ? മനുഷ്യനെ പ്രീതിപ്പെടുത്താൻ ദൈവത്തെ മറന്ന് പ്രവർ ത്തിച്ചിട്ടുണ്ടോ? (ഗലാ. 1:10 1 സാമു. 15: 25)

## b. അഹങ്കാരം ഉണ്ടോ?

1. സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? 2. പിടിവാശി ഉണ്ടോ? 3. സ്വാർത്ഥ ഉള്ള ജീവിതശൈലിയാണോ? 4. ആഢംബര പ്രിയം ഉണ്ടോ? 5. ധനമോഹം ഉണ്ടോ? 6. ജോലി ഒരു വിഗ്രഹമാണോ? 7. ഭക്ഷണാസക്തി ഉണ്ടോ? 8. സിനിമാഭ്രമം ഉണ്ടോ? 9. മദ്യം, കഞ്ചാവ്, മയക്കുമരുന്ന്, പുകവലി, മുറുക്ക്, പൊടിവലി, ചീട്ടുകളി ദുശ്ശീലങ്ങളു ണ്ടോ? 10. മറ്റുള്ളവരെ ദുശ്ശീലങ്ങളിലേക്ക് ആകർഷിക്കു കയോ പ്രേരിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ? 11. ദൈവത്തി ന്റെ നന്മകൾക്കും അനുഗ്രഹങ്ങൾക്കുമായി അവിടു

ത്തോട് നന്ദി പറയാതിരുന്നോ? റോമ. 1 :18-32, ലൂക്കാ 17:11 -19, പത്രോ 2:9-10) 12. ദൈവം തന്ന കഴിവുകളെ സിദ്ധികളെ വളർത്തിയെടുക്കാതിരുന്നോ? (1 തിമോ 1:14)

c. 1. ആരോടെങ്കിലും പ്രത്യേക മമതയുണ്ടോ? 2. ദൈവത്തേക്കാൾ ഒന്നാം സ്ഥാനം മറ്റെന്തിനെങ്കിലും കൊടുക്കുന്നുണ്ടോ? പണം, വ്യക്തി, പ്രതാപം, ശരീരം, മന്ത്രം, സൗന്ദര്യം, സൽപ്പേര്, ലഹരി വസ്തുക്കൾ, സുഖസൗകര്യങ്ങൾ......

d. 1. ദൈവത്തിന് പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുന്ന (വൈദികർ, കന്യാസ്ത്രീകൾ, പ്രേഷിതർ) സൽപേരിന് കളങ്കം വരുത്തിയിട്ടുണ്ടോ? 2. അവരെ ഉപദ്രവിച്ചിട്ടുണ്ടോ? വിരോധം? 3. പള്ളിയുമായി കേസുകൾ, തർക്കങ്ങൾ നടത്തിയിട്ടുണ്ടോ?

## 2. ദൈവത്തിന്റെ തിരുനാമം വൃഥാ ഉപയോഗിക്കരുത്

1. കൂടെകൂടെ ആണയിടുന്ന സ്വഭാവം ഉണ്ടോ? 2. കള്ള സത്യം ചെയ്തിട്ടുണ്ടോ? 3. കള്ളക്കേസുകൾ കൊടുത്തിട്ടുണ്ടോ? 4. കള്ളസാക്ഷ്യം പറഞ്ഞിട്ടുണ്ടോ? (പോലീസ് സ്റ്റേഷനിൽ, കോടതിയിൽ, അധികാരിയുടെ സമക്ഷം) 5. നേർച്ചകൾ പൂർത്തിയാക്കാതിരുന്നിട്ടുണ്ടോ? 6. ദൈവത്തെപ്പറ്റി വെറുപ്പോടെ സംസാരിച്ചിട്ടുണ്ടോ? 7. വിശുദ്ധരേയും തിരുവസ്തുക്കളെയും പറ്റി നിന്ദിച്ചു പറഞ്ഞിട്ടുണ്ടോ? 8. ക്രിസ്തുവിന്റെ ദൈവത്വം അംഗീകരിക്കാത്തവരുമായി സഹകരിച്ചിട്ടുണ്ടോ? 9. യേശുക്രിസ്തുവിനെ മറ്റുള്ളവരുടെ മുന്നിൽ സാക്ഷ്യപ്പെടുത്താൻ ലജ്ജിച്ചിട്ടുണ്ടോ? (റോമ 10:9, ലൂക്കാ 9:25, 26) 10. യേശുവിന്റെ തിരുവചനങ്ങളെ വളച്ചൊടിക്കുന്നവരുമായി സമ്പർക്കം പുലർത്തുകയും അത്തരക്കാരെ ഭവനങ്ങളിൽ പ്രവേശിപ്പിക്കുകയും അവരുടെ പ്രാർത്ഥനാ യോഗങ്ങളിൽ സംബന്ധിക്കുകയും ചെയ്തിട്ടുണ്ടോ? (യോഹ. 22:29) (2 യോഹ 9-11) 11. ശപിച്ചിട്ടുണ്ടോ? 12. വചനദുരുപയോഗം, സന്ദേശ

ദുർവ്യാഖ്യാനം ചെയ്തിട്ടുണ്ടോ? 13. വിശുദ്ധ ഗ്രന്ഥം ദിവസവും വായിക്കുകയും പഠിയ്ക്കുകയും ചെയ്യാതിരുന്നിട്ടുണ്ടോ? വി. ഗ്രന്ഥം പ്രചരിപ്പിക്കുന്നതിന് എന്നാൽ ആകുന്ന വിധത്തിൽ സഹായിക്കാതിരുന്നിട്ടുണ്ടോ? (2 കൊറി 9:16,നിയ 6:6-69) 14. ദൈവതിരുനാമത്തിൽ കള്ളസത്യം ചെയ്യുകയോ ബൈബിൾ തിരുനാമത്തിൽ കള്ളസത്യം ചെയ്യുകയോ ചെയ്യിപ്പിക്കുകയോ ദൈവതിരുനാമം ബഹുമാനമില്ലാതെ കൂടെക്കൂടെ ഉപയോഗിക്കുകയോ ചെയ്തിട്ടുണ്ടോ? (ബ്രാ. 23:9-11) 15. നേർച്ചകൾ എല്ലാം ദൈവ മഹത്വത്തിനുള്ളതാണ്. നേർന്ന നേർച്ചകൾ മനഃപൂർവ്വം നിറവേറ്റാതിരുന്നിട്ടുണ്ടോ? എല്ലാറ്റിനും നേർച്ച നേരുന്ന പ്രകൃതക്കാരാണോ ഞാൻ? (പ്രഭാ: 18:22,23)

## 3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം

1. ഞായറാഴ്ചകളിലും കടപ്പെട്ട ദിവസങ്ങളിലും ദിവ്യ ബലിയിൽ മനഃപൂർവ്വം സംബന്ധിക്കാതിരുന്നോ? ബലിയർപ്പണത്തിന് യോജിക്കാത്ത വസ്ത്രധാരണം, നിൽപ്പ്, പെരുമാറ്റം ഇവവഴി ആർക്കെങ്കിലും ബലിയർപ്പണത്തിന് തടസ്സം നിന്നിട്ടുണ്ടോ? അന്നേ ദിവസം ദൈവികകാര്യങ്ങൾക്കായി സമയം മാറ്റി വെക്കുന്നതിൽ ഉൽസാഹം കാണിക്കാതിരുന്നിട്ടുണ്ടോ? (സജീവമായും ശ്രദ്ധയോടും കൂടി) (നിയ. 5:12-15; ഏശ 58:13, 14) 2. വിശുദ്ധകുർബാന വിശുദ്ധിയോടെയാണോ സ്വീകരിക്കുന്നത്? 3. ഞായറാഴ്ചകളിൽ കൂലിവേല ചെയ്യാറുണ്ടോ? ചെയ്യിക്കാറുണ്ടോ? 4. സമ്പത്ത് കഴിവ് ആരോഗ്യം എന്നിവ തന്റെ സാമർത്ഥ്യം കൊണ്ടുണ്ടായതാണെന്നുള്ള ധാരണയിൽ ദൈവത്തിന്റെ ആധിപത്യത്തെ നിഷേധിച്ചിട്ടുണ്ടോ? (8:17,18; യാക്കോ. 4:13,14) 5. എന്റെ പ്രാർത്ഥനാ ജീവിതം എങ്ങനെയുണ്ട്? വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് മുടക്കം വരുത്തിയിട്ടുണ്ടോ? കുടുംബപ്രാർത്ഥനയിൽ സജീവമായി സംബന്ധിക്കാതിരുന്നോ? കുടുംബപ്രാർത്ഥന നടത്താറുണ്ടോ?

(ലൂക്കാ 21:34,30) 6. കൂദാശകൾ ഒരുക്കമില്ലാതെ, അയോഗ്യതയോടെ വിസ്വാസമില്ലാതെ സ്വീകരിച്ചിട്ടുണ്ടോ? (1 കൊറി 11:27-32) 7. ആണ്ടുകുമ്പസാരം നടത്താറുണ്ടോ? 8. വെള്ളിയാഴ്ച ദിവസങ്ങളിൽ മാംസവും ലഹരി സാധനങ്ങളും ഉപയോഗിച്ചിട്ടുണ്ടോ? 9. ഉപവാസദിവസങ്ങളിൽ ഉപവസിക്കാതിരുന്നിട്ടുണ്ടോ? 10. രജിസ്റ്റർ വിവാഹം ചെയ്തിട്ടുണ്ടോ? 11. രജിസ്റ്റർ വിവാഹത്തിന് പ്രേരണ നൽകിയിട്ടുണ്ടോ? 12. ദൈവത്തിന് കൊടുക്കേണ്ട ദശാംശം മാറ്റി വെച്ച് കൊടുക്കാറുണ്ടോ?

## 4. മാതാപിതാക്കളെ ബഹുമാനിക്കുക

1. മാതാപിതാക്കളോടുള്ള ബഹുമാനം എങ്ങനെ? 2. അവരെ സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്യാതിരുന്നിട്ടുണ്ടോ 3. അവരെ വേദനിപ്പിച്ചിട്ടുണ്ടോ? 4. അവരുടെ രോഗത്തിലും അവശതയിലും വാർദ്ധക്യത്തിലും ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യാതിരുന്നിട്ടുണ്ടോ? 5. മുതിർന്നവരേയും മേലധികാരികളേയും അനുസരിക്കാതിരുന്നിട്ടുണ്ടോ? 6. മരിച്ചവർക്കുവേണ്ടിയുള്ള കടമകൾ നിറവേറ്റാതിരുന്നിട്ടുണ്ടോ? 7. ജീവിത പങ്കാളിയെ ശാരീരികമായ വേദനിപ്പിച്ചിട്ടുണ്ടോ? 8. അസഭ്യ വാക്കുകൾ പറഞ്ഞിട്ടുണ്ടോ? 9. ഭാര്യഭർത്തൃ വീട്ടുകാരെ കുറ്റപ്പെടുത്തിയിട്ടുണ്ടോ? 10.ഭാര്യയോട് പിണങ്ങി വീട്ടിൽ നിന്ന് ഇറക്കി വിടുകയോ അവളുടെ വീട്ടിലേയ്ക്ക് പറഞ്ഞ് അയക്കുകയോ ചെയ്തിട്ടുണ്ടോ? 11. ജീവിതപങ്കാളിയെ സംശയിച്ചിട്ടുണ്ടോ? 12. ജീവിതപങ്കാളിയുടെ ശാരീരികാവശ്യങ്ങൾ പൂർത്തിയാക്കാതിരുന്നിട്ടുണ്ടോ? 13. ജീവിത പങ്കാളിയെ അനുസരിക്കാതിരുന്നിട്ടുണ്ടോ 14. മക്കളെ കഠിനമായി ശിക്ഷിച്ചിട്ടുണ്ടോ? 15. മക്കളെ സദാ കുറ്റപ്പെടുത്തുന്ന സ്വഭാവം ഉണ്ടോ? 16. ജീവിത പങ്കാളിയെ മറ്റുള്ളവരുടെയും കുട്ടികളുടെയും മുന്നിൽ തരം താഴ്ത്തി സംസാരിച്ചിട്ടുണ്ടോ? 17. ജീവിതപങ്കാളിയെ ലൈംഗികമായ പീഢിപ്പിച്ചിട്ടുണ്ടോ? 18. ദാമ്പത്യധർമ്മം നിർവഹിക്കാ

തിരുന്നിട്ടുണ്ടോ? 19. ജീവിതപങ്കാളിയോട് അവിശ്വസ്തത പുലർത്താറുണ്ടോ? 20. ഗുരുക്കന്മാരോട് ബഹുമാനവും അനുസരണയും എങ്ങനെ? 21. ജോലി ചെയ്യുന്ന സ്ഥാപനത്തോട് വിശ്വസ്തതയും സ്നേഹവും പുലർത്താറുണ്ടോ? 22. സമൂഹത്തിലെ മന്ദബുദ്ധികൾ, മാനസികരോഗികൾ വികലാംഗർ, അന്ധർ, മൂകർ, ബധിരർ എന്നിവരോട് അനുകമ്പ കാണിക്കാതിരുന്നിട്ടുണ്ടോ? 23. സർക്കാർ നിയമങ്ങൾ അനുസരിക്കാതിരുന്നിട്ടുണ്ടോ? 24. നികുതികളിൽ ഭൂനികുതി, ഭവനനികുതി, ആദായനികുതി, വിൽപ്പനനികുതി എന്നിവയിൽ വെട്ടിപ്പും തട്ടിപ്പും കാണിക്കാറുണ്ടോ?

## 5. കൊല്ലരുത്

1. മറ്റുള്ളവരെ വെറുക്കുക, വേദനിപ്പിക്കുക, വിദ്വേഷം വച്ചു പുലർത്തുക ചെയ്തിട്ടുണ്ടോ? 2. മറ്റുള്ളവരുടെ സൽപേരിന് കളങ്കം വരുത്തിയിട്ടുണ്ടോ? 3. വിവാഹം മുടക്കിയിട്ടുണ്ടോ? 4. ഭ്രൂണഹത്യ ചെയ്യാൻ ഒരുങ്ങുകയോ തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ? 5. ഭ്രൂണഹത്യയ്ക്ക് കൂട്ടുനിന്നിട്ടുണ്ടോ? 6. ഭ്രൂണഹത്യക്ക് പ്രേരിപ്പിച്ചിട്ടുണ്ടോ? 7. ഭ്രൂണഹത്യക്ക് ശേഷം പരിഹാരം ചെയ്യാതിരുന്നിട്ടുണ്ടോ? 8. ആത്മഹത്യാശ്രമം നടത്തിയിട്ടുണ്ടോ? 9. ആത്മഹത്യക്ക് പ്രേരണ നൽകിയിട്ടുണ്ടോ? 10. ആരുടെയെങ്കിലും മരണത്തിന് കാരണമായിട്ടുണ്ടോ? 11. പക്ഷപാതം കാണിച്ചിട്ടുണ്ടോ? 12. അസൂയ ഉണ്ടോ? 13. മുൻകോപം ഉണ്ടോ? 14. അസഭ്യ വാക്കുകൾ പറയുന്ന സ്വഭാവം ഉണ്ടോ? 15. ആരോടെങ്കിലും ക്ഷമിക്കാനുണ്ടോ? (1 യോഹ 3:15) സഹോദരനെ ദ്രോഹിക്കുന്നവൻ കൊലപാതകിയാണ്. 16. മദ്യ,പാനം, പുകവലി, മുറുക്ക്, പൊടിവലി, മയക്കുമരുന്ന്, അമിതമായ ജോലി, അമിതമായ ഉറക്ക മൊഴിവ്, അമിതമായ ഭക്ഷണരീതി തുടങ്ങിയവ വഴി ശരീരത്തിന്റ ആരോഗ്യത്തെ ഹനിച്ചോ? (സുഭാ.23:29-35)

## 6. വ്യഭിചാരം ചെയ്യരുത്

## 7. അന്യന്റെ ഭാര്യയെ മോഹിക്കരുത്

1. ആസക്തിയോടെ പുരുഷനെ/സ്ത്രീയെ നോക്കിയിട്ടുണ്ടോ? 2. ലൈംഗിക വൈകൃതങ്ങളായ സ്വയംഭോഗം, സ്വവർഗ്ഗഭോഗം, വികാരങ്ങൾ ഉണർത്തുന്ന ചിത്രങ്ങൾ, പുസ്തകങ്ങൾ ഇവവഴി ശരീരത്തിന്റെ പരിശുദ്ധി നശിപ്പിച്ചിട്ടുണ്ടോ? (1 കോറി. 6:9-20) 3. ആരുടെയെങ്കിലും വികാരത്തെ നോട്ടം, സംസാരം, പ്രവൃത്തി, ആംഗ്യം മൂലം ഉണർത്തുവാൻ ഇടയാക്കിയിട്ടുണ്ടോ? 4. വികാരങ്ങൾ ദൈവത്തിന്റെ ദാനമാണെന്ന് ഓർത്ത് സ്തുതിച്ച് നന്ദി പറയാതിരുന്നോ? വികാരങ്ങളെ നിയന്ത്രിക്കുന്നതിൽ അശ്രദ്ധ കാണിച്ചോ? (പ്രബ്രാ. 23:16-9, 1-9, സുഭാ. 7:10, 25-28) 5. എന്റെ സംസാരം നോട്ടം, സ്പർശനം, കത്ത്, പെരുമാറ്റം ഇവവഴി മറ്റുള്ളവർക്ക് പാപകാരണമായിട്ടുണ്ടോ? (മത്താ. 5:27-30; 18:6-9, 1 കോറി. 8:12,13) 6. ബലാൽസംഗം നടത്തിയിട്ടുണ്ടോ? 7. സഹോദരങ്ങളെ ഏതെങ്കിലും കാരണത്താൽ എന്റെ ലൈംഗിക സംതൃപ്തിക്കായി ഞാൻ ഉപയോഗപ്പെടുത്തിയട്ടുണ്ടോ? 8. പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരത്തെ വൃത്തിയായി സൂക്ഷിക്കാതിരുന്നിട്ടുണ്ടോ? 9. വിശുദ്ധിയിൽ വളരാൻ ഉൽസാഹിക്കാതിരുന്നിട്ടുണ്ടോ? (1പത്രോ. 1 :15,16) 10. കണ്ണുകൊണ്ട് വ്യക്തികൾ, പുസ്തകം പോസ്റ്റർ സിനിമ ഇവയിലൂടെ പാപം ചെയ്തിട്ടുണ്ടോ? 11. കാതുകൊണ്ട് അശ്ലീല സംഭാഷണം, അശ്ലീല സംഗീതം ഇവയിലൂടെ ദുഷ്ചിന്തകളെ താലോലിച്ചിട്ടുണ്ടോ? 12. ഒളിഞ്ഞുനോട്ടം ചെയ്തിട്ടുണ്ടോ? 14. മൃഗഭോഗം ചെയ്തിട്ടുണ്ടോ? 15. വ്യഭിചാരം വിവാഹത്തിന് മുമ്പും പിമ്പും നടത്തിയിട്ടുണ്ടോ? 16. കൃത്രിമ കുടുംബാസൂത്രണം, വന്ധീകരണം നടത്തിയിട്ടുണ്ടോ? 17. ആഗ്രഹിച്ച ജീവിതപങ്കാളിയെ മനസ്സിനിണങ്ങിയ ജീവിതപങ്കാളിയെ ലഭിക്കാത്തതിൽ ദുഃഖിച്ചിട്ടുണ്ടോ? 18. പ്രേമബന്ധങ്ങൾ, അവിഹിത ബന്ധങ്ങൾ, അന്യന്റെ ഭാര്യയെ / ഭർത്താവിനെ സ്വന്തമാക്കാൻ ആഗ്രഹിക്കുകയോ പരിശ്രമിക്കുകയോ ചെയ്തിട്ടുണ്ടോ?

## 8. മോഷ്ടിക്കരുത്

1. സാധനങ്ങൾ, പണം, കള്ളത്തൂക്കം, കള്ളത്രാസ്, അന്യായ വില, അന്യായ പലിശ, കൈക്കൂലി, വഞ്ചന, കാപട്യം, സമയത്തിന്റെ ദുരുപയോഗം, പണത്തിന്റെ ധൂർത്ത് ഇവ എങ്ങനെ? പരിശോധിച്ച് നോക്കുക. 2. എന്റെ കീഴ്ജോലിക്കാരോട് മക്കളോട് അപമര്യാദയായി പെരുമാറുകയും അവരുടെ വ്യക്തിത്വത്തെ ബഹുമാനിക്കാത്ത രീതിയിൽ പ്രവർത്തിക്കുയും ചെയ്തിട്ടുണ്ടോ? (1 പത്രോ. 5:2-4) 3. സഹോദരങ്ങളോട് പക്ഷപാതപരമായി ഞാൻ പെരുമാറിയിട്ടുണ്ടോ? (യാക്കോ. 2 :1-4,9)

## 9. കള്ളസാക്ഷ്യം പറയരുത്

## 10. അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുത്

1. നുണ പറയാറുണ്ടോ? 2. സത്യത്തിന് വിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടോ? 3. രഹസ്യം പുറത്താക്കാറുണ്ടോ? 4. ഇല്ലാ കഥകൾ പറഞ്ഞ് പരത്താറുണ്ടോ? 5. മാതാപിതാക്കളുടെ പ്രമാണരേഖയിൽ മാറ്റം വരുത്തിയിട്ടുണ്ടോ? 6. വസ്തുവിന്റെ അതിർത്തി മാറ്റിയിട്ടുണ്ടോ? 7. വാഗ്ദാനങ്ങൾ ലംഘിച്ചിട്ടുണ്ടോ? 8. വാങ്ങിയത് മടക്കികൊടുക്കാതിരുന്നിട്ടുണ്ടോ? 9. കളഞ്ഞ് കിട്ടിയവ മടക്കികൊടുക്കാതിരുന്നിട്ടുണ്ടോ? 10. ജോലികളിൽ കൃത്യനിഷ്ഠ പാലിക്കാതിരുന്നിട്ടുണ്ടോ? 11. കൃഷിനാശം, വസ്തുനാശം ഇവ വരുത്തിയിട്ടുണ്ടോ? 12. മിണ്ടാപ്രാണികളോട് ക്രൂരത കാട്ടിയിട്ടുണ്ടോ? 13. വെള്ളം, വഴി, ഇലക്ട്രിസിറ്റി എന്നിവ പങ്ക് വെക്കാതിരുന്നിട്ടുണ്ടോ? 14. സഹോദരങ്ങൾക്ക് കിട്ടേണ്ട ന്യായമായ അവകാശം ഞാൻ അവർക്ക് നിഷേധിച്ചിട്ടുണ്ടോ? ഉദാ. കുടിവെള്ളം, വഴി, ഇലക്ട്രിസിറ്റി ഇവ നിഷേധിക്കുക. അന്യായമായ പലിശ വാങ്ങുക, ജീവനക്കൂലി കൊടുക്കാതിരിക്കുക, അതിർത്തിക്കല്ലുകൾ മാറ്റുക, വസ്തുവകകൾ അന്യായമായി കൈപ്പറ്റുക, കള്ളസാക്ഷി പറയുക, വിശ്വാസവഞ്ചന, ഊമക്കത്ത് എഴുതുക (പ്രഭാ. 34:18-22, സുഭാ. 11:1, 20:11, 22:22, 23:2310, 11 യാക്കോ 5:16

പുറ 21:18,19, 22:1-11 ലേവ്യർ 6:1-7) 15. കൊതി കാണിച്ചിട്ടുണ്ടോ? 16. അമിതഭോജനം നടത്താറുണ്ടോ? 17. ഉത്തരവാദിത്ത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറിയിട്ടുണ്ടോ? (1 തിമോ 5:8, ലൂക്കാ 12:41-48) 18. ഞാൻ ആയിരിക്കുന്ന രീതിയിൽ എന്നെത്തന്നെ അംഗീകരിക്കാതിരുന്നിട്ടുണ്ടോ? ആത്മപ്രശംസ നടത്തുന്ന വ്യക്തിയാണോ ഞാൻ എന്നെ തന്നെ ഞാൻ വെറുക്കുകയും നിന്ദിക്കുകയും മരിച്ചാൽ മതിയായിരുന്നു എന്നൊക്കെ ചിന്തിച്ചിട്ടുണ്ടോ? ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? (ഏശ 43:1-4, 1 പത്രോ. 2:9-101, യാക്കോ. 4:13-17) 19. അലസത മൂലം ദൈവം സമയവും അവസരങ്ങളും പാഴാക്കി കളഞ്ഞിട്ടുണ്ടോ? (സുഭാ. 26:13-17; 2 തെസ. 3:11,12) 20. മേലാധികാരികളെ മാതാപിതാക്കളെ വേദനിപ്പിക്കുകയോ, അപമാനിക്കുകയോ ദ്രോഹിക്കുകയോ ചെയ്തിട്ടുണ്ടോ? (റോമ. 13:1-7; പ്രഭാ 3:1-16) 21. ജീവിതാന്തസ്സ് വഴി ഏറ്റെടുത്ത കടമകൾ ശരിയായി നിർവഹിക്കാതിരുന്നോ? ദാമ്പത്യ ജീവിതത്തിൽ അവിശ്വസ്തത കാണിച്ചോ? ദാമ്പത്യ കടമകൾ പരസ്പരം നിർവഹിക്കാതിരുന്നോ? (1 കോറി 7:1-16; മലാ. 2:1316; പ്രഭാ. 25:1-23) 22. സംസാരം വഴി ആരെയെങ്കിലും അപകീർത്തിപ്പെടുത്തുകയോ മറ്റുള്ളവരുടെ വളർച്ചയെ തടസ്സപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ? ആരുടെയെങ്കിലും വിവാഹം മുടക്കിയിട്ടുണ്ടോ? (പ്രഭാ. 91:4-17) 23. മുഖസ്തുതി പറഞ്ഞിട്ടുണ്ടോ? (പ്രഭാ. 28:18-26; സങ്കീ. 12:1-3) 24. ചെയ്യാമായിരുന്ന സഹായം, നന്മ അതിന് അർഹമായ വ്യക്തിക്ക് ഞാൻ നിഷേധിച്ചിട്ടുണ്ടോ? (സുഭാ. 3:27,28; യാക്കോ. 2:1-4) 25. എന്റെ സഹോദരർക്ക് അർഹമായ അവകാശം, നീതി നിഷേധിക്കപ്പെട്ടപ്പോൾ അവന് വേണ്ടി സ്വരമുയർത്താതെ ഭൂരിപക്ഷത്തോട് ചേർന്ന് അനീതിക്ക് ഞാൻ കൂട്ട് നിന്നിട്ടുണ്ടോ? (സുഭാ. 31:3-7; പുറ 23:1-7) 26. സഹോദരങ്ങളുടെ തെറ്റുകൾ തിരുത്തിക്കൊടുക്കാതിരുന്നിട്ടുണ്ടോ? മക്കളുടെ തെറ്റുകളെ ന്യായീകരിച്ചോ? (എസെ. 3:17-21) 27. സഹോദരങ്ങളുടെ ഉന്നതിയിൽ, നന്മയിൽ വളർച്ചയിൽ

അസ്വസ്ഥനായിരുന്നിട്ടുണ്ടോ? സന്തോഷിക്കാതിരുന്നോ? (ഉൽപ്പ. 4:1-7; സുബാ. 24:17-18; മത്താ. 20:1-16)

## പത്ത് പ്രമാണങ്ങൾ

1. നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്ക് ഉണ്ടാകരുത്. 2. നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്. 3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം. 4. മാതാപിതാക്കളെ ബഹുമാനിക്കുക. 5. കൊല്ലരുത്. 6. വ്യഭിചാരം ചെയ്യരുത്. 7. മോഷ്ടിക്കരുത്. 8. കള്ളസാക്ഷ്യം പറയരുത്. 9. അന്യന്റെ ഭാര്യയെ മോഹിക്കരുത്. 10. അന്യന്റെ വസ്തുക്കളെ മോഹിക്കരുത്.

## പ്രമാണ സംഗ്രഹം

1. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കുക
2. തന്നെപ്പോലെ തന്നെ മറ്റുള്ളവരെയും സ്നേഹിക്കുക.

## തിരുസഭയുടെ കല്പനകൾ

1. ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളണം. ആ ദിവസങ്ങളിൽ വിലക്കപ്പെട്ട ജോലികൾ ചെയ്യരുത്. 2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പെസഹാകാലത്ത് പരിശുദ്ധകുർബാന സ്വീകരിക്കുകയും വേണം. 3. സഭ നിർദ്ദേശിച്ചിരിക്കുന്ന ദിവസങ്ങളിൽ ഉപവസിക്കുകയും വിലക്കപ്പെട്ട ഭക്ഷണ സാധനങ്ങൾ വർജ്ജിക്കുകയും വേണം. 4. നോമ്പു കാലത്ത് വിവാഹം ആഘോഷിക്കുകയോ സഭ മുടക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത്. 5. ദേവാലയത്തിനും വൈദിക ശുശ്രൂഷയ്ക്കും വൈദികാദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള പതവാരവും മറ്റ് ഓഹരികളും കൊടുക്കണം.

## മൂലപാപങ്ങൾ

അഹങ്കാരം, ദ്രവ്യാഗ്രഹം, അസൂയ, മടി, കോപം, വിഷയാസക്തി, ഔദാര്യക്കുറവ്, വിചാരത്താലും സംസാരത്താലും

പ്രവർത്തിയാലും വന്നുപോയ പാപങ്ങളോർത്ത് പശ്ചാത്ത പിക്കണം.

ദൈവതിരുമുമ്പിൽ പ്രതികാരം ആവശ്യപ്പെടുന്ന പാപങ്ങൾ

1. മനഃപൂർവ്വം കൊല ചെയ്യുന്നത് 2. പ്രകൃതി വിരുദ്ധമായ മഹാപാപം ചെയ്യുന്നത്. 3. ദരിദ്രരേയും വിധവകളെയും മാതാപിതാക്കളില്ലാത്ത പൈതങ്ങളെയും ഞെരുക്കുന്നത്. 4. വേലക്കാർക്ക് ശരിയായ രീതിയിൽ കൂലി കൊടുക്കാതിരുന്നത്.

## പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏഴ് - (ഏശയ്യ 11:2)

1. ജ്ഞാനം 2. ബുദ്ധി 3. ആലോചന 4. ആത്മശക്തി 5. അറിവ് 6. ഭക്തി 7. ദൈവഭയം

## പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ 12 (ഗലാത്ത്യ: 5:22)

1. ഉപവി 2. ആനന്ദം 3. ക്ഷമ 4. സമാധാനം 5. സഹനസക്തി 6. നന്മ 7. കനിവ് 8. സൗമ്യത 9. വിശ്വാസം 10. അച്ചടക്കം 11. ആത്മ സംയമനം 12 .കന്യാവ്രതം

## കാരുണ്യ പ്രവർത്തികൾ 14 ശാരീരകങ്ങൾ ഏഴ്

1. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നത്
2. ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുന്നത്
3. വസ്ത്രമില്ലാത്തവർക്ക് വസ്ത്രം കൊടുക്കുന്നത്
4. പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം നല്കുന്നത്
5. രോഗികളെയും തടവുകാരെയും സന്ദർശിക്കുന്നത്
6. അവശരെ സഹായിക്കുന്നത്
7. മരിച്ചവരെ അടക്കുന്നത്.

## ആദ്ധ്യാത്മികങ്ങൾ ഏഴ്

1. അറിവില്ലാത്തവരെ പഠിപ്പിക്കുന്നത് 2. സംശയം ഉള്ളവരുടെ സംശയം തീർക്കുന്നത് 3 .ദുഃഖിതരെ ആശ്വസിപ്പിക്കുന്നത് 4. തെറ്റ് ചെയ്യുന്നവരെതിരുത്തുന്നത് 5. ഉപദ്രവങ്ങൾ ക്ഷമിക്കുന്നത് 6. അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുന്നത് 7. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത്.

## വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരുക്കം

എന്നോടുള്ള സ്നേഹത്താൽ സ്വയം ശൂന്യനായി അപ്പത്തിന്റെ രൂപത്തിൽ വിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ, ഞാൻ അങ്ങയെ ആരാധിക്കുന്നു. സ്തുതിക്കുന്നു. അങ്ങേയ്ക്കെതിരായി വിചാരത്താലും വാക്കാലും ഉപേക്ഷയാലും അറിഞ്ഞും അറിയാതെയും ചെയ്തു പോയ എല്ലാ പാപങ്ങളും എന്നോട് ക്ഷമിച്ച് എന്നെ ശുദ്ധീകരിച്ച് എന്റെ ഹൃദയം അങ്ങേയ്ക്ക് വാസയോഗ്യമായ ആലയമാക്കി മാറ്റേണമെ. കർത്താവെ ഞാൻ പാപിയാണ്. അങ്ങ് എന്നിൽ പ്രവേശിക്കാനുള്ള യോഗ്യത എന്നിലില്ല. അങ്ങ് എന്റെ അയോഗ്യതയെ പരിഗണിക്കാതെ എനിക്ക് ജീവനും ശക്തിയും നൽകുന്നതിനായി എന്നിലേക്ക് വരേണമെ. ദാഹിക്കുന്ന കലമാൻ നീരുറവയ്ക്ക് എന്നപോലെ എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു. അങ്ങ് എന്നിലേയ്ക്ക് എഴുന്നള്ളി വരേണമെ. വേഗം വരണമെ. ഹാ, എന്റെ ദൈവമായ ഈശോയെ, എന്റെ ഭാഗ്യമെ, എന്റെ ആയുസ്സേ, എന്റെ ശരണമെ, എന്റെ സ്നേഹമെ, എന്റെ രക്ഷയെ എന്റെ നാഥനെ എഴുന്നള്ളി വരണമെ പരിശുദ്ധ അമ്മേ, മാലാഖമാരെ, വിശുദ്ധരെ, നിങ്ങളുടെ സുകൃതങ്ങളാൽ എന്റെ ഹൃദയത്തെ അലങ്കരിക്കണമെ.

## വിശുദ്ധ കുർബാന സ്വീകരണശേഷം

ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ജീവനുള്ള അപ്പമാകുന്നു എന്നരുൾ ചെയ്ത ഈശോയെ അങ്ങ് സത്യമായും എന്നിൽ എഴുന്നള്ളി വന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു അങ്ങേ ആരാധിക്കുന്നു. നന്ദി പറയുന്നു. അങ്ങ് എന്നിൽ ഒന്നായി തീരന്നുതുപോലെ ഞാൻ അങ്ങിലും ഒന്നായി തീരട്ടെ. എന്റെ ആത്മാവും ശരീരവും ബുദ്ധിയും മനസ്സും പഞ്ചേന്ദ്രിയങ്ങളും അങ്ങേയ്ക്കായി സമർപ്പിക്കുന്നു. ഞാൻ എവിടെ പോയാലും എന്തു പ്രവർത്തിച്ചാലും സമസ്തവും നിന്റെ സ്തുതിക്കായി

ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. നീ എന്നിൽ വസിച്ചു കൊണ്ട് എന്റെ കണ്ണുകൾ വഴി കാണുകയും നാവ് വഴി സംസാരിക്കുകയും അവയവങ്ങളിലൂടെ പ്രവർത്തിക്കുകയും ചെയ്യണമേയ നിന്റെ സ്നേഹമല്ലാതെ മറ്റൊരു സ്നേഹവും എന്നിൽ പ്രവേശിക്കാൻ അനുവദിക്കരുതേ, ദിവ്യകാരുണ്യ ഈശോ, ഇനി മേലിൽ ഞാൻ മരിച്ച് നീ എന്നിൽ ജീവിക്കണമെ. എന്റെ സ്നേഹമായ ഈശോ! ഏറ്റം നിസ്സാരമായ ഒരു പാപം പോലും ചെയ്ത് നിന്നെ ദ്രോഹിക്കാൻ എന്നെ അനുവദിക്കരുതേ. ഈശോ! ഞങ്ങളുടെ മാതാവായ തിരുസഭയേയും സഭാതലവനായ മാർപ്പാപ്പയേയും മറ്റെല്ലാ സഭാദ്ധ്യക്ഷന്മാരെയും വൈദികരേയും സന്ന്യാസിസന്ന്യാസിനികളെയും നിന്റെ അരൂപിയാൽ നിറക്കണമെ.

ഈശോ! അനേകം ആത്മാക്കളെ നിന്റെ ഉദ്യാനത്തിൽ വേല ചെയ്യാനായി വിളിക്കണമെ. നല്ല ഈശ്വരാ! രോഗികൾക്കാരോഗ്യവും മരണാസന്നർക്ക് നല്ല മരണവും മരിച്ചുപോയ ഞങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിത്യശാന്തിയും നൽകേണമെ.

ഈശോ! സകലപാപികളും പിന്തിരിഞ്ഞു വരുവാനും സർവ്വമനുഷ്യരും നിന്നെ രക്ഷകനും നാഥനുമായി സ്വീകരിക്കുവാനും കൃപ ചെയ്യണമെ.

ഈശോ! എന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും അങ്ങ് കാത്തു പരിപാലിക്കണമെ.

എല്ലാ ബാലികാ ബാലന്മാരെയും യുവതി യുവാക്കളെയും വിശുദ്ധിയുടെ മാർഗ്ഗത്തിൽ ചരിക്കാൻ ഇടയാക്കണമെ.

ഈശോയുടെ അമ്മേ! വി. യൗസേപ്പേ; കാവൽ മാലാഖയെ എന്റെ പേരിന്റെ പുണ്യവാനെ നിങ്ങൾ എന്നോടു കൂടി കർത്താവിനെ മഹത്വപ്പെടുത്തുവിൻ. ഈശോയെ സ്വീകരിച്ച എന്റെനാവും അങ്ങേ ചുമ്പനം കൊക്കൊണ്ട എന്റെ ഹൃദയവും അങ്ങേ സിംഹാസനവും ആലയവുമായ എന്റെ ആത്മശരീരങ്ങളും എപ്പോഴും പരി

ശുദ്ധിയിൽ അഭിവൃദ്ധി പ്രാപിച്ചുവരുവാൻ നിങ്ങൾ എനിക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കണമെ. ആമ്മേൻ.

വി. കുരിശിന്റെ അടയാളത്തിലെ+ഞങ്ങളെ ശത്രുക്കളിൽ നിന്നും ഞങ്ങളെ രക്ഷിക്കുക ഞങ്ങളുടെ തമ്പുരാനെ+പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമേൻ.

## A മുഖ്യദൂതനായ വി. മിഖായേലിനോട് സഹായ അപേക്ഷ

മുഖ്യദൈവദൂതനായ വി. മിഖായേലെ, സ്വർഗ്ഗീയ സൈന്യങ്ങളുടെ ഏറ്റവും മഹത്വപൂർണ്ണനായ സൈന്യാധിപനേ പ്രഭുത്വങ്ങൾക്കും, ആധിപത്യങ്ങൾക്കും, ഈ അന്ധകാര ലോകത്തിന്റെ അധിപന്മാർക്കും സ്വർഗ്ഗീയ ഇടങ്ങളിൽ പ്രവർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായുള്ള (എഫേ: 6:12) ഞങ്ങളുടെ പോരാട്ടത്തിൽ ഞങ്ങൾക്ക് തുണയായിരിക്കണമെ. ദൈവം തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ച് വലിയ വില കൊടുത്ത് പിശാചിന്റെ ആധിപത്യത്തിൽ നിന്നും മോചിപ്പിച്ച മനുഷ്യവർഗ്ഗത്തിന്റെ സഹായത്തിനെത്തണമെ. തിരുസഭ അങ്ങയെ അവളുടെ സംരക്ഷകനായി വണങ്ങുന്നു. രക്ഷിക്കപ്പെട്ട ആത്മാക്കളെ സ്വർഗ്ഗത്തിലേക്ക് ആനയിക്കുവാനുള്ള ഉത്തരവാദിത്വം നമ്മുടെ കർത്താവ് അങ്ങയെയാണല്ലോ. ഭരമേല്പിച്ചിരിക്കുന്നത്. അതിനാൽ വി. മിഖായേലെ, സാത്താൻ ഇനിയൊരിക്കലും മനുഷ്യ മക്കളെ, ബന്ധനത്തിലാക്കി സഭയെ പീഢിപ്പിക്കാൻ ഇടയാകാതിരിക്കുന്നതിന് അവനെ അവിടുത്തെ തൃപ്പാദത്തിൻ കീഴിൽ ഞെരുക്കുന്നതിനായി സമാധാന ത്തിന്റെ ദൈവത്തോട് പ്രാർത്ഥിക്കണമെ. ഞങ്ങൾ ജപിക്കുന്ന ഈ പ്രാർത്ഥന അത്യുന്നത ദൈവ സന്നിധിയിൽ അങ്ങ് തന്നെ സമർപ്പിക്കണമെ. അതുവഴി, ദൈവത്തിന്റെ കാരുണ്യം എത്രയും വേഗം ഞങ്ങളുടെ മേൽ ചൊരിയുവാൻ ഇടയാകട്ടെ. സാത്താനും പിശാചുമായ ആ പുരാതന സർപ്പത്തെ പിടിച്ചടക്കി ബന്ധിച്ച്

അവനിനിയും ജനതകളെ വഞ്ചിക്കാതിരിക്കുവാനായി പാതാളത്തിലേയ് ക്കെറിയണമെ. (വെളി. 20:2) ആമേൻ.

## B ബഹിഷ്ക്കരണ പ്രാർത്ഥന

ഞങ്ങളുടെ കർത്താവും ദൈവവുമായ ഈശോ മിശിഹായുടെ നാമത്തിൽ, ദൈവമാതാവായ അമലോത്ഭവ കന്യകാമറിയത്തിന്റെയും മുഖ്യദൂതനായ വി. മിഖായേലി ന്റെയും ശ്ലീഹാന്മാരായ വി. പത്രോസിന്റെയും വി. പൗലോ സിന്റെയും മദ്ധ്യസ്ഥതയിൽ അഭയം ഗമിച്ച് (വൈദികരെ ങ്കിൽ, എന്റെ ശുശ്രൂഷാ പൗരോഹി ത്യത്തിന്റെ പരിശുദ്ധ അധികാരത്തിന്റെ ശക്തിയാലും) പിശാചിന്റെ ആക്രമണ ങ്ങളേയും വഞ്ചനകളെയും പരാജയപ്പെടുത്തുവാൻ ഞങ്ങൾ പ്രത്യാശാപൂർവ്വം ഒരുമ്പെടുന്നു.

1. ദൈവം എഴുന്നെള്ളുമ്പോൾ അവിടുത്തെ ശത്രുക്കൾ ചിതറിക്കപ്പെടുന്നു. അവിടുത്തെ ദ്വേഷിക്കുന്നവർ പലായനം ചെയ്യുന്നു.
2. പുകമറഞ്ഞു പോകുന്നതുപോലെ അവർ അപ്രത്യക്ഷ രാകുന്നു. തീയിൽ മെഴുക് എന്നതുപോലെ അവിടു ത്തെ ശത്രുക്കൾ നശിക്കുന്നു. (സങ്കീ. 67)

1. കർത്താവിന്റെ കുരിശ് കാണുമ്പോൾ ശത്രുക്കൾ ഭയപ്പെട്ട് ഓടുന്നു.
2. യൂദാവംശത്തിന്റെ സിംഹം, ദാവീദിന്റെ സന്തതി. അവിടുന്ന് ശത്രുക്കളെയെല്ലാം കീഴടക്കി. (വെളി. 5:5)

1. കർത്താവേ അങ്ങയുടെ കാരുണ്യം ഞങ്ങളുടെമേൽ വർഷിക്കണമെ.
2. ഞങ്ങൾക്ക് അങ്ങയിലുള്ള വലുതായ പ്രത്യാശ പോലെ

(തുടർന്നുവരുന്ന പ്രാർത്ഥനയിലെ 33 കുരിശടയാളങ്ങളിൽ സ്വയം കുരിശു വരയ്ക്കുക, വൈദികരെങ്കിൽ ആശീർ വാദം നൽകുക.

അശുദ്ധാത്മാക്കളെ+പൈശാചിക ശക്തികളെ + നാരകീയ ശത്രുക്കളെ + എല്ലാ വഞ്ചകസമൂഹങ്ങളെ + സാത്താന്റെ സംഘങ്ങളെ ഗണങ്ങളെ + നിങ്ങൾ ആരായിരുന്നാലും ഞങ്ങളുടെ കർത്താവീശോമിശിഹാ

യുടെ നാമത്തിലും അവിടുത്തെ അധികാരത്തിലും ഞങ്ങൾ നിങ്ങളെ ബന്ധിച്ച് + ശാസിച്ച് + ബഹിഷ്കരിക്കുന്നു. ദൈവത്തിന്റെ തിരുസഭയിൽ നിന്നും ദൈവസാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടതും ദിവ്യ ചെമ്മരിയാടിന്റെ അമൂല്യരക്തത്താൽ പരിത്രാണം ചെയ്യപ്പെട്ടതുമായ മനുഷ്യാത്മാക്കളിൽ നിന്നും ബഹിഷ്കൃതനായി നീ പലായനം ചെയ്യുക. ഏറ്റം സൂത്രശാലിയായ നാരകീയ സർപ്പമേ, ഇനി ഒരിക്കലും മാനവകുലത്തെ വഞ്ചിക്കുവാനും സഭയെ പീഢിപ്പിക്കുവാനും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ മർദ്ദിക്കുവാനും അവരെ ഗോതമ്പ് പോലെ കൊഴിക്കുവാനും നീ വ്യാമോഹിക്കേണ്ട + നിന്റെ അതിരറ്റ അഹന്തയിൽ ആരോട് തുല്യനാണെന്നു നീ അവകാശപ്പെടുന്നുവോ ആ അത്യുന്നത ദൈവം നിന്നോട് കല്പിക്കുന്നു + ആ ദൈവം എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും സത്യം ഗ്രഹിക്കണമെന്നും, ആഗ്രഹിക്കുന്നു. (1 തി.2:4)പിതാവായ ദൈവം നിന്നോട് കല്പിക്കുന്നു + പുത്രനായ ദൈവം നിന്നോട് കല്പിക്കുന്നു + പരിശുദ്ധാത്മാവായ ദൈവം നിന്നോട് കല്പിക്കുന്നു+ നിന്റെ അസൂയ നിമിത്തം നീ മനുഷ്യ വംശത്തിന് ചെയ്ത നാശത്തെ അതിലംഘിക്കുവാൻ ദൈവ വചനമായ ക്രിസ്തു മനുഷ്യനായി അവതരിച്ച് മരണം വരെ അനുസരണമുള്ളവനായി ഞങ്ങളുടെ വംശത്തെ രക്ഷിച്ചു (ഫിലി: 2:8) തന്റെ സഭയെ ഉറപ്പുള്ള പാറമേൽ സ്ഥാപിക്കുകയും ലോകാവസാനം വരെ എല്ലാ നാളു കളിലും അവളോടു കൂടി വസിക്കുന്നതിനാൽ (മത്താ. 28:20) നരകവാതിലുകൾ അവൾക്കെതിരായി പ്രബലപ്പെടുകയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്ത മിശിഹാ നിന്നോട് കല്പിക്കുന്നു+ പരിശുദ്ധമായ കുരിശിന്റെ അടയാളം നിന്നോട് കല്പിക്കുന്നു+ അപ്രകാരം തന്നെ ക്രിസ്തീയ വിശ്വാസസത്യങ്ങളുടെ ശക്തിയും നിന്നോട് കല്പിക്കുന്നു.+ മഹത്വപൂർണ്ണമായും ദൈവമാതാവുമായ നിന്റെ ഗർവിഷ്ടമായ തലയെ തകർത്ത സ്വർഗ്ഗരാജ്ഞി പ. കന്യകാമറിയവും നിന്നോട്

കല്പിക്കുന്നു. + വി. പത്രോസ് പൗലോസ് ശ്ലീഹാന്മാരുടെയും മറ്റു അപ്പസ്തോലന്മാരുടെയും വിശ്വാസം നിന്നോട് കല്പിക്കുന്നു + വേദസാക്ഷികളുടെയും എല്ലാ വിശുദ്ധരുടെയും (പ്രത്യേകിച്ച്...ടെയും) ഭക്തിപൂർവ്വമായ മദ്ധ്യസ്ഥതയും നിന്നോട് കല്പിക്കുന്നു.+

ഇപ്രകാരം ശപിക്കപ്പെട്ട ഭീകര സർപ്പമേ, + പൈശാചിക സമൂഹങ്ങളെ + സജീവ ദൈവനാമത്തിൽ + സത്യ ദൈവനാമത്തിൽ + പരിശുദ്ധമായ ദൈവനാമത്തിൽ + തന്റെ ഏക പുത്രനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചു പോകാതെ അവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് അവിടുത്തെ ഏകജാതനെ നൽകുവാൻ തക്കവണ്ണം ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവനാമത്തിൽ ഞങ്ങൾ നിങ്ങളെ ശപിക്കുന്നു + മനുഷ്യരെ വഞ്ചിക്കുകയും, അവരിൽ നിത്യനാശത്തിന്റെ വിഷം വർഷിക്കുകയും സഭയെ ഉപദ്രവിക്കുകയും അവളുടെ സ്വാതന്ത്ര്യത്തെ നിഹനിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കുവാൻ നിങ്ങളോട് ഞങ്ങൾ കല്പിക്കുന്നു. + സകല വഞ്ചനയുടെയും ഉപജ്ഞാതാവും ഉടമയും മനുഷ്യരക്ഷയുടെ ശത്രുവുമായ സാത്താനെ നീ പോവുക + നിന്റ പ്രവർത്തനങ്ങൾ യാതൊന്നും മിശിഹായിൽ ഇല്ല. അവിടുത്തേക്ക് നീ ആധിപത്യം നൽകുക + അവിടുത്തെ തിരുരക്തത്തിന്റെ വിലയാൽ വീണ്ടെടുത്ത ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ തിരുസഭയുടെ മുമ്പാകെ നീ മാറികൊടുക്കുക + ദൈവത്തിന്റെ സർവ്വ ശക്തമായ കരങ്ങളിൽ നീ അമരുക + ഞങ്ങൾ ഈശോ മിശിഹായുടെ പരിപാവനവും ഭയജനകവുമായ തിരുനാമം വിളിച്ചപേക്ഷിക്കുന്നതു കേട്ട് ഭയന്ന് വിറച്ച് നീ പലായനം ചെയ്യുക + സ്വർഗ്ഗദൂതഗണങ്ങളായ ബലവത്തുക്കളും നാഥകൃത്യന്മാരും ഭദ്രാസനന്മാരും സവിനയം ഈ തിരുനാമത്തോട് വിധേയമുള്ളവരാണ്. ക്രോവേന്മാരും സ്രാപ്പേന്മാരും നിരന്തരം ഈ തിരുനാമത്തെ പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ

ദൈവമായ കർത്താവ് പരിശുദ്ധൻ എന്ന് പാടിസ്തുതിക്കുന്നു.

1. കർത്താവെ എന്റെ പ്രാർത്ഥന കേൾക്കണമെ.
2. കർത്താവ് നിലവിളി അങ്ങേപക്കൽ എത്തട്ടെ.
1. കർത്താവ് നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ.
2. അങ്ങയുടെ (നിങ്ങളുടെ) ആത്മാവോട് കൂടിയുണ്ടായിരിക്കട്ടെ.

സ്വർഗ്ഗസ്ഥനായ ദൈവമെ, ഭൂമിയെ പരിപാലിക്കുന്ന കർത്താവെ, മാലാഖമാരുടെയും, മുഖ്യദൂതന്മാരുടെയും പൂർവ്വ പിതാക്കന്മാരുടെയും പ്രവാചകരുടെയും അപ്പസ്തോലന്മാരുടെയും വേദസാക്ഷികളുടെയും ദൈവമേ, മരണാനന്തരജീവനും ജോലിക്കുശേഷം വിശ്രമവും നൽകുവാൻ ശക്തനുമായ ദൈവമെ അങ്ങല്ലാതെ വെറെ ദൈവമില്ല. ഉണ്ടാകുവാനും സാദ്ധ്യമല്ല. എന്തെന്നാൽ അങ്ങ് ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സൃഷ്ടാവാണ്. അങ്ങയുടെ ഭരണത്തിന് അവസാനമില്ല. ഞങ്ങൾ അങ്ങയുടെ മഹത്വപൂർണ്ണമായ തിരുസന്നിധിയിൽ വിനയപൂർവ്വം സാഷ്ടാംഗപ്രണാമം ചെയ്യുന്നു. അങ്ങയുടെ ശക്തിയാൽ നാരകീയ അരൂപികളുടെ ആധിപത്യത്തിൽ നിന്നും തന്ത്രങ്ങലിലും വ്യാജങ്ങളിലും ക്രൂരമായ വഞ്ചനകളിലും നിന്നും ഞങ്ങളെ രക്ഷിക്കണമെ ആമേൻ. കർത്താനേ, പിശാചിന്റെ തന്ത്രങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണെ. അങ്ങയുടെ സമാധാനത്തിലും സ്വാതന്ത്ര്യത്തിലും അങ്ങേയ്ക്ക് സേവനം അനുഷ്ഠിക്കുവാൻ തിരുസഭയെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. അങ്ങയുടെ സഭയുടെ എല്ലാ ശത്രുക്കളെയും തകർക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമേൻ.

(വെഞ്ചിരിച്ച പനിനീർ തളിക്കുന്നു)

## പിതാവെ ഇവരോട് ക്ഷമിക്കണമെ

ക്ഷമാശീലനായ എന്റെ യേശുവെ, അവിടുന്ന് ക്ഷമിച്ചുകൊണ്ട് സഹിക്കുകയും സഹിച്ചുകൊണ്ട് മരിക്കുകയും ചെയ്തുവല്ലോ? അങ്ങിൽ ആശ്രയിച്ചുകൊണ്ട് എന്നെ

വേദനിപ്പിച്ചവരോടെല്ലാം ഞാൻ ക്ഷമിക്കുന്നു. ഞാൻ വേദനിപ്പിച്ചവരോടെല്ലാം അങ്ങേ തിരുനാമത്തിൽ മാപ്പ പേക്ഷിക്കുന്നു. അവർക്ക് എന്നോട് ക്ഷമിക്കാൻ കൃപ നൽകണമെ. പരിശുദ്ധാത്മാവെ ഞങ്ങളെ ശക്തിപ്പെടുത്ത ണമെ. ദിവ്യനാഥാ ഇന്നെ ദിവസം ആരുടെയെല്ലാം തിന്മ ഞാൻ കാണുകയോ കേൾക്കുകയോ അറിയുകയോ ചെയ്യുന്നുവോ അവർക്ക് വേണ്ടി ഞാൻ മാപ്പപേക്ഷി ക്കുന്നു. അവരോടും ക്ഷമിക്കുന്നു. യേശുനാഥാ ഞങ്ങളേ വരെയും അങ്ങേ തിരുരക്തത്താൽ കഴുകി ഞങ്ങളുടെ മുറിവുകൾ ഉണക്കണമെ. അങ്ങേ സന്തോഷവും സമാധാ നവും സ്നേഹവും ഐക്യവും കൊണ്ട് ഞങ്ങളെ നിറക്കണമെ.

"പിതാവെ, അവരോട് ക്ഷമിക്കണമെ, അവർ ചെയ്യുന്നത് എന്തെന്ന് അവരറിയുന്നില്ല" എന്ന് അരുൾ ചെയ്തുകൊണ്ട് തന്റെ ശത്രുക്കൾക്ക്‌വേണ്ടി സ്നേഹ പിതാവിനോട് മാദ്ധ്യസ്ഥം യാചിച്ച യേശുവേ, എന്റെ ജീവിതത്തിലെ തകർച്ചക്കും അസ്വസ്ഥതയ്ക്കും പരാജയ ത്തിനും കാരണഭൂതരായ വ്യക്തിയെ (വ്യക്തികളെ) അവിടുത്തെ സ്നേഹഹൃദയത്തിൽ സമർപ്പിക്കുന്നു. അവരോട് ക്ഷമിക്കണെ. അവർ ചെയ്യുന്നതെന്ത് എന്ന് അവർ അറിയുന്നില്ല. മറ്റുള്ളവരെ വേദനിപ്പിക്കാൻ കാരണമായ അവരുടെ മുറിവുകളെ അങ്ങേ ദിവ്യ സ്നേഹത്താൽ സുഖപ്പെടുത്തണമെ. അങ്ങേ സ്നേഹം തിന്മയെ നീക്കികളയട്ടെ. അങ്ങയുടെ ക്ഷമിക്കുന്ന സ്നേഹം അവനിൽ പ്രവർത്തിച്ച് അവരെ സ്വതന്ത്രരാ ക്കട്ടെ. അങ്ങേ ദിവ്യസ്നേഹം എന്നിലേയ്ക്ക് (ഞങ്ങളിലേ യ്ക്ക്) അയച്ച് സമാധാനവും സന്തോഷവും സൗഖ്യവും തന്ന് എന്നെയും (ഞങ്ങളെയും) അനുഗ്രഹിക്കണമെ. ഞങ്ങളുടെ ആശ്രയമായ പരി. അമ്മേ, കൃപകളുടെ മാതാവെ, ഞങ്ങൾക്കുവേണ്ടി പുത്രനോട് മാദ്ധ്യസ്ഥം വഹിക്കണമെ. സെഹിയോൻ ഊട്ടുശാലയിൽ പരിശുദ്ധാ ത്മാവിനാൽ നിറയാൻ ശിഷ്യഗണത്തെ ഒരുക്കിയതു പോലെ ശ്ലീഹാന്മാരുടെ രാജ്ഞി ഞങ്ങളെയും ഒരുക്കേ ണമെ. പരിശുദ്ധാത്മാവാൽ ഞങ്ങളെ അഭിഷേകം ചെയ്യണ മെ. ആമേൻ.

## കരുണയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന

കർത്താവായ ദൈവമേ, ഞങ്ങളെ രക്ഷിക്കണമെ അങ്ങേ മക്കളോട് കരുണ കാണിക്കേണമെ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും പൂർവ്വികരും സഹോദരങ്ങളും വഴി വന്നു പോയ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമെ. ഞങ്ങളെ ശിക്ഷിക്കരുതെ ഞങ്ങളുടെ കടങ്ങൾ ഇളച്ചുതരണമെ. ഞങ്ങളെ സ്വന്തമായി സ്വീകരിച്ച് അങ്ങേ അരൂപിയിലൂടെ നയിക്കണമെ. (പുറപ്പാട് 34:5-10).

## തിരുരക്താഭിഷേകം ജപം

പിതാവായ ദൈവമേ, അവിടുത്തെ തിരുക്കുമാരന്റെ വിലതീരാത്ത തിരുരക്തത്തിന് ഈ ലോകത്തെ മുഴുവൻ രക്ഷിക്കാൻ ശക്തിയുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആ വിശ്വാസം ഞങ്ങൾ ഉറക്കെ പ്രഖ്യാപിക്കുന്നു. പറയുന്നു. ആ അമൂല്യമായ തിരുരക്തം കൊണ്ട് എന്നെയും എന്റെ പഞ്ചേന്ദ്രിയങ്ങളെയും ബുദ്ധിയേയും മനസിനെയും ഹൃദയത്തെയും ആത്മാവിനെയും എനിക്കുള്ളതെല്ലാം എന്നെ മുഴുവനും ഈ ധ്യാനമന്ദിരത്തേയും (ഭവനത്തെയും) ഇതിന്റെ പരിസരങ്ങളെയും അങ്ങേ തിരുരക്തം കൊണ്ട് അഭിഷേ കം ചെയ്യണമെ. ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുവെ ഞങ്ങളിൽ (എന്നിൽ) കരുണ തോന്നണമെ.

## കരുണയുടെ ജപമാല

(വാഴ്ത്തപ്പെട്ട ഫൗസ്റ്റീന വഴി കർത്താവ് ലോകത്തിന് നൽകുന്ന പ്രാർത്ഥന)

ലോകം മുഴുവന്റേയും നമ്മുടെയും പാപപരിഹാരത്തിനായി) 1 സ്വ. 1നന്മ, 1ത്രിത്വ **വിശ്വാസപ്രമാണം.**

**വലിയമണികളിൽ** : നിത്യപിതാവേ, എന്റെയും ഠലോകമൊക്കെയുടെയും പാപപരിഹാരത്തിനായി അങ്ങയുടെ വൽസലസുതനും ഞങ്ങളുടെ രക്ഷകനുമായ കർത്താവീശോമിശിഹായുടെ തിരുശരീരരക്തങ്ങളും ആത്മാവും ദൈവവും അങ്ങേയ്ക്ക് കാഴ്ചവെക്കുന്നു.

**ചെറിയമണികളിൽ** : ഈശോയുടെ അതിദാരുണമായ പീഡാനുഭവങ്ങളെക്കുറിച്ച് ഞങ്ങളുടെയും ലോകമൊക്കെയുടെ മേലും കൃപയായിരിക്കണമെ. (10 പ്രാവശ്യം)

**സമാപനപ്രാർത്ഥന** : പരിശുദ്ധനായ ദൈവമേ പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേൽ കൃപയായിരിക്കണമെ. (3 പ്രാവശ്യം)

## യേശുനാമ ലുത്തിനിയ

ആകാശത്തിന്റെ കീഴിൽ മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല. യേശുവിന്റേതല്ലാതെ (അപ്പ: 4:12)

(താഴെ ചേർത്തിരിക്കുന്ന ഓരോ പ്രാർത്ഥനയ്ക്കും മറുപടിയായി യേശുവെ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. സ്തുതിക്കുന്നു എന്ന് മറുപടി ചൊല്ലാവുന്നതാണ്.)

പ്രവാചകന്മാരാൽ പ്രവചിക്കപ്പെട്ട ഈശോയെ!
ദൈവസുതനായ ഈശോയെ!
പരിശുദ്ധാത്മാവിനാൽ ജനിച്ച ഈശോയെ
കന്യകാമറിയ ത്തൽ നിന്ന് ശരീരം സ്വീകരിച്ച ഈശോയെ!
മനുഷ്യനായി അവതരിച്ച ഈശോയെ!
പാപമൊഴികെ മനുഷ്യന്റെ എല്ലാ ബലഹീനതകളും സ്വീകരിച്ച ഈശോയെ!
ത്രിത്വത്തിലെ രണ്ടാമത്തെ ആളായ ഈശോയെ!
സത്യദൈവമായ ഈശോയെ!
നിത്യജീവനായ ഈശോയെ!
ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ജനിച്ച ഈശോയെ!
മാലാഖമാരാൽ സ്തുതിക്കപ്പെട്ട ഈശോയെ!
ആട്ടിടയന്മാരും ജ്ഞാനികളും സന്ദർശിച്ച ഈശോയെ!
മാതാപിതാക്കൾക്ക് കീഴ്വഴങ്ങിയ ഈശോയെ!
ദൈവികജ്ഞാനത്തിൽ വളർന്ന ഈശോയെ!
ഹേറോദേസിനാൽ പീഡിപ്പിക്കപ്പെട്ട ഈശോയെ!
നസ്രത്തിൽ വളർന്നു വന്ന ഈശോയെ!

യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ച ഈശോയെ!
പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഈശോയെ!
വചനത്തിൽ പിശാചിനെ തോല്പിച്ച ഈശോയെ!
വെള്ളം വീഞ്ഞാക്കിയ ഈശോയെ!
ഉപവസിച്ച് പ്രാർത്ഥിച്ച് ഈശോയെ!
തളർവാത രോഗിയെ സൗഖ്യപ്പെടുത്തിയ ഈശോയെ!
കുഷ്ഠരോഗികളെ സൗഖ്യപ്പെടുത്തിയ ഈശോയെ!
ക്ഷമിക്കാൻ പഠിപ്പിച്ച ഈശോയെ!
പശ്ചാത്തപിക്കാൻ ആവശ്യപ്പെട്ടഈശോയെ!
പാപികളോട് ക്ഷമിച്ച ഈശോയെ!
നിയമങ്ങൾ പൂർത്തീകരിച്ച ഈശോയെ!
അധികാരികളാൽ പീഢിപ്പിക്കപ്പെട്ട ഈശോയെ!
വഴിയും സത്യവും ജീവനുമായ ഈശോയെ!
സത്യവാതിലായ ഈശോയെ!
ലോകത്തിന്റെ പ്രകാശമായ ഈശോയെ!
നല്ല ഇടയനായ ഈശോയെ!
ഉത്ഥാനമായ ഈശോയെ!
പാപികളെ വിളിക്കാൻ വന്ന ഈശോയെ!
അദ്ധ്വാനിക്കുന്നവരെയും ഭാരം വഹിക്കുന്നവരെയും ആശ്വസിപ്പിക്കുന്നവരെയും ആശ്വസിപ്പിക്കുന്ന ഈശോയെ!
കടലിനുമീതെ നടന്ന ഈശോയെ!
മരിച്ച ലാസറിനെ ഉയിർപ്പിച്ച ഈശോയെ!
ഹൃദയശാന്തതയും എളിമയുമുള്ള ഈശോയെ!
അനുകമ്പയുള്ള ഈശോയെ!
അപ്പം വർദ്ധിപ്പിച്ച ഈശോയെ!
പിതാവിന്റെ ഇഷ്ടം അന്വേഷിച്ച ഈശോയെ!
പരിശുദ്ധാത്മാവാകുന്ന സുവിശേഷം അറിയിച്ച ഈശോയെ!
ശിഷ്യന്മാരുടെ കാലുകൾ കഴുകിയ ഈശോയെ!
ദിവ്യബലി സ്ഥാപിച്ച ഈശോയെ!
ഗദ്സമിനിയിൽ ചോര വിയർത്ത ഈശോയെ!

കുറ്റം ചെയ്യാതെ മരണത്തിന് വിധിക്കപ്പെട്ട ഈശോയെ!
കുരിശു വഹിച്ച ഈശോയെ!
കുരിശിൽ മരിച്ച ഈശോയെ!
പരിഹസിക്കപ്പെട്ട പരിഹാരബലിയായ ഈശോയെ!
മൂന്നാം നാൾ ഉത്ഥിതനായ ഈശോയെ!
പത്രോസാകുന്ന പാറയിൽ സഭയെ സ്ഥാപിച്ച ഈശോയെ!
അപ്പസ്തോലന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ച ഈശോയെ!
സ്വർഗ്ഗാരോഹണം ചെയ്ത ഈശോയെ!
വാനമേഘങ്ങളിൽ വീണ്ടും വരാനിരിക്കുന്ന ഈശോയെ!
ഏറ്റവും ശക്തിയുള്ള നാമമുള്ള ഈശോയെ!
അങ്ങേ നാമത്തിന്റെ ശക്തിയാൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഈശോയെ!

## ഹല്ലേലുയ യേശുവേ!

(ഓരോ യേശുനാമ മന്ത്രത്തിനും
ഹല്ലേലുയ ചൊല്ലുക)

യേശു എന്റെ രക്ഷകനാകുന്നു
യേശു എന്റെ കർത്താവാകുന്നു
യേശു എന്റെ പ്രകാശമാകുന്നു
യേശു എന്റെ ജീവന്റെ അപ്പമാകുന്നു
യേശു എന്റെ ഗുരുവാകുന്നു
യേശു എന്റെ അഭയമാകുന്നു
യേശു എന്റെ പാപവിമോചകനാകുന്നു
യേശു എന്റെ പുനരുത്ഥാനവും ജീവനുമാകുന്നു
യേശു എന്റെ സ്നേഹിതനാകുന്നു
യേശു എന്റെ നല്ല ഇടയനാകുന്നു
യേശു എന്റെ വഴിയും സത്യവും ജീവനുമാകുന്നു
യേശു എന്റെ മാർഗ്ഗമാകുന്നു
യേശു എന്റെ ലക്ഷ്യമാകുന്നു
യേശു എന്റെ ലക്ഷ്യമാകുന്നു
യേശു എന്റെ ഉടമയാകുന്നു

യേശു എന്റെ വചനമാകുന്നു
യേശു എന്റെ വിധികർത്താവാകുന്നു
യേശു എന്റെ രാജാവാകുന്നു
യേശു എന്റെ ആദിയും അന്ത്യവുമാകുന്നു
യേശു എന്റെ വൈദ്യനാകുന്നു
യേശു എന്റെ ഔഷധമാകുന്നു
യേശു എന്റെ സ്നേഹമാകുന്നു
യേശു എന്റെ പ്രതീക്ഷയാകുന്നു
യേശു എന്റെ മാതൃകയാകുന്നു
യേശു എന്റെ ഉറപ്പാകുന്നു
യേശു എന്റെ യജമാനനാകുന്നു
യേശു എന്റെ വിജയമാകുന്നു
യേശു എന്റെ ജീവന്റെ ഉറവിടമാകുന്നു
യേശു എന്റെ സർവ്വസ്വവുമാകുന്നു
ഈശോയെ അങ്ങ് എന്റെ നാഥനാകുന്നു
ഈശോയെ അങ്ങ് എന്റെ പരിപാലകനാകുന്നു
ഈശോയെ അങ്ങ് എന്റെ പിതാവാകുന്നു
ഈശോയെ അങ്ങ് എന്റെ ജീവദാതാവാകുന്നു
ഈശോയെ അങ്ങ് എനിക്ക് നിത്യജീവൻ നൽകുന്നവനാകുന്നു
ഈശോയെ അങ്ങ് എന്നെ വിശ്വസിക്കുന്നവനാകുന്നു
ഈശോയെ അങ്ങ് എന്റെ വിശ്വസ്ത സ്നേഹിതനാകുന്നു
ഈശോയെ അങ്ങ് എന്നെ ശക്തിപ്പെടുത്തുന്നവനാകുന്നു
ഈശോയെ അങ്ങ് എന്നെ സ്നേഹിക്കുന്നവനാകുന്നു
ഈശോയെ അങ്ങ് എന്നെ ധൈര്യപ്പെടുത്തുന്നവനാകുന്നു
ഈശോയെ അങ്ങ് എന്റെ നായകനാകുന്നു
ഈശോയെ അങ്ങ് എന്റെ പാപങ്ങൾ ക്ഷമിക്കുന്നവനാകുന്നു
ഈശോയെ അങ്ങ് എപ്പോഴും എന്റെ കൂടെയുള്ളവനാകുന്നു
ഈശോയെ അങ്ങ് എന്നെ എപ്പോഴും കണ്ടു കൊണ്ടിരിക്കുന്നവനാകുന്നു

ഈശോയെ അങ്ങ് എന്നെ പൂർണ്ണമായി അറിയുന്നവനാകുന്നു

## ആരാധന ദൈവമേ!

എന്റെ ഈശോയെ എന്റെ സ്നേഹമേ
എന്റെ ഈശോയെ എന്റെ ആശ്രയമേ
എന്റെ ഈശോയെ എന്റെ രക്ഷകാ
എന്റെ ഈശോയെ എന്റെ സൗഖ്യദായകാ
എന്റെ ഈശോയെ എന്റെ പാപമോചകാ
എന്റെ ഈശോയെ എന്റെ പ്രകാശമെ
എന്റെ ഈശോയെ എന്റെ വഴികാട്ടിയെ
എന്റെ ഈശോയെ എന്റെ സമാധാനമെ
എന്റെ ഈശോയെ എന്റെ കൂട്ടുകാരാ
എന്റെ ഈശോയെ എന്റെ സന്തോഷമെ
എന്റെ ഈശോയെ എന്റെ നായകാ
എന്റെ ഈശോയെ എന്റെ ഔഷധമെ
എന്റെ ഈശോയെ എന്റെ ശരണമെ
എന്റെ ഈശോയെ എന്റെ ശക്തിയെ
എന്റെ ഈശോയെ എന്റെ പരിപാലകാ
എന്റെ ഈശോയെ എന്റെ ആനന്ദമേ
എന്റെ ഈശോയെ എന്റെ ആശ്വാസമേ
എന്റെ ഈശോയെ എന്റെ ജീവനേ

## പരിശുദ്ധാത്മാഭിഷേക പ്രാർത്ഥന

പരിശുദ്ധാത്മാവേ എന്നിൽ വന്നു നിറയണമെ
പരിശുദ്ധാത്മാവേ അവിടുത്തെ ദിവ്യഫലമായ സ്നേഹം എന്നിൽ നിറക്കണമെ
പരിശുദ്ധാത്മാവേ അവിടുത്തെ ആനന്ദം എനിക്ക് നൽകേണമെ
പരിശുദ്ധാത്മാവേ അവിടുത്തെ സമാധാനം എനിക്ക് നൽകേണമെ
പരിശുദ്ധാത്മാവേ അവിടുത്തെ ക്ഷമ എനിക്ക് നൽകേണമെ

പരിശുദ്ധാത്മാവേ അവിടുത്തെ ദയ എനിക്ക് നൽകേണമെ
പരിശുദ്ധാത്മാവേ അവിടുത്തെ വിശ്വസ്തത എനിക്ക് നൽകേണമെ
പരിശുദ്ധാത്മാവേ അവിടുത്തെ സൗമ്യത എനിക്ക് നൽകേണമെ
പരിശുദ്ധാത്മാവേ അവിടുത്തെ ആത്മസംയമനം എനിക്ക് നൽകേണമെ
പരിശുദ്ധാത്മാവേ അവിടുത്തെ ദിവ്യവരങ്ങളാൽ എന്നെ സമ്പന്നയാക്കേണമെ
പരിശുദ്ധാത്മാവേ യേശുവിനെ ഏറ്റു പറയുവാൻ ശക്തിപ്പെടുത്തേണമെ.
പരിശുദ്ധാത്മാവേ പശ്ചാത്താപത്തിന്റെ വരം എനിക്ക് നൽകേണമെ.
പരിശുദ്ധാത്മാവേ എന്റെ ജീവിതത്തെ ഏറ്റെടുക്കേണമെ
പരിശുദ്ധാത്മാവേ അവിടുത്തെ പ്രവർത്തനങ്ങൾ എനിക്ക് മനസ്സിലാക്കിത്തരണമെ.
പരിശുദ്ധാത്മാവേ ദൈവസ്നേഹത്താൽ എന്റെ ഹൃദയത്തെ ജ്വലിപ്പിക്കേണമെ.
പരിശുദ്ധാത്മാവേ എന്നെ യേശുവിന്റെ സാക്ഷിയാക്കി മാറ്റണമേ.
പരിശുദ്ധാത്മാവേ വിശ്വാസത്തിൽ എന്നെ വളർത്തേണമെ.
പരിശുദ്ധാത്മാവേ എല്ലാ രോഗങ്ങളിലും തകർച്ചകളിലും ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കാൻ എന്നെ സഹായിക്കണമെ.
പരിശുദ്ധാത്മാവേ എന്റെ ജീവിതാന്തസ്സിന്റെ കടമകൾ അനുസരിച്ച് ജീവിക്കുവാൻ എന്നെ സഹായിക്കേണമെ.

## പരിശുദ്ധാത്മാവ് നിറയാൻ

(ഏറ്റുപറയുക. ഞങ്ങളിൽ വന്ന് നിറയണമെ)

ദൈവത്തിന്റെ ദാനമായ പരിശുദ്ധാത്മാവേ
യേശുവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവേ
ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവേ
അറിവിന്റെയും ദൈവഭക്തിയുടെയും സ്രോതസ്സായ

പരിശുദ്ധാത്മാവേ
ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഉറവിടമായ പരിശുദ്ധാത്മാവേ
ഉപദേശത്തിന്റെയും ശക്തിയുടെയും കേന്ദ്രമായ പരിശുദ്ധാത്മാവേ
പ്രപഞ്ചത്തിന് മീതെ ചലിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവേ
മോശയെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ
ദാവീദിലൂടെ സങ്കീർത്തനങ്ങൾ രചിച്ച പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾ വരദാനങ്ങൾ നൽകുന്ന പരിശുദ്ധാത്മാവേ
കഷ്ടകാലത്ത് ജോബിനെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ
ഏലിയായ്ക്ക് തീക്ഷ്ണത കൊടുത്ത പരിശുദ്ധാത്മാവേ
ദാനിയേലിനെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ
ദാവീദിന് ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ
സാംസണ് ബലം പകർന്ന പരിശുദ്ധാത്മാവേ
സോളമന് ജ്ഞാനം കൊടുത്ത പരിശുദ്ധാത്മാവേ
പ്രവാചകന്മാർക്ക് വിജ്ഞാനം കൊടുത്ത പരിശുദ്ധാത്മാവേ
ശ്ലീഹാന്മാരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ
ശ്ലീഹന്മാരെ ഭയത്തിൽ നിന്ന മോചിപ്പിച്ച പരിശുദ്ധാത്മാവേ
ശ്ലീഹന്മാർക്ക് രക്തസാക്ഷികളാകാൻ ധൈര്യം കൊടുത്ത പരിശുദ്ധാത്മാവേ
ശ്ലീഹന്മാർക്ക് വചനപ്രഘോഷണത്തിന് ശക്തികൊടുത്ത പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് പാപബോധം തരുന്ന പരിശുദ്ധാത്മാവേ
എല്ലാ കാര്യങ്ങളും ഞങ്ങളെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവേ
ദൈവികചിന്തയാൽ ഞങ്ങളെ നിറയ്ക്കുന്ന പരിശുദ്ധാത്മാവേ

യേശു സാക്ഷികളാകാൻ ശക്തി തരുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് നീതിബോധം തരുന്ന പരിശുദ്ധാത്മാവേ
ന്യായവിധിയെക്കുറിച്ച് ബോദ്ധ്യം തരുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് സമൃദ്ധമായി ജീവൻ നൽകുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ രക്ഷയ്ക്കായി മുദ്രിതരാക്കിയ പരിശുദ്ധാത്മാവേ
ആത്മീയ സത്യങ്ങൾ ഞങ്ങൾക്ക് മനസ്സിലാക്കി തരുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ സ്നേഹത്തിൽ വളർത്തുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ സൗമ്യത കൊണ്ട് നിറയ്ക്കുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ ക്ഷമ കൊണ്ട് സമ്പന്നരാക്കുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ ആനന്ദം കൊണ്ടു നിറയ്ക്കുന്നപരിശുദ്ധാത്മാവേ
ഞങ്ങളെ ദയയിൽ പൂരിതമാക്കുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ അനുകമ്പാർദ്ര സ്നേഹം കൊണ്ട് നിറയ്ക്കുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ നന്മ കൊണ്ട് നിറയ്ക്കുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ വിശ്വസ്തത കൊണ്ട് അഭിഷേകം ചെയ്യുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ സമാധാനം കൊണ്ട് നിറയ്ക്കുന്ന പരിശുദ്ധാത്മാവേ
ദൈവസ്നേഹത്താൽ ഞങ്ങളെ നിറയ്ക്കുന്ന പരിശുദ്ധാത്മാവേ
മുൻകൂട്ടി കാര്യങ്ങൾ വെളിപ്പെടുത്തി തരുന്ന പരിശുദ്ധാത്മാവേ
ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾ വെളിപ്പെടുത്തി തരുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് ആന്തരികസൗഖ്യം തരുന്ന പരിശുദ്ധാത്മാവേ
ആശ്വാസദായകനായ പരിശുദ്ധാത്മാവേ
ഞങ്ങളുടെ സഹായകനായ പരിശുദ്ധാത്മാവേ
ആബാ പിതാവെ എന്നു വിളിക്കുവാൻ ഞങ്ങളെ സഹായിക്കുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് വെളിപ്പെടുത്തലുകൾ തരുന്ന പരിശുദ്ധാത്മാവേ

ഞങ്ങളിലൂടെ സംസാരിക്കുന്ന പരിശുദ്ധാത്മാവേ
പ്രത്യാശയിൽ അഭിവൃദ്ധി പ്രാപിക്കാൻ സഹായിക്കുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവേ
ഞങ്ങളെ വചനപ്രഘോഷണത്തിന് സഹായിക്കുന്ന പരിശുദ്ധാത്മാവേ
സഭയിൽ വസിക്കുന്ന പരിശുദ്ധാത്മാവേ
കദാശകളിലൂടെ ഞങ്ങളെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ
സഹനത്തിലൂടെ സ്വർഗ്ഗീയ കീരിടത്തിനൊരുക്കുന്ന പരിശുദ്ധാത്മാവേ
തിരുവചനത്തിലൂടെ പുത്തൻ ഉൾകാഴ്ച തരുന്ന പരിശുദ്ധാത്മാവേ
പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ശക്തി തരുന്ന പരിശുദ്ധാത്മാവേ
ഉറച്ച തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് ഭാഷാവരം നൽകുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾ വിശ്വാസവരം നൽകുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് രോഗശാന്തി വരം നൽകുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് വിവേചനവരം തരുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് ദർശന വരം തരുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് പ്രവചന വരം തരുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് വ്യാഖ്യാന വരം തരുന്ന പരിശുദ്ധാത്മാവേ
ഞങ്ങൾക്ക് പ്രാർത്ഥനാവരം തരുന്ന പരിശുദ്ധാത്മാവേ
വൻകാര്യങ്ങൾ ചെയ്യാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന പരിശുദ്ധാത്മാവേ
ഈ സമൂഹത്തിൽ നിറഞ്ഞു നില്ക്കുന്ന പരിശുദ്ധാത്മാവേ

## കുടുംബാംഗങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന

കുടുംബത്തെയും കുടുംബജീവിതത്തേയും സ്ഥാപിച്ചനുഗ്രഹിച്ച ദൈവമേ, അങ്ങയുടെ സന്നിധിയിൽ ഒരുമിച്ച് കൂടിയിരിക്കുന്ന ഞങ്ങളെ അങ്ങ് പ്രത്യേക വിധത്തമായി കടാക്ഷിച്ചതിനാൽ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു നസ്രസിലെ അനുഗ്രഹീതമായ കുടുംബത്തിൽ വിളങ്ങി

ശോഭിച്ച പ്രാർത്ഥനാരൂപിയും, അദ്ധ്യാനശീലവും, സ്നേഹ രൂപിയും, സമാധാനതൃഷ്ണയും ഞങ്ങളുടെ കുടുംബ ങ്ങൾക്കും നൽകികൊണ്ടിരിക്കുന്നതിനാൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും അങ്ങേയ്ക്ക് നന്ദി പറയു കയും ചെയ്യുന്നു. പരസ്പര വിശ്വാസത്തിലും വിട്ടുവീഴ്ചാ മനഃസ്ഥിതിയിലും ഹൃദയയൈക്യത്തിലും പ്രാർത്ഥനാരൂപി യിലും ജീവിക്കുന്നവന് പ്രചോദനമരുളുന്ന പരിശുദ്ധാ ത്മാവേ അങ്ങയേ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേയ്ക്ക് ഞങ്ങൾ കൃതജ്ഞതയർപ്പിക്കുന്നു.

എന്റെ നാമത്തിൽ ചോദിക്കുന്നതെന്തും നൽകപ്പെടു മെന്ന് വാഗ്ദാനം ചെയ്തിരിക്കുന്ന കാരുണ്യവാനായ കർത്താവെ പരിശുദ്ധ മറിയത്തേയും വി. യൗസേപ്പിതാ വിനെയും പോലെ ദൈവസ്നേഹത്തിലും വിശ്വാസ ത്തിലും നീതിയിലധിഷ്ഠിതമായ സമാധാനത്തിലും കുടുംബജീവിതം നയിക്കാൻ ഞങ്ങൾക്ക് ഇടവരുത്തണമെ. പരസ്പരം സഹിച്ചും ക്ഷമിച്ചും ബഹുമാനിച്ചും സ്നേ ഹിച്ചും ശുശ്രൂഷിച്ചും സുഖദുഃഖങ്ങൾ പങ്കുവെച്ചും ജീവിക്കുവാൻ ഞങ്ങളുടെ കുടുംബാംഗങ്ങളെ പഠിപ്പി ക്കണമെ.

എന്റെ അടുക്കൽ വരുന്നതിൽ നിന്നും കുഞ്ഞുങ്ങളെ തടയേണ്ട എന്നരുളിയ സ്നേഹനാഥനായ ഈശോയെ, കുടുംബത്തിനും തിരുസഭക്കും ലോകത്തിനു തന്നേയും ഉതകുന്ന ഉത്തമപൗരന്മാരായി വളരുന്നതിന് വേണ്ട അനുഗ്രഹം ഞങ്ങളുടെ കുഞ്ഞുങ്ങൾക്ക് നല്കേണമെ. അവരെ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അവർ ദൈവ വിരോധികളും കുടുംബദ്രോഹികളുമായിതീരാതെ വിശു ദ്ധിയിൽ വളർച്ചപ്രാപിച്ചു യഥാകാലം അനുയോജ്യമായ ജീവിതാന്തസ്സുകളിൽ പ്രവേശിച്ച് അങ്ങേയ്ക്ക് സേവനം ചെയ്യുവാൻ ഇടയാക്കണമെ.

സ്നേഹനാഥാ, വൃദ്ധജനങ്ങൾക്ക് ആശ്രയവും രോഗി കൾക്ക് സൗഖ്യവും ദുഃഖിതർക്ക് ആശ്വാസവും ദരിദ്രർക്ക് സർവ്വസ്വവും അനാഥർക്ക് ആലംബവും അങ്ങു തന്നെ യാകണമെ. നിന്നെ പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണമെന്ന് ഉപദേശിച്ച ദിവ്യനാഥാ ഞങ്ങളുടെ അയൽക്കാരെ പ്രത്യേകമായി കടാക്ഷിക്കണമെ. ഞങ്ങ

ളുടെ സഭാധികാരികളെയും രാഷ്ട്രതലവന്മാരെയും പരിരക്ഷിക്കണമെ. പിതാവായ ദൈവമെ ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും ജോലികളെയും വസ്തുവകകളെയും ഞങ്ങൾക്കുള്ള തെല്ലാം അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അങ്ങ് ആശീർവദിച്ച് അനുഗ്രഹിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ ആമേൻ.

## ദമ്പതികളുടെ പ്രാർത്ഥന

സ്നേഹപിതാവായ ദൈവമെ ഞങ്ങളുടെ ദാമ്പത്യ ജീവിതത്തെയും അതുവഴി ഞങ്ങൾക്ക് ദാനമായി ലഭിച്ച മക്കളെയും ഓർത്ത് ഞങ്ങൾ അങ്ങേയ്ക്ക് നന്ദിപറയുന്നു. ലോകാരംഭത്തിന് മുമ്പ് തന്നെ എല്ലാം സജ്ജമാക്കിയ ദൈവമേ അങ്ങേ ഞങ്ങൾ പൂർണ്ണഹൃദയത്തോടെ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേയ്ക്ക് നന്ദി പറയുകയും ചെയ്യുന്നു. ഞങ്ങളുടെ അനുദിന ജീവിതത്തെ അങ്ങ് പരസ്പരധാരണയിലും വിശ്വാസത്തിലും വിട്ടുവീഴ്ചയിലും സമാധാനവും സന്തോഷവുമുള്ള ഒരു കുടുംബജീവിതം നയിക്കുവാൻ വേണ്ട കൃപാവരം അങ്ങയുടെ പരിശുദ്ധാത്മാവിലൂടെ ഞങ്ങൾക്ക് നൽകേണമെ. ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളിലും ബുദ്ധിമുട്ടുകളിലും അനർത്ഥങ്ങളിലും അങ്ങയുടെ തിരുമനസ്സ് നിറവേറ്റാൻ ഞങ്ങളെ ശക്തിപ്പെടുത്തേണമെ. ഒരു ശക്തിക്കും ഞങ്ങളെ അങ്ങിൽ നിന്നും അകറ്റി നിർത്തുവാൻ കഴിയാതിരിക്കട്ടെ. ഞങ്ങളുടെയും ഞങ്ങളുടെ മക്കളുടെയും ആത്മശരീരങ്ങളെ അങ്ങേ തൃപ്പാദത്തിങ്കൽ ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങു ഞങ്ങളെ കൈക്കൊള്ളേണമെ. ഞങ്ങളുടെ ജീവിതത്തിൽ വന്നു പോയിട്ടുള്ള എല്ലാ തെറ്റുകളും ഞങ്ങളോട് പൊറുക്കേണമെ. അങ്ങ് ഞങ്ങളെ ഏല്പിച്ച് മക്കളെ അംഗീകരിക്കാനും സ്നേഹിക്കാനും ഞങ്ങൾക്ക് അവരോടുള്ള കടമകൾ നിറവേറ്റാനും ഞങ്ങൾക്ക് കഴിവ് തരേണമെ. അങ്ങയുടെ പരിശുദ്ധാത്മാവിനെ നൽകി അവരെ വിശുദ്ധിയിലും വിജ്ഞാനത്തിലും വളരാൻ ഇടയാക്കണമെ. അബദ്ധ

ങ്ങളും പോരായ്മകളും മനസ്സിലാക്കി അവരെ നന്മയുടെ വഴി നടത്തണമെ. ജീവിതത്തിന്റെ ഓരോ നിമിഷവും യേശുവെ അവിടുന്ന് അവർക്ക് കൂട്ടായിരിക്കേണമെ. ലോകത്തിലുള്ള എല്ലാ മക്കളെയും ഇവരോടൊപ്പം സമർപ്പിക്കുന്നു. എല്ലാവരെയും അങ്ങ് കാത്തു പാലിക്കണമെ. യേശുവെ ഞങ്ങളുടെ ജീവിതാന്ത്യം വരെയും വിശ്വാസത്തിൽ ഉറച്ചു നിന്നു കൊണ്ട് അങ്ങയുടെ സ്നേഹം മറ്റുള്ളവർക്ക് പങ്കുവെയ്ക്കാനും നിത്യ സൗഭാഗ്യം അനുഭവിക്കാനും ഞങ്ങൾക്ക് ഇടയാക്കണമെ ആമേൻ.

## വിധവകളുടെ പ്രാർത്ഥന

കാരുണ്യവാനായ ദൈവമെ! വർഷങ്ങൾക്കുമുമ്പ് ദേവാലയത്തിൽ വച്ച് നീ എനിക്ക് നൽകിയ എന്റെ ജീവിത പങ്കാളിയെ സന്തോഷത്തോടെ ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. എന്റെ ജീവിത പങ്കാളിയിലൂടെ എനിക്ക് ലഭിച്ച എല്ലാ സന്തോഷത്തിനും ദുഃഖത്തിനും ഞാൻ നന്ദി പറയുന്നു. വേർപാടിന്റെ ദുഃഖം താങ്ങാൻ കഴിവില്ലാതെ കുഴയുന്ന എന്റെ മേൽ കരുണയായിരിക്കേണമെ. ഏകാന്തതയുടെ വേദനകളിൽ നിന്റെ ദിവ്യസാന്നിദ്ധ്യം എനിക്ക് ശക്തി പകരട്ടെ.

കർത്താവായ യേശുവെ അങ്ങയെ എന്റെ നാഥനും രക്ഷകനുമായി ഞാൻ സ്വീകരിക്കുന്നു. എന്റെ കുടുംബത്തിന്റെ തലവനും ഉടമസ്ഥനും അവിടുന്നാണെന്ന് ഏറ്റു പറയുന്നു. എന്നെ സകല സ്വാർത്ഥ മോഹങ്ങളിൽ നിന്നും ആകുലതയിൽ നിന്നും മോചിപ്പിക്കേണമെ. അങ്ങേ അരൂപിയുടെ നിയന്ത്രണത്തിനായി എന്നെ പൂർണ്ണമായി ഏല്പിക്കുന്നു. എന്നും എപ്പോഴും അങ്ങയെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും വരമരുളേണമെ. ആമേൻ. ഹല്ലേലുയാ

## മക്കളില്ലാത്തവർക്ക് വേണ്ടിയുള്ള പ്രാർത്ഥന.

ഞങ്ങളെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവമെ

അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ആരാധിക്കുന്നു. അങ്ങയുടെ അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നു. വൃദ്ധനായ അബ്രഹാമിന് ഇസഹാക്കിനെയും ഹന്നായുടെ കണ്ണുനീരിൽ അലിവ് തോന്നി സാമുവലിനെയും വന്ധ്യയായ എലിസബത്തിന് യോഹന്നാനെയും നല്കി അവരുടെ ദാമ്പത്യജീവിതത്തെ അനുഗ്രഹിച്ച കർത്താവെ വിവാഹിതരായ ഞങ്ങൾ ഒരു കുഞ്ഞിനെ കിട്ടാതെ വേദനിക്കുന്നു. കർത്താവായ യേശുവെ എന്റെ ഉദരത്തെ ഫലപൂർണ്ണമാക്കണമെ. ഗർഭധാരണത്തിന് തടസ്സമായി രിക്കുന്ന എല്ലാ കുറവുകളെയും പരിഹരിച്ച് നിങ്ങൾ വർദ്ധിച്ച് പെരുകുവിൻ എന്ന് ആദത്തോട് പറഞ്ഞ അനുഗ്രഹവചനം എന്റെ മേലും പൊഴിക്കണമെ. അങ്ങനെ സന്താനലബ്ധിയിൽ സന്തോഷിച്ചുകൊണ്ട് അങ്ങയെ സ്തുതിക്കുവാൻ കൃപചെയ്യണമെ ആമേൻ.

## ജീവിതാന്തസ്സും ജോലിയും തിരഞ്ഞെടുക്കുന്നതിനുള്ള പ്രാർത്ഥന

ഈശോയെ, നീ എനിക്ക് തന്ന വിലപ്പെട്ട ജീവിതത്തെ നിന്റെ തിരുമുമ്പിൽ സമർപ്പിക്കുന്നു. ഞാൻ ചെയ്യേണ്ട ജോലിയും തിരഞ്ഞെടുക്കേണ്ട ജീവിതാന്തസ്സും എനിക്ക് വെളിപ്പെടുത്തി തരേണമെ. നീ നൽകുന്ന ജീവിതാന്തസ്സ് മാനുഷിക പരിഗണനകൂടാതെ സ്വീകരിക്കുവാൻ എന്നെ ശക്തിപ്പെടുത്തേണമെ. വിവാഹജീവിതമെങ്കിൽ നീ എനിക്കായി ഒരുക്കിയിരിക്കുന്ന ജീവിതപങ്കാളിയെ വേണ്ട വിധത്തിൽ ഒരുക്കി തക്കസമയത്ത് തരേണമെ. ദൈവമെ നിന്റെ ഹിതം ആരാഞ്ഞറിഞ്ഞ് നന്മയായിട്ടുള്ളതും സ്വീകാര്യമായിട്ടുള്ളതും ഏതാണെന്ന് വിവേചിച്ചറിഞ്ഞ് അതിനെ സ്വീകരിക്കുവാനുള്ള കൃപാവരം എനിക്ക് നൽകണമെ. കന്യകകളുടെ രാജ്ഞിയായ പരി. മറിയമേ വിശുദ്ധ യൗസേപ്പേ എനിക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കണമെ. ആമേൻ

## ജോലിക്കുവേണ്ടിയുള്ള പ്രാർത്ഥന

നിന്റെ തിരുനെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുവാൻ കല്പിച്ച കർത്താവേ ഒരു ജോലിക്കുവേണ്ടി അലയുന്ന എന്നെ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. തൊഴിലില്ലായ്മ മൂലം കഷ്ടപ്പെടുന്ന എന്റെ കുടുംബത്തെ അങ്ങേ പാദത്തിൽ സമർപ്പിച്ചുകൊണ്ട് അങ്ങയെ സ്തുതിക്കുന്നു. അങ്ങയെ മഹത്വപ്പെടുത്തുന്നു. നസ്രസ്സിലെ തച്ചന്റെ ജോലി ചെയ്ത് ജീവിച്ച യേശുവേ അങ്ങ് കാണിച്ചു തരുന്ന ഏതു ജോലിയും ചെയ്യുന്നതിനുള്ള ശക്തിയും വിനയവും എനിക്കു നൽകേണമെ. അദ്ധ്വാനിക്കാത്തവർ ഭക്ഷിക്കാതിരിക്കട്ടെ എന്നുള്ള തിരുവചനം ഓർത്തുകൊണ്ട് അലസതയും ഭീരുത്വവും ദുരഭിമാനവും വെടിഞ്ഞ് നല്ല ഉന്മേഷത്തോടുകൂടി ജോലിചെയ്യുവാനുള്ള കഴിവും തരേണമെ. അങ്ങനെ എന്റെ ജീവിതം ഐശ്വര്യപൂർണ്ണമാക്കാൻ കൃപചെയ്യേണമെ. ആമേൻ.

## വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

നിത്യപുരോഹിതനായ ഈശോ. അങ്ങേ ദാസന്മാരായ വൈദികർക്ക് യാതൊരു ആപത്തും വരാതെ അങ്ങേ തിരുഹൃദയത്തിൽ അഭയം നൽകണമെ. അങ്ങേ പരിശുദ്ധമായ ശരീരത്തെ ദിവസം തോറും എടുക്കുന്ന അവരുടെ പൂശപ്പെട്ട കരങ്ങളെ മലിനമാക്കാതെ കാക്കണമെ. അങ്ങേ വിലയേറിയ തിരുരരക്തത്താൽ നനയുന്ന അവരുടെ നാവുകളെ നിർമ്മലമായി കാത്തു കൊള്ളണമെ. ശ്രേഷ്ഠമായ അങ്ങേ പൗരോഹിത്യത്തിന്റെ മഹനീയ മുദ്ര പതിച്ചിരിക്കുന്ന അവരുടെ ഹൃദയങ്ങളെ ലോകവസ്തുക്കളിൽ നിന്ന് അകറ്റുകയും വിശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമെ. അങ്ങേ ദിവ്യസ്നേഹം അവരെ ലോകതന്ത്രങ്ങളിൽ നിന്ന് സംരക്ഷിക്കട്ടെ. അവരുടെ പ്രയത്നങ്ങൾ ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ ഇഹത്തിൽ അവരുടെ ആനന്ദവും പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിത്തീരട്ടെ. ആമ്മേൻ.

## മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹനിധിയായ ദൈവമേ, അങ്ങയുടെ പാദങ്ങളിൽ ഞങ്ങൾ നമസ്കരിക്കുന്നു. അങ്ങ് ഞങ്ങൾക്ക് നൽകിയിട്ടുള്ള എല്ലാ നന്മകൾക്കും ഞങ്ങൾ നന്ദി പറയുന്നു. മനോഹരമായ ഈ ലോകം മുഴുവൻ നിറഞ്ഞു നിൽക്കുന്നു അങ്ങ് ഞങ്ങളുടെ ഹൃദയത്തിലും വസിക്കുന്നു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ദിവ്യനാഥാ, ജീവിതലക്ഷ്യം മനസ്സിലാക്കാതെ ലോകസുഖങ്ങളിൽ മുഴുകി മൂല്യബോധം നഷ്ടപ്പെടുത്തുന്ന സഹോദരങ്ങൾക്ക് ജീവിതത്തിന്റെ ലക്ഷ്യം മനസ്സിലാക്കി കൊടുക്കേണമെ. രോഗങ്ങളും ദാരിദ്ര്യവും മൂലം കഷ്ടപ്പെടുന്നവർക്ക് ആശ്വാസവും സന്തോഷവും നൽകണമെ. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെ അതിൽ നിന്ന് മോചിപ്പിക്കേണമെ. സഹോദരങ്ങളുടെ വേദന സ്വന്തമായി കാണാനും ശത്രുക്കളെ സ്നേഹിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണേ. കുടുംബാംഗങ്ങൾ എല്ലാവരും പരസ്പരം സ്നേഹിച്ചും ആദരിച്ചും ഭവനങ്ങളെ സ്വർഗ്ഗതുല്യമാക്കണമേ. എല്ലാവിധ തിന്മകളും ഭൂമിയിൽ നിന്നും തുടച്ച് മാറ്റി സമാധാനത്തിന്റെയും സന്തോഷത്തിന്റെയും വിളഭൂമിയാക്കണെ. അങ്ങേയ്ക്കായി സമർപ്പിതരായവരെ വിശുദ്ധിയിൽ കാത്തു സൂക്ഷിക്കണമെ. ഭരണാധികാരികളെയും പൊതുപ്രവർത്തകരെയും ആദർശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നവരാക്കണമെ. ജാതിമത വ്യത്യാസമില്ലാതെ എല്ലാവരെയും ഒരു പിതാവിന്റെ മക്കളെപ്പോലെ കാണാനും കൂട്ടായ്മയിൽ ജീവിക്കുവാനും ഇടവരുത്തേണമെ.

## നവീകരണത്തിൽ നിലനിൽക്കാൻ

1. വ്യക്തിപരമായ പ്രാർത്ഥന മുടങ്ങാതെ നടത്തുക (ദിവസവും കുറഞ്ഞത് ഒരു മണിക്കൂർ)

2. ലോകം മുഴുവനും വേണ്ടി സമയം കിട്ടുമ്പോഴെല്ലാം മധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കുക
3. കൂദാശകളുടെ (കുമ്പസാരം, പരി. കുർബാന) അടുത്തടുത്തുള്ള സ്വീകരണം ഇതിൽ വീഴ്ച വരുത്താതിരിക്കുക.
4. യേശു ഏക രക്ഷകൻ എന്ന സന്ദേശം വാക്കിലും പ്രവർത്തിയിലും പ്രചരിപ്പിക്കണം.
5. കുടുംബത്തിലും കൂട്ടായ്മയിലുമുള്ള പ്രാർത്ഥന മുടക്കാതിരിക്കുക.
6. മാതാവിനോടും വിശുദ്ധരോടുമുള്ള ഭക്തി (ജപമാല)
7. മനസ്സിൽ വിദ്വേഷം ഒരിക്കലും വച്ച് പുലർത്തരുത് നമ്മെ ഉപദ്രവിച്ചവർക്കുവേണ്ടിയും എപ്പോഴും ക്ഷമിച്ച് സ്നേഹിച്ച് പ്രാർത്ഥിക്കുക കരുണയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുക.
8. ആഴ്ചയിൽ ഒരിക്കൽ ഉപവസിച്ച് പ്രാർത്ഥിക്കുക
9. പരിശുദ്ധാത്മാവ് നിറയാനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.
10. യേശുനാമം ഇടവിടാതെ ഉച്ചരിക്കുക.
11. ദശാംശം കൊടുക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുക, ദാനധർമ്മം ചെയ്യുക.
12. എല്ലാം ദൈവത്തിന്റെ ദാനമാകയാൽ അഹങ്കാരം വെടിഞ്ഞ് എളിമയിൽ വ്യാപരിക്കുക.
13. നിരന്തരമായ ആന്തരികസൗഖ്യവും അനുതാപവും നേടുക.
14. ദിവസവും അരമണിക്കൂറെങ്കിലും ബൈബിൾ വായിക്കുകയും വചനം പഠിക്കുകയും അവയെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുക.
15. വരദാനങ്ങൾക്കായുള്ള യാചന പ്രാർത്ഥന നിരന്തരം നടത്തുക.
16. ധ്യാനാരൂപി നഷ്ടപ്പെടാതിരിക്കാൻ ഇടയ്ക്കിടക്ക് നവീകരണ ധ്യാനത്തിൽ പങ്കെടുക്കുക.

## സ്പിരിറ്റ് ഓഫ് ഗോഡ് റിട്രീറ്റ് ടീം
## ഒരുക്കുന്ന

# "തപസ്സ്"



## താപസർ

ഭാരതീയ ഋഷിവര്യന്മാരും പഴയനിയമത്തിലെ ഏതാനും പ്രവാചകരും താപസരായിരുന്നു. കത്തോലിക്കാ സഭയുടെ വളർച്ചാ കാലങ്ങളിൽ അനേകം സന്യാസികൾ ഏകാന്തവാസങ്ങൾക്കായി തങ്ങളെത്തന്നെ മാറ്റി നിർത്തിയിട്ടുണ്ട്. ഭോഗാസക്തികൾക്കെതിരെ പ്രതികരിക്കുന്ന അവർ പരിശുദ്ധാത്മാകൃപാവരങ്ങൾ ഉള്ളവരായിരുന്നു. തങ്ങളുടെ വാക്കു മാത്രമല്ല ജീവിതമാതൃകയും ജനത്തിനു മുന്നിൽ അവർ നല്കുന്നു. അനുഷ്ഠിക്കുന്നവനേ പ്രേരക ശക്തിയുള്ള വാക്ക് ഉപയോഗിക്കാൻ കഴിയൂ.

"എന്റെ വചനം അഗ്നിപോലെയും പാറയെ തകർക്കുന്ന കൂടം പോലെയുമല്ലേ? കർത്താവ് ചോദിക്കുന്നു" ജറ. 23:29

സോപാനത്തിലെ യോഹന്നാൻ, വിശുദ്ധ സൈമൺ, മഹാനായ സെയിന്റ് മക്കേറിയസ്, അബ്ബാഇസയ്യാ, ലത്രോസിലെ പൗലോസ് തുടങ്ങി ഒട്ടേറെ താപസന്മാരായ ക്രിസ്തു സന്യാസിമാരെ 'അദ്ധ്യാത്മപ്രേമം' പരിചയപ്പെടുത്തുന്നുണ്ട്. വിശുദ്ധ സൈമന്റെ പ്രബോധനത്തിൽ നിന്ന് - "ജീവിതസുഖങ്ങളുടെ അവഗണന മാത്രമല്ല ക്രിസ്തുവിൽ വിശ്വാസമെന്നാൽ; പിന്നെയോ, സകലവിധ പ്രലോഭനങ്ങളും പരീക്ഷണങ്ങളും ആധി, വ്യാധി, അനിഷ്ടാനുഭവങ്ങൾ - അവ എന്തു തന്നെയായാലും അടക്കത്തോടും ഒതുക്കത്തോടും അവയെ കർത്താവിന്റെ കനിവ് നമ്മിലേക്ക് ഒഴുകും വരെ - താങ്ങാനും തടുക്കാനും ആത്മാവിനുള്ള കഴിവ് കൂടിയാകുന്നു." (അദ്ധ്യാത്മപ്രേമം)

## ആസക്തികൾക്കെതിരെ

എശയ്യ. 5:11-15

"ലഹരി പാനീയങ്ങളുടെ പിന്നാലെ ഓടാൻ വേണ്ടി അതിരാവിലെ ഉണരുകയും വീഞ്ഞ് കുടിച്ച് മദിക്കാൻ വേണ്ടി ഉറങ്ങാതിരിക്കുന്നവർക്ക് ദുരിതം. അവരുടെ ഉത്സവങ്ങളിൽ വീണയും കിന്നരവും തപ്പും കുഴലും വീര്യമേറിയ വീഞ്ഞുമുണ്ട്. എന്നാൽ അവർ കർത്താവിന്റെ പ്രവർത്തികളെക്കുറിച്ച് ചിന്തിക്കുകയോ അവിടുത്തെ

കരവേലകളെ നോക്കുകയോ ചെയ്യുന്നില്ല... അതിനാൽ, പാതാളത്തിന്റെ ആർത്തി വർദ്ധിച്ചിരിക്കുന്നു. സീമാതീതമായി അത് വാ പിളർന്നിരിക്കുന്നു. ജറുസലേമിലെ കുലീനരും സാധാരണക്കാരും അവിടുത്തെ വലിയ ആൾക്കൂട്ടവും അവളിൽ അഭിമാനം കൊള്ളുന്നവരും അതിൽ നിപതിക്കും"

എഫേസോസ് 4:17-24

"നിങ്ങൾ ഇനിയൊരിക്കലും വ്യർത്ഥ ചിന്തയിൽ കഴിയുന്ന വിജാതീയരെപ്പോലെ ജീവിക്കരുത്. ഹൃദയകാഠിന്യം നിമിത്തം അജ്ഞത ബാധിച്ച അവർ ബുദ്ധിയിൽ അന്ധകാരം നിറഞ്ഞ് ദൈവത്തിന്റെ ജീവനിൽ നിന്ന് അകറ്റപ്പെട്ടിരിക്കുന്നു. അവർ മനസ്സു മരവിച്ച് ഭോഗാസക്തിക്ക് തങ്ങളെത്തന്നെ സമർപ്പിച്ചു; എല്ലാത്തരം അശുദ്ധികളിലും ആവേശത്തോടെ മുഴുകി. ....നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്ന് രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതമമായ പഴയ മനുഷ്യനെ ദൂരെയറിയുവിൻ .......... ദൈവത്തിന്റെ സാദൃശ്യത്താൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവിൻ".

## ആത്മനാലുള്ള നടത്തിപ്പ്

"യേശുപറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധ്യമല്ല. എന്നാൽ, പിതാവു ചെയ്യുന്നതെല്ലാം അപ്രകാരം തന്നെ പത്രനും ചെയ്യുന്നു." (യോഹ. 5:19) വചനം മാംസമായ മിശിഹാ തന്റെ സ്ഥൂലശരീരത്തിന്റെ പഞ്ചേന്ദ്രിയങ്ങളും മനസ്സും ദൈവാത്മാവിന് വിധേയപ്പെടുത്തിയ വചനമാണ് നാം മുകളിൽ വായിച്ചത്.

"എന്നാൽ, ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നെങ്കിൽ നിങ്ങൾ ജീവിക്കും. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്. നിങ്ങളെ വീണ്ടും ഭയത്തിലേക്ക് നയിക്കുന്ന അടിമത്വത്തിന്റെ ആത്മാവിനെയല്ല മറിച്ച്, പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവുമൂലമാണ്,

ദൈവത്തെ നാം ആബാ- പിതാവേ എന്നു വിളിക്കുന്നത്." റോമ. 8:13-15. ഈ വചനങ്ങൾ സാർത്ഥകമാക്കുന്ന ഒരു പ്രതീകം മഹാഭാരതത്തിലുണ്ട്.

ശരീരമാകുന്ന രഥത്തെ ഉപയോഗിക്കുന്നത് ആത്മനാകുന്ന യാത്രക്കാരനാണ്. ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ, ബുദ്ധിയാകുന്ന തേരാളി കടിഞ്ഞാണിട്ട് നിയന്ത്രിക്കുന്നു. തനിക്ക് ഏല്പിക്കപ്പെട്ട ദൗത്യം ആത്മൻ അറിഞ്ഞ് ബുദ്ധിക്ക് പകരുന്നു. (മനസ്സും ശരീരവും ആത്മനാൽ നയിക്കപ്പെടുന്ന അവസ്ഥ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുക)

## യോഗം

മനോവൃത്തികളെ അടക്കി ആത്മനാൽ (പുരുഷൻ) നയിക്കപ്പെടുന്ന ശരീരവും മനസ്സും രൂപപ്പെടുത്തുവാൻ യോഗശ്ശാസ്ത്രം സഹായിക്കുന്നു. ആത്മജ്ഞാനത്താൽ തെളിയിക്കപ്പെട്ട ബുദ്ധിയും പ്രവർത്തനശക്തിയും, നിറഞ്ഞ സാത്വികതയും, സുഖദുഃഖങ്ങളിൽ പോലും സമത്വമനോഭാവവും കൈവരുത്തുന്നതാണ് ധ്യാനവും യോഗതത്വങ്ങളും.

പരമാത്മസാക്ഷാത്ക്കാരം കൊണ്ട് ജന്മവാസനകൾ പോലും നിർവീര്യമാകും എന്ന് ഗീത പറയുന്നു. വ്യക്തിയുടെ പൂർവ്വാവസ്ഥ ദൈവമുഖഛായയാണെന്നും ധ്യാനമനനങ്ങൾ കൊണ്ട് അത് സിദ്ധിക്കുമെന്നും ആചാര്യന്മാർ സിദ്ധാന്തിക്കുന്നു.

വചനത്തെ പ്രതീകവത്കരിക്കുന്ന അക്ഷരമാണ് ഓം. പ്രണവമന്ത്രം എന്നും അത് പറയപ്പെടുന്നു. യഥാർത്ഥ ഗുരുവചനമാണെന്ന് പറയുന്നു.

ഗുരുക്കന്മാരുടെ ആദിഗുരുവായ ഈശ്വര ശക്തി - പ്രകാശത്തിൽ ആയിരി ക്കുന്നത് പ്രകാശം ആർക്ക് ഉടമപ്പെട്ടിരിക്കുന്നുവോ അത് വചനമാണെന്ന് യോഗവും പ്രഘോഷിക്കുന്നു.

## തപസ്സ്

*"തപസ്വാധ്യായേശ്വര പ്രണിധാനാനി ക്രിയായോഗഃ"*

മനോതലത്തെ ജഡത്തിന്റെ സ്വാധീനത്തിൽ നിന്നകറ്റി ആത്മന് ഏല്പിച്ചു കൊടുക്കുന്ന പ്രക്രിയയിൽ ചില പ്രായോഗികാഭ്യാസങ്ങൾ ആവശ്യമാണ്. തപസ്സ്, സ്വാധ്യായം, ഈശ്വര പ്രണിധാനം എന്നീ മൂന്ന് കാര്യങ്ങൾ സാധകൻ ആദ്യം ശീലിക്കണമെന്ന് യോഗം പറയുന്നു.

"ഇന്ദ്രിയങ്ങളെ അമിതമായി വിഷയോപഭോഗത്തിന് വിടാതിരിക്കലാണ് തപസ്സ്"

കണ്ണ്, കാത്, നാക്ക് തുടങ്ങിയ പഞ്ചേന്ദ്രിയങ്ങൾക്ക് ഇഷ്ടകരങ്ങളായ വിഷയങ്ങളെ നിയന്ത്രിക്കലും കുറയ്ക്കലും തപസ്സാണെന്ന് പൊതുവെ പറയുന്നു. യോഗശ്ശാസ്ത്രത്തിൽ മൂന്ന് തലങ്ങളിലായി തപസ്സിനെ പറയുന്നു.

1. ശാരീരിക തപസ്സ്
2. വാങ്മയ തപസ്സ്
3. മാനസിക തപസ്സ്

കഠിനപീഢനങ്ങൾ ഉൾക്കൊള്ളുന്ന തപസ്സുകളൊന്നും ദൈവസായൂജ്യത്തിന് ആവശ്യമില്ലെന്നും മിതത്വമുള്ള മാർഗ്ഗമാണ് അവലംബിക്കേണ്ടതെന്നും യോഗ പറയുന്നു.

## ശാരീരിക തപസ്സ്

മാന്യരെ പൂജിക്കുക, ദേവാർച്ചനം, സ്നാനസന്ധ്യാവന്ദനാദികൾ, ബ്രഹ്മചര്യം, അഹിംസാചരണം, ഭക്ഷണക്രമീകരണം തുടങ്ങിയവ ശാരീരിക തപസ്സുകളായി പറയപ്പെടുന്നു.

1. "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിന് പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന".

റോമ. 12:1

2. "ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്ന് നിങ്ങൾ അറിയുന്നില്ലേ? ലോകത്തിന്റെ മിത്രമാകാകൻ ആഗ്രഹിക്കുന്നവൻ തന്നെതന്നെ ദൈവത്തിന്റെ ശത്രുവാക്കുന്നു". യാക്കോ. 4:4

3. "നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിന്മയെ ദ്വേഷിക്കുവിൻ; നന്മയെ മുറുകെ പിടിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടു

നില്ക്കുവിൻ. തീഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ." റോമ. 12:9, 10, 11

## വാങ്മയ തപസ്സ്

ആർക്കും ഉദ്വേഗം ഉളവാക്കാത്തവിധം സത്യവും പ്രിയവും ഹിതവുമായ വാക്കു മാത്രം ഉച്ചരിക്കുക, ജപം, സജ്ജനങ്ങളോടുള്ള സംഭാഷണം, ആകരുതാത്ത സംഭാഷണങ്ങളിൽ താല്പര്യമില്ലായ്മ എന്നിവ വാങ്മയ തപസ്സാണ്.

1. "നിങ്ങൾ ജീവന്റെ വചനത്തെ മുറുകെ പിടിക്കുവിൻ" ഫിലിപ്പി. 2:16.
2. "ഒരുവൻ വചനം ശ്രദ്ധിക്കുന്നു; എന്നാൽ ലൗകിക വ്യഗ്രതയും ധനത്തിന്റെ ആകർഷണവും വചനത്തെ ഞെരുക്കുകയും അതു ഫലശൂന്യമാവുകയും ചെയ്യുന്നു. ഇവനാണ് മുള്ളുകളുടെ ഇടയിൽ വീണ വിത്ത്" മത്താ. 13:22.
3. "അമർഷം, ക്രോധം, ദുഷ്ടത, ദൈവദൂഷണം, അശുദ്ധ ഭാഷണം തുടങ്ങിയ വർജ്ജിക്കുവിൻ" കൊളോസോസ് 3:8.
4. "നാമെല്ലാം പലവിധത്തിൽ തെറ്റു ചെയ്യുന്നു. സംസാരത്തിൽ തെറ്റുവരുത്താത്ത ഏവനും പൂർണ്ണനാണ്" യാക്കോബ്. 3:2.
5. "നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശു വഴി പിതാവായ ദൈവത്തിന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ." കൊളോ. 3:17.
6. "നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ടനിൽ നിന്ന് വരുന്നു". മത്താ. 5:37.

## മാനസികതപസ്സ്

മനഃപ്രസാദം, സൗമ്യത, മൗനം, ആത്മ നിയന്ത്രണം, ഭാവശുദ്ധി (നിർമ്മലചിന്ത) ഇവ മാനസിക തപസ്സാണ്.

1. "നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ" റോമാ. 12:2.

2. "ഒരിക്കൽ നിങ്ങൾ അന്ധകാരമായിരുന്നു. ഇന്നു നിങ്ങൾ കർത്താവിൽ പ്രകാശിക്കുന്നു. പ്രകാശത്തിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലുമാണ് പ്രത്യക്ഷപ്പെടുന്നത്". എഫേ. 5:8, 9.
3. "നാം പരസ്പരം പ്രകോപിപ്പിക്കുന്നവരും അസൂയപ്പെടുന്നവരും വ്യർത്ഥാഭിമാനികളും ആകാതിരിക്കട്ടെ." ഗലാ. 5:26
4. "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നു പോയി. ഇതാ, പുതിയതു വന്നു കഴിഞ്ഞു." 2 കൊറി. 5:17.
5. "നാം സ്വീകരിച്ചിരിക്കുന്നത് ലോകത്തിന്റെ ആത്മാവിനെയല്ല; പ്രത്യുത, ദൈവം നമുക്കായി വർഷിക്കുന്ന ദാനങ്ങൾ മനസ്സിലാക്കാൻ വേണ്ടി ദൈവത്തിന്റെ ആത്മാവിനെയാണ്." 1 കൊറി 2:12.
6. "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം". ലൂക്ക. 2:14.

## സ്വാധ്യായം

ഗുരുപദേശശ്രവണം, വേദാധ്യയനം, സതീർത്ഥ്യരുമായി സംശയനിവാരണാർത്ഥമുള്ള ആശയവിനിമയം, യുക്തിചിന്തകൊണ്ട് പഠിച്ചതിന് ഉറപ്പുവരുത്തുക, നിഷ്ഠവച്ചുള്ള മന്ത്രജപം ഇവയൊക്കെ സ്വാധ്യായമാണ്.

വേദാനുയ്യികൾക്ക് വിധിച്ചിട്ടുള്ള നിത്യകർമ്മങ്ങളിൽ മുഖ്യമായതാണ് സ്വാധ്യായം. ചിത്തസരസ്സിൽ സത്സംസ്കാരങ്ങൾ നിരന്തരം അലതള്ളിക്കൊണ്ടിരുന്നാൽ മനുഷ്യജീവിതം തനിക്കും സമൂഹത്തിനും അഭ്യുദയവും, ആഹ്ലാദവും, സംതൃപ്തിയും ഉണ്ടാക്കിക്കൊണ്ടിരിക്കും. അധമസംസ്കാരങ്ങളെ നിർവീര്യമാക്കുകയും സത്സംസ്കാരങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നത് സ്വാധ്യായാനുഷ്ഠാനത്തിലൂടെയാണ്.

ഓരോ വ്യക്തിയും ജീവിതത്തിലേക്ക് കടക്കുംമുമ്പ് രാവിലെയും, തൃപ്തനായി സുഖനിദ്രയിൽ പ്രവേശിക്കും മുമ്പ് വൈകീട്ടും വിട്ടുവീഴ്ചയില്ലാതെ സ്വാധ്യായം ചെയ്യണമെന്ന് ആചാര്യന്മാർ അനുശാസിക്കുന്നു.

ഈ ഭൂമി മുഴുവൻ ധനം നിറച്ച് ദാനം ചെയ്യുന്നതുകൊണ്ട് എത്രഫലം കിട്ടുമോ, അതിന്റെ മൂന്നിരട്ടിയില

ധികവും നശിക്കാത്ത തുമായ ഫലം നാൾതോറും സ്വാധ്യായം ചെയ്യുന്നവൻ നേടുന്നു. ഇതറിഞ്ഞവൻ സ്വാധ്യായം അനുഷ്ഠിക്കുന്നു.

അർത്ഥവും സാരവും മനസ്സിലാക്കി ഏകാഗ്ര മന സ്സോടെ വേണം സ്വാധ്യായം ചെയ്യേണ്ടത്. എങ്കിലത് തേജോമയമായ ജീവിതത്തിലേക്ക് നമ്മെ നയിക്കും.

## ഈശ്വരപ്രണിധാനം

സർവ്വസ്വവും ഈശ്വരനിൽ സമർപ്പിക്കൽ തന്നെ യാണ് ഈശ്വരപ്രണിധാനത്തിൽ മുഖ്യമായത്. ജപം, സ്തോത്രാലാപനം എന്നിവയും ഈശ്വരപ്രണിധാനത്തിൽ പ്പെടുന്നു. സ്മൃതിവിശുദ്ധിക്കായി ധ്യാന സമയങ്ങളിൽ ചിന്താവിചാരഭാവനകളെ ദൈവകൃപയിലേക്ക് സമർപ്പി ക്കാം. പാപചിന്തകൾ, ക്ഷമിക്കാത്ത അവസ്ഥ, കുറ്റ ബോധങ്ങൾ, ഉൽക്കണ്ഠകൾ തുടങ്ങിയവയും ദൈവ ത്തിൽ സമർപ്പിക്കേണ്ടതാണ്. നിരന്തര സമർപ്പണം വഴി ഓർമ്മകളും ചിന്താപ്രേരണകളും ഭാവനകളും ശുദ്ധമാ കുന്നു. പരിശുദ്ധാത്മ വെളിപ്പെടലുകൾ മനോതലങ്ങളിൽ ഉണ്ടാകുന്നത് തിരിച്ചറിയാൻ നമുക്ക് സാധിക്കും.

1. "ഇതാ ഞാൻ, കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ". ലൂക്ക. 1 :38
2. "എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ". ലൂക്ക.22:42
3. "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാ വിനെ ഞാൻ സമർപ്പിക്കുന്നു". ലൂക്ക.23:46.
4. "അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങി വന്നു. സ്വർഗ്ഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി. നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു". ലൂക്ക.3:21, 22.

## പുരാണേതിഹാസങ്ങൾ!!

പുരാണേതിഹാസങ്ങൾ ചരിത്രകഥകളല്ല. അവയിലെ പേരുകൾ പോലും സാർത്ഥകമാണ്. പുരാണങ്ങൾ അർത്ഥ വാദകഥകളാണ്. ഭാഗവതത്തിലെ ഈ പദ്യം നോക്കുക.

"കഥാ ഇമാസ്തേ കഥിതാ മഹീയസാം
വിതായ ലോകേഷ്ഠ യശഃ പരേയൂഷാം
വിജ്ഞാനവൈരാഗ്യ വിവക്ഷയാ വിഭോ
വചോ വിഭൂതിതർ ന തു പാരമാർത്ഥ്യം"

(ലോകത്തിൽ കീർത്തി പരത്തി മരിച്ചുപോയ മഹാന്മാരെപ്പറ്റി ഞാൻ പറഞ്ഞ ഈ കഥകൾ നിനക്കു വിജ്ഞാനവും വൈരാഗ്യവും വളർത്താൻ വേണ്ടിയാണ്. അതൊന്നും വാസ്തവമല്ല. വാഗാഢംബരം മാത്രം)

വേദത്തിൽ പറയുന്ന ദേവന്മാരും അസുരന്മാരും ഭിന്നവർഗ്ഗങ്ങളിൽപ്പെട്ട ശത്രുക്കളല്ല. 'ദേവ' ശബ്ദം 'ദിവ്' ധാതുവിൽ നിന്നു ജനിക്കുന്നു. പ്രകാശമായ ഉടലുള്ളവരാണ് ദേവന്മാർ. ഭൗതിക ശരീരമില്ലാത്ത അവർ സൂക്ഷ്മദേഹം മാത്രമുള്ളവരാണ്. അവർ സ്വഭാവേന അമരന്മാരും ജരയില്ലാത്തവരും കണ്ണടയ്ക്കാത്തവരും ആകുന്നത് സ്വാഭാവികമാണല്ലോ.

അസുക്കളിൽ (ഇന്ദ്രിയങ്ങളിൽ, വിഷയ ങ്ങളിൽ) രമിക്കുന്നവരാണ് അസുരന്മാർ. വിഷയാഭിനിവേശം മൂത്ത മനുഷ്യർ തന്നെ അസുരൻമാർ. ഈ വിധം അർത്ഥം അറിഞ്ഞു വേദം പഠിച്ചാൽ അതിൽ ചരിത്രാംശം ഒന്നുമില്ലെന്നും വ്യക്തമാകും.

## നിരന്തരജപം

"ഉൽപ്പത്തിയുടെ പുസ്തകത്തിൽ പറയുന്നത് കർത്താവ് ഏദനിൽ നടക്കാ തിരുന്ന സമയത്താണ് സർപ്പം ഹവ്വായെ പരീക്ഷിച്ചതെന്നാണ്. ദൈവം ഏദേനിൽ ഉണ്ടായിരുന്നെങ്കിൽ സാത്താൻ അവിടെയെത്തുമായിരുന്നില്ല. ഹവ്വാ ദൈവത്തെ വിളിച്ചപേക്ഷിച്ചിരുന്നെങ്കിൽ സാത്താൻ ഓടിപ്പോകുമായിരുന്നു. എപ്പോഴും ഇക്കാര്യം ഓർത്തു കൊള്ളണം. കർത്താവിനെ ആത്മാർത്ഥതയോടെ വിളിക്കണം. ആ നാമം രക്ഷയാണ്. നിങ്ങളിൽ അനേകം പേർ ശുദ്ധീകരിക്കപ്പെടുന്നതിന് നദിയിൽ ഇറങ്ങാൻ ആഗ്രഹിക്കുന്നുണ്ട്. നിങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്ക. അതിനായി സ്നേഹത്തോടു കൂടെ ദൈവം എന്ന വാക്ക് ഹൃദയത്തിൽ നിരന്തരം എഴുതൂ. തെറ്റായ പ്രാർത്ഥനകൾ ഉപേക്ഷിക്കൂ പതിവുമാത്രമായ അഭ്യാസങ്ങൾ നിറുത്തൂ.

എന്നാൽ ദൈവം എന്ന നാമം നിങ്ങളുടെ ഹൃദയം കൊണ്ടും നിങ്ങളുടെ മുഴുവൻ വ്യക്തിത്വം കൊണ്ടും പറയുക. ഒറ്റപ്പെടാ തിരിക്കാൻ ആ നാമം ആവർത്തിച്ചു പറയുക, സഹായം ലഭിക്കുന്നതിനായി ആനാമം ആവർ ത്തിച്ചുകൊണ്ടിരിക്കുക.................. നിങ്ങളുടെ ഹൃദയമിടിപ്പു പോലെ ദിവസത്തിലെ എല്ലാ മിനിറ്റിലും, എല്ലാ പ്രവൃത്തി കളിലും, എല്ലാ ആവശ്യങ്ങളിലും പ്രലോഭനങ്ങളിലും ദുഃഖങ്ങളിലും പുത്രനിർവിശേഷ സ്നേഹത്തോടെ "എന്റെ ദൈവമേ വരൂ...." ദൈവമനുഷ്യന്റെ സ്നേഹഗീത-

## ഏതാനും നിർദ്ദേശങ്ങൾ

1. അന്യചിന്തകൾ മനസ്സിലേക്ക് കടത്തിവിടാതിരിക്കേണ്ട തിന് മൗനം പാലിക്കുന്നു.
2. സൽചിന്തയും യുക്തിബോധവും ഉണർത്തുവാൻ ചർച്ചകളിൽ സജീവമായി പങ്കെടുക്കുന്നു.
3. പ്രകൃതി നീരീക്ഷണവും ദൈവസ്മരണയും ഏകാന്തത കളെ ധന്യമാക്കട്ടെ.
4. ദൈവവചനം എഴുതിക്കൊണ്ടുള്ള അഭ്യാസം പാലി ക്കുന്നു.
5. രാഗാലാപസ്തുതിയും ഭക്തിഗാനാലാപനങ്ങളും ഓർമ്മകളെയും വികാരങ്ങളെയും ശുദ്ധമാക്കുന്നു.
6. ക്ലാസ്സുകൾ ശ്രദ്ധിക്കുന്നതിലൂടെ ബുദ്ധിക്ക് പ്രകാശവും ലക്ഷ്യോന്മുഖതയും സിദ്ധിക്കുന്നു.
7. മദ്ധ്യസ്ഥ പ്രാർത്ഥന ധ്യാനകൃപയ്ക്ക് കാരണമായി ഉപയോഗപ്പെടുത്തുന്നു.
8. മൗനധ്യാനം, ആന്തരിക ശുദ്ധീകരണത്തിനും വെളിപ്പെ ടുത്തലുകൾക്കും ഏകാഗ്രതക്കും ഉപകാരപ്പെടുന്നു.
9. ജപമാല, ക്രിസ്തുചരിതവും നിരന്തരജപവുമാണ് പങ്കെടുക്കുക.
10. വി. കുർബാന, കൃപസ്രോതസ്സും കൃപാതീർത്ഥവു മാണ്. പങ്കെടുക്കുക.

സർവ്വവും യേശുനാമത്തിന് (ഗാനം)

## ബന്ധനങ്ങൾ മാറുവാൻ

ജീവനുള്ള ദൈവത്തിന്റെ പുത്രനായ് യേശുക്രിസ്തുവിന്റെ ശക്തിയുള്ള നാമത്തിൽ, അവിടുത്തെ തിരുശരീരരക്തങ്ങളുടെ യോഗ്യതയാൽ എല്ലാ അന്ധകാരശക്തികളും പൈശാചിക ബന്ധനങ്ങളും ദുശീലങ്ങളും എന്നെ (നിന്നെ /ഞങ്ങളെ) വിട്ടുപോകട്ടെ. ഞാൻ (നീ/ഞങ്ങൾ) കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവനാണ് (വളാണ്) അന്ധകാരശക്തികൾക്ക് എന്റെ (ഞങ്ങളുടെ) മേൽ അധികാരമില്ല. ഞാൻ (ഞങ്ങൾ) യേശുക്രിസ്തുവിന്റേതാണ്. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ കല്പിക്കുന്നു, എന്നെയും (ഞങ്ങളെയും) കുടുംബാംഗങ്ങളെയും സഹപ്രവർത്തകരെയും ബാധിച്ചിരിക്കുന്ന രോഗത്തിന്റേയും തകർച്ചയുടെയും, ദുശ്ശീലത്തിന്റെയും ദുരാത്മാവേ പുറത്തുവരിക. യേശു ക്രിസ്തുവിന്റെ കുരിശിന്റെ കീഴെ ഈ ദുരാത്മാക്കൾ ബന്ധിക്കപ്പെടട്ടെ. ഒരിക്കലും തിരിച്ചു വരാനാകാത്ത വിധം നിർവീര്യമാക്കപ്പെടട്ടെ. തിരുരക്തത്താൽ കഴുകി എന്നേയും എനിക്കുള്ളവയേയും ശുദ്ധീകരിക്കണമെ. വിശുദ്ധ കുരിശിന്റെയും, പരിശുദ്ധ കന്യാമറിയത്തിന്റെയും, വിശുദ്ധ മിഖായേലിന്റെയും, സകല മാലാഖമാരുടെയും സകല വിശുദ്ധരുടെയും, മദ്ധ്യസ്ഥതയും, വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ അപേക്ഷകളും എനിക്ക് അഭയവും കോട്ടയുമായിരിക്കട്ടെ. വി. സെബസ്ത്യാനോസിന്റെയും വി. ഗീവർഗ്ഗീസിന്റെയും മദ്ധ്യസ്ഥതയും സകല അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും പ്രാർത്ഥനാ സഹായവും എന്നോടൊപ്പം ഉണ്ടായിരിക്കട്ടെ. യേശുവിന്റെ ശക്തിയിലുള്ള നാമത്തിൽ അസൂയയുടെയും, അഹങ്കാരത്തിന്റെയും, അലസതയുടെയും, ശത്രുതയുടെയും, വെറുപ്പിന്റെയും, കോപത്തിന്റെയും ആസക്തികളുടെയും എല്ലാ ബന്ധനങ്ങളും എന്നിൽ നിന്ന് അകന്നു പോകട്ടെ. കർത്താവായ യേശുക്രിസ്തു നിത്യ ജീവനിലേക്കും രക്ഷയുടെ പൂർണ്ണതയിലേക്കും എന്നെ നയിക്കുമാറാകട്ടെ.

(യേശുവേ സ്തോത്രം...... യേശുവെ നന്ദി....യേശുവെ ആരാധന....... തുടർന്ന് ഭാഷാ വരത്തിലോ, അല്ലാതെയോ, കുറച്ചുനേരം സ്തുതിക്കുക)

## ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ!

ഉദാരമായി ദാനം ചെയ്യുന്നവൻ സമ്പന്നനാകും.
സുഭാ. 11:25
Jose, Reena & Family. Karimaliekal House

ദാനധർമ്മം പാപത്തിന് പരിഹാരമാണ്. പ്രഭാ. 3:30
Sebastian, Sheeba & Family, Plaisery House

ഔദാര്യശീലന് സന്തോഷം ലഭിക്കും. പ്രഭ. 40:4
"Gloria Computers" Joffy John & Family.

അവിടുന്ന് കൈ തുറന്ന് കൊടുക്കുന്നു;
എല്ലാവരും സംതൃപ്തരാകുന്നു. സങ്കീ. 145:96
Sunny's Jewellery, Joy & Family.

ദാനശീലൻ തനിക്കു തന്നെ ഗുണം ചെയ്യുന്നു.
സുഭാ. 11:17
Lonappan V. D. & Family, Vadakkan House.

ദാനമായി നിങ്ങൾക്ക് കിട്ടി;
ദാനമായി തന്നെ കൊടുക്കുവിൻ. മത്താ. 10:8
George. P.I. & Family, Poruthur House

മനുഷ്യന്റെ ദാനധർമ്മത്തെ മുദ്രമോതിരത്തെ
എന്നപ്പോലെ കർത്താവ് വിലമതിക്കുന്നു. പ്രഭാ. 17:22
Mrs. Thressia Luvis & Family, Kollannur House.

## മദ്ധ്യസ്ഥപ്രാർത്ഥന

നിങ്ങളുടെ ആവശ്യങ്ങൾ ഫോൺ മുഖേനയോ, കത്തു മുഖേനയോ എഴുതി അറിയിക്കുക. നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങൾ ഒരുങ്ങിയിരിക്കുന്നു. നിരന്തരമായി പ്രാർത്ഥിക്കുന്ന സമൂഹം തന്നെയുണ്ട്.

**മദ്ധ്യസ്ഥപ്രാർത്ഥനക്ക് എന്ന് പറഞ്ഞ്**

Phone : 332017 - Rev : Sr. Sicy C.M.C.
373013 - Pro : Stephen Edassery
386475 - Pro : Joy Kanjirathingal

കത്തു മുഖേന ബന്ധപ്പെടുക :

1) "Spirit of God"
P. O. Box - 736
Trichur - 680 005

2) Rev : Sicy (C.M.C)
Christ Villa,
Ramavarmapuram
Trichur - 680 009

# "Spirit of God" Retreat Team

## Program

## ഗദ്സമൻ ധ്യാനഭവൻ

ശൂർ, രാമവർമ്മപുരം K.A.P. ക്യാമ്പിന് മുൻവശം
ക്രൈസ്റ്റ് വില്ല കോമ്പൗണ്ടിൽ)

### ിരുരക്താഭിഷേകധ്യാനം (6 ദിവസം)

എല്ലാ മാസത്തിന്റേയും 2-ാമത്തെ ഞായർ
4 മണിക്ക് തുടങ്ങി ശനിയാഴ്ച രാവിലെ
9 മണിക്ക് കഴിയുന്നു.

ഫീസ് 250/- രൂപ (മുൻകൂട്ടി 100 രൂപ കൊടുത്ത്
പേർ രജിസ്റ്റർ ചെയ്യുക)

### പരിശുദ്ധാത്മാഭിഷേകധ്യാനം (3 ദിവസം)

എല്ലാ മാസത്തിന്റേയും 4-ാമത്തെ ഞായർ
4 മണിക്ക് തുടങ്ങി ബുധനാഴ്ച
ഉച്ചക്ക് 2 മണിക്ക് കഴിയുന്നു.

ഫീസ് 150/- രൂപ (മുൻകൂട്ടി 50 രൂപ കൊടുത്ത്
പേർ രജിസ്റ്റർ ചെയ്യുക)

### വചനാഭിഷേകധ്യാനം (ഏകദിനം)

എല്ലാ ശനിയാഴ്ചയും രാവിലെ 10 മുതൽ 4 വരെ
(പ്രത്യേകമായി വചനശുശ്രൂഷ, കൗൺസിലിങ്ങ്,
കുമ്പസാരം, ആരാധന, രോഗശാന്തി പ്രാർത്ഥന
ഉണ്ടായിരിക്കുന്നതാണ്).

### മറ്റുധ്യാനങ്ങൾ

വിദ്യാലയങ്ങളിലും, ഇടവക തോറും
ധ്യാനം നടത്തി വരുന്നു.

1) ഏകദിനധ്യാനം, 2) 3 ദിവസത്തെ ധ്യാനം,
3) 5 ദിവസത്തെ ധ്യാനം 4)തിരഞ്ഞെടുക്കുന്ന ഗ്രൂപ്പു
കൾക്കുവേണ്ടിയുള്ള ധ്യാനം നടത്തിവരുന്നു.

NIRMAL PRINTERS, PARAPPUR. PH : 285879, 285712

Spirit of God ധ്യാന ടീമിന്റെ

# "തപസ്സ്"

മഡോണ ധ്യാനമന്ദിരം, കാച്ചേരി, തൃശ്ശൂർ - 5



St. Benedict



മറ്റു ധ്യാനങ്ങൾ

1. തിരുരക്താഭിഷേക ധ്യാനം
2. പരിശുദ്ധാത്മാഭിഷേക ധ്യാനം
3. വിശുദ്ധീകരണ ധ്യാനം

1. Rev. Fr. Joseph Anthikatt
2. Rev. Fr. Shajan Thermadom
3. Rev. Fr. Davis Kuttikatt, CMI
4. Raphel Master
5. Joy Kanjirathingal
6. Santhosh T.A.
7. Varghese Edassery
8. Jos C.P.
9. George Mathew
10. Stephen Edassery (Co-ordinator)
    P.O. Mannuthy, Thrissur - 680 651

**Spirit of God's New Cassettes**

1. ദൈവമേ ആർദ്രസ്നേഹമേ,
2. ദൈവമേ ആരാധന......

ഈ കാസറ്റുകളിലെ ഗാനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു



ദൈവത്തിന്റെ വചനം സജീവവും ഊർജ്ജ്വസ്വലവുമാണ്.
ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും
ആത്മാവിലും സന്ധിബന്ധങ്ങളിലും തുളച്ചു കയറി
ഹൃദയ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്.

ഹെബ്രായർ 4:12

(For Private Circulation only)
Printed & Published by Spirit of God Publications, P.O. Box 736, TCR-5




Indic Digital Archive Foundation
gpura.org